# വേലക്കാർ ചുരുക്കം



ഏ. ററി. മഞ്ഞക്കുന്നേൽ

LUMEN BOOKS, MISSION HOME
PALAI

# വേലക്കാർ ചുരുക്കം

(A Book for Fostering Vocations)

By

**A. T. MANJAKUNNEL**

ARAKULAM



Edited by

**A. K. Augustine**

FOR

**Lumen Books,**

St. Joseph's Mission Home, Palai;

Kerala State, 1957.

വില 1 രൂപാ 4 ണ.

**Nihil obstat.**

Censor deputatus
Fr. Kuriakose, Paraplakal

St. Thomas' College,
Palai.
24—10—'56.

**Imprimatur.**

† Sebastian Vayalil
Bishop of Palai.

Bishop's House,
Palai,
26-10-1956.

# വിഷയവിവരം


| | | പേജ്. |
|---|---|---|
| | പ്രാരംഭം. | 1 |
| 1. | പൗരോഹിത്യ മാഹാത്മ്യം. | 3 |
| 2. | സന്യാസജീവിതം. | 6 |
| 3. | അൽമായസന്യാസം. | 15 |
| 4. | വിവാഹജീവിതം. | 18 |
| 5. | യുവതികൾ ശ്രദ്ധിക്കുക. | 22 |
| 6. | യുവാക്കളും ശ്രദ്ധിക്കണം. | 28 |
| 7. | മാതാപിതാക്കളോട്. | 37 |
| 8. | അദ്ധ്യാപകരോട്. | 42 |
| 9. | വൈദികരോട്. | 44 |
| 10. | ദൈവവിളി. | 49 |
| 11. | വേലക്കാർ ചുരുക്കം. | 56 |
| 12. | വിവിധസന്യാസസഭകൾ. | 65 |
| 13. | ഇൻഡ്യയിലെ മിഷൻരംഗങ്ങളിൽ. | 145 |
| 14. | ആര് പോകാം? | 154 |

ഈ ഗ്രന്ഥരചനയ്ക്കു സഹായകമായ

## പ്രസിദ്ധീകരണങ്ങൾ

---

1) The Catholic Directory for India 1956.
2) The Congregation of the Rosarians 1956.
3) A call to Generous Souls 1956.
4) Jesuits in India 1955.
5) വയലിലേയ്ക്കു് 1956.
6) കേരളത്തിലെ കർമ്മേലാരാമം 1955.
7) സന്യാസജീവിതം.
8) റൊസേറിയൻ സഖ്യം 1956.
9) ഈശോസഭ 1955.
10) പ്രേഷിതകേരളം 1956.

# അവതാരിക

കത്തോലിക്കാ കേരളത്തിന്റെ പ്രേഷിതചേതനയെ തട്ടിയുണർത്തുന്നതിന് ഉതകുന്ന പല ഗ്രന്ഥങ്ങളും അടുത്ത കാലത്ത് പ്രസിദ്ധീകൃതങ്ങളായിട്ടുണ്ട്. അക്കൂട്ടത്തിൽ ഒട്ടും അപ്രധാനമല്ലാത്ത ഒന്നാണ് "വയലിലേയ്ക്കു". അതിന്റെ കർത്താവായ ശ്രീ എ. ററി. മഞ്ഞക്കന്നേൽ വേറൊരു തൂലികാസന്താനത്തെക്കൂടി സഹൃദയലോകത്തിന് സമർപ്പിക്കുകയാണ്. അതിനെ രംഗപ്രവേശം ചെയ്യിക്കുന്ന ആനന്ദകരമായ കൃത്യമാണ് എനിക്കു നിർവ്വഹിക്കാനുള്ളത്.

"കൊയ്ത്തു വളരെ, വേലക്കാർ ചുരുക്കം; അതുകൊണ്ടു തന്റെ കൊയ്ത്തിലേക്ക് വേലക്കാരെ അയയ്ക്കുവാൻ കൊയ്ത്തിന്റെ ഉടമസ്ഥനോട് നിങ്ങൾ പ്രാർത്ഥിക്കുവിൻ." (Luke X. 2.) ദൈവപുത്രനും ലോകഗുരുവും മനുഷ്യരക്ഷകനുമായ ക്രിസ്തുനാഥന്റെ ഈ തിരുവാക്യത്തിലെ രണ്ടു പദങ്ങളെ തലക്കെട്ടാക്കി രചിച്ചിട്ടുള്ളതാണ് ഈ ഗ്രന്ഥതല്ലജം. വിവിധ ജീവിതാന്തസ്സുകളെക്കുറിച്ചും പ്രേഷിതവൃത്തിയുടെ മാഹാത്മ്യത്തേയും വൈവിധ്യവിശേഷതകളേയും പററിയും സമ്യക്കായി പ്രതിപാദിക്കുന്നതിനു ഗ്രന്ഥകാരനു സാധിച്ചിട്ടുണ്ട്. ദൈവവിളിയുള്ള യുവതീയുവാക്കന്മാർക്കു ലക്ഷ്യപ്രാപ്തിക്കുള്ള വിവിധമാർഗ്ഗങ്ങളും പ്രവർത്തനമണ്ഡലങ്ങളും ചൂണ്ടിക്കാണിക്കുന്നതിനു ഗ്രന്ഥകാരൻ ചെയ്തിട്ടുള്ള ശ്രമം അനുവാചകർക്കു വളരെയധികം ഉപകാരപ്പെടാതിരിക്കുകയില്ല.

നമ്മുടെ മാതൃരാജ്യത്തിന്റെ ആദ്ധ്യാത്മികവും സാമ്പത്തികവുമായ മുക്തിക്കും അഭിവൃദ്ധിക്കും അവശ്യം ആവശ്യമായ നിത്യസത്യങ്ങളും ജീവിതപവിത്രീകരണമാർഗ്ഗങ്ങളും തെളിച്ചുകൊടുക്കുവാൻ "വേലക്കാർ" ധാരാളം വേണ്ടിയിരിക്കുന്നു. ഇന്നത്തെ സാഹചര്യങ്ങളിൽ കത്തോലിക്കകേരളം പ്രേഷിതചൈതന്യപ്രബുദ്ധയായേ കഴിയൂ. അവളുടെ സന്താനങ്ങൾ ശതക്കണക്കിന് "വയലിലേയ്ക്കു" ഇറങ്ങിയേ തീരൂ. പക്ഷേ എണ്ണത്തിലല്ല പുണ്യത്തിലാണ് വിജയം. നല്ല വേലക്കാർക്കുവേണ്ടി മാതൃ

ഭൂമി ദാഹിക്കുകയാണ്. നല്ല വേലക്കാരുടെ വിളഭൂമി നല്ല ക്രിസ്തീയകുടുംബങ്ങളത്രെ. ഉത്തമ മാതാപിതാക്കളുടെ ഉത്തമ സന്താനങ്ങളിൽനിന്നുവേണം ഉത്തമപ്രേഷിതരെ പ്രതീക്ഷിക്കുവാൻ. വേലക്കാരുടെ രൂപീകരണത്തിൽ മാതാപിതാക്കൾ, അദ്ധ്യാപകർ, വൈദികർ എന്നിവർ എപ്രകാരം സഹകരിക്കണമെന്ന്, ഗ്രന്ഥകാരൻ വിശദീകരിക്കുന്നുണ്ട്. അദ്ദേഹത്തിൻെറ നിർദ്ദേശങ്ങൾ നമ്മുടെ അവധാനപൂർവ്വമായ ശ്രദ്ധയെ അർഹിക്കുന്നവയാണ്.

"ദിവ്യങ്ങളിൽ ദിവ്യമായ ആത്മരക്ഷാവേല"യിൽ മനുഷ്യരെ ഉപകരണങ്ങളാക്കിയിരിക്കുകയാണ് ദൈവം. ക്രിസ്തുവാണ് ലോകദീപം. ക്രിസ്തീയതത്വങ്ങളുടെ ദീപയഷ്ടി ഓരോ മനുഷ്യൻെറയും വഴിത്താരയിൽ ഉയന്നു കത്തുവാൻ ഇടയാക്കുക—ഇതാണ് ക്രിസ്ത്യാനിയുടെ കടമ. ഈ മഹത്കൃത്യത്തിന് സ്വയം ഉഴിഞ്ഞുവയ്ക്കുന്നവരാണ് മിഷനറിമാർ. മിഷനറിജീവിതത്തിനുള്ള ദിവ്യാഹ്വാനത്തെ പരിപോഷിപ്പിക്കുന്നതിനും, ലൌകികവ്യാമോഹങ്ങളുടെ തുഷാരപാതമേററ് അതു നശിക്കാതിരിക്കുന്നതിനും, വലിയ മുൻകരുതലുകൾ ആവശ്യമുണ്ട്. അനേകം ദൈവവിളികളുടെ വളർച്ചക്കും, വദ്ധനവിനും ഈ ഗ്രന്ഥം സഹായിക്കുമെന്ന് സധൈര്യം പറയാവുന്നതാണ്.

ഗ്രന്ഥകാരനും ഗ്രന്ഥത്തിനും ഭാവുകങ്ങൾ നേന്നുകൊണ്ട് ഈ പുസ്തകം സജ്ജനസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

ഫാ. ജേക്കബ്, വെള്ളരിങ്ങാട്ട്
റെക്ടർ,
സെൻറ് ജോസഫ്സ് മിഷൻ ഹോം, പാലാ.

പാലാ,
2-2-1957.

# പ്രസ്താവന

യൗവ്വനാരംഭത്തിൽ പ്രത്യേകിച്ചും വിദ്യാഭ്യാസാനന്തരം ഓരോ മനുഷ്യന്റെയും പ്രധാന ചിന്താവിഷയമാകാറുണ്ട് "ഭാവിജീവിതരംഗം". സ്നേഹിതരും സഹപാഠികളും തമ്മിൽ കൂടിയാലോചനകളായി. സ്വസന്താനത്തിന്റെ ഭാവി പരിപാടിയറിയുവാൻ മാതാപിതാക്കളും മററും വെമ്പൽകൊള്ളുകയും. ജീവിതവഴിത്താരയിലൂടെ മുന്നോട്ടു ഗമിക്കുന്ന പലരും ചിന്തിക്കുകയാണ്, "ഞാനിനി എങ്ങോട്ട്". വഴിയറിയാതെ പലരും വിഷമിക്കുന്ന ഒരു ജീവിതഘട്ടം! സഹായത്തിനാരുമില്ല. പ്രസ്തുതാവസരത്തിൽ ഓരോ യുവതിയുവാക്കൾക്കും ഒരു മാർഗ്ഗദീപമായിട്ടാണ് ഈ കൊച്ചുഗ്രന്ഥം—ഇതിന്റെ വിവിധ വശങ്ങൾ സമലങ്കരിച്ച് ഞാൻ സമർപ്പിക്കുന്നത്.

പൗരോഹിത്യം, സന്യാസം, വിവാഹം, അൽമായ സന്യാസം എന്നീ നാലു ജീവിതമുറകളാണ് തിരുസ്സഭാംഗങ്ങൾക്കുള്ളത്. ഇവയിൽ ഏതാണ് തങ്ങളുടെ അഭിരുചിക്കും പ്രകൃതിക്കും സർവ്വോപരി ദൈവമഹത്വത്തിനും യോജിച്ചതെന്ന് ഓരോ യുവതീയുവാക്കളും ജീവിതാവസ്ഥാതിരഞ്ഞെടുപ്പു ഘട്ടത്തിൽ ചിന്തിക്കുക. മാതാപിതാക്കളും അദ്ധ്യാപകരും വൈദികരും ഇതിൽ സഹകരിക്കണം. അതിനു സഹായകമായ ഏതാനും നിർദ്ദേശങ്ങൾ യഥാസ്ഥാനങ്ങളിൽ ഈ ഗ്രന്ഥത്തിൽ ഞാൻ ഉൾപ്പെടുത്തി വിശദീകരിച്ചിട്ടുണ്ട്. വിവാഹജീവിതം സ്വീകരിക്കുന്നവരും ആ ജീവിതമുറയെപ്പററിയുമല്പം ചിന്തിക്കേണ്ടതാണ്.

ഭാരതത്തിലും സമീപരാജ്യങ്ങളിലുമുള്ള മിഷൻരംഗങ്ങളിലേക്കും സന്യാസിനീസന്യാസസഭകളിലേക്കും കേരളത്തിൽനിന്നും അനേകം യുവതിടന്യുകൾ ക്രിസ്തുവിന്റെ രക്ഷാകരദൗത്യവുമേന്തി ആവേശത്തോടെ പ്രേഷിതപ്രവർത്തനത്തിനായി മുന്നേറുന്നതും അണിനിരക്കേണ്ടതുമായ ഒരു കാലഘട്ടമാണല്ലോയിതു്. കുടുംബം, വിദ്യാലയം, ഇടവക ഇവയു

ടെ വിദഗ്ദ്ധവും സുദീർഘവുമായ സംരക്ഷണത്താൽ ധാരാളം ദൈവവിളികൾ മുളയെടുത്തു് ഫലമണിയേണ്ട സുവർണ്ണഘട്ടം തന്നെ. യഥാർത്ഥത്തിൽ പല രാജ്യങ്ങളിലും ദൈവവിളികൾ കുറഞ്ഞുവരുന്നതായിട്ടാണറിയുന്നതു്. എന്നാൽ ഇക്കാര്യത്തിലും നമ്മുടെ കേരളം അനുഗ്രഹീതമാണ്—അഭിനന്ദനാർഹയാണു്. പ്രതിവർഷം ഇന്നാട്ടിൽ രൂപമെടുക്കുന്ന ദൈവവിളികൾ അതു സ്പഷ്ടമാക്കുന്നുണ്ടല്ലോ. ഇനിയും ധാരാളമായി അവ മുളയെടുത്തു് തിരുസ്സഭാ മണ്ഡലങ്ങളിൽ തണൽവീശി വിരാജിക്കണം.

പുഷ്ടിപ്പെടേണ്ട പല ദൈവവിളികളും നാമ്പടങ്ങുന്നുണ്ട്. കാരണം...?...? സാഹചര്യങ്ങളുടെ സമ്മർദ്ദമായിരിക്കാം, അതേപ്പററിയുള്ള അജ്ഞതയായിരിക്കാം. വിവിധമിഷൻ വയലുകൾ, സന്യാസസഭകൾ, മിഷനറിമാരുടെ ആവശ്യം ഇവയെപ്പററിയുള്ള ജ്ഞാനം കേരളീയരിൽ പലക്കും പരിമിതമത്രെ. ചുരുക്കമായിട്ട് "വയലിലേയ്ക്കു" എന്ന ഗ്രന്ഥത്തിൽ ഞാൻ പ്രതിപാദിച്ചിട്ടുണ്ടെങ്കിലും അവശ്യമായവ ചിലതെല്ലാംകൂടി ഉൾപ്പെടുത്തി കേരളീയരെ ഗ്രഹിപ്പിക്കണമെന്നുള്ള ചില പ്രേഷിതമിത്രങ്ങളുടെ കൂടെക്കൂടെയുള്ള നിർബ്ബന്ധവും സാഹിത്യസുഹൃത്തുക്കളുടെ പ്രോത്സാഹനവുമാണ് വീണ്ടും ഇപ്രകാരമുള്ള ഈ ഗ്രന്ഥനിർമ്മിതിക്കു് എന്നെ പ്രേരിപ്പിച്ചതു്. കേരളത്തിൽ മലയാളഭാഷയിൽ ഇപ്രകാരമുള്ള ഒരു പുസ്തകത്തിൻെറ കുറവ് അല്പമെങ്കിലും പരിഹൃതമായിരിക്കുമെന്നു കരുതട്ടെ! എനിക്കിതിനു വിവിധ കഴിവുകൾ നൽകിയ അനുഗ്രഹദാതാവായ ഈശോയെ ഞാൻ അനവരതം സ്തുതിക്കുന്നു.

ഈ ഗ്രന്ഥനിർമ്മിതിയിൽ കേരളത്തിലും കേരളത്തിനു പുറത്തുമുള്ള പലരോടും ഞാൻ കടപ്പെട്ടിട്ടുണ്ട്. ഓരോരോ വിധത്തിൽ എൻെറ സാഹിത്യശ്രമങ്ങൾക്ക് പ്രോത്സാഹനം നൽകിയവരെ ഞാൻ കൃതജ്ഞതാപൂർവ്വം സ്മരിക്കുന്നു. ആശീർവ്വാദസന്ദേശത്താൽ എൻെറ സാഹിത്യപ്രേഷിതത്വത്തെ അനുഗ്രഹിച്ച റെയിഗർ—അംബികപ്പൂർ, തലശ്ശേരി എന്നീ അഭിവന്ദ്യ രൂപതാദ്ധ്യക്ഷന്മാരോടും, വിജയം ആശംസിച്ച സാഹിത്യസ്നേഹികളായ അനേകം മിഷനറിമാരോടും സുഹൃത്തുക്കളോടും, പ്രേഷിതദ്യോതകമായ ഒരു അവതാരികയാൽ ഗ്രന്ഥ

ത്തിനു മകുടം ചാർത്തിയ പാലാ മിഷൻഹോം റെക്ടർ വെ. റവ. ഫാദർ ജയിക്കബ്ബ് വെള്ളരിങ്ങാട്ടു അവർകളോടും ഇതിൻെറ അച്ചടി ഭംഗിയായി നിർവ്വഹിച്ചുതന്ന മാന്നാനം പ്രസ്സ് ഭാരവാഹികളോടും എനിക്കുള്ള സീമാതീതമായ കൃതജ്ഞത സസന്തോഷം രേഖപ്പെടുത്തിക്കൊള്ളുന്നു.

"കൊയ്ത്തു വളരെ, വേലക്കാർ ചുരുക്കം" (വി. ലൂക്കാ 10. 2) "നിങ്ങളും മുന്തിരിത്തോട്ടത്തിലേക്കു പോകുവിൻ. ന്യായമായിട്ടുള്ളതു് നിങ്ങൾക്കു ഞാൻ തരാം" (വി. മത്തായി 20. 4) എന്നുള്ള ക്രിസ്തുവിൻെറ ആഹ്വാനം സ്മരിച്ചു്, കൊയ്ത്തിനായി വയലുകളിലേക്ക് ധാരാളം "വേലക്കാർ" ഇറങ്ങുവാൻ ഇന്നത്തെ യുവലോകത്തിനു് അല്പമെങ്കിലും പ്രചോദനവും കഴിവുകളും ഈ ഗ്രന്ഥംവഴി വർദ്ധിച്ചാൽ ഞാൻ കൃതാർത്ഥനായി.

പൗരോഹിത്യം, സന്ന്യാസം, അൽമായ സന്ന്യാസം, വിവാഹം എന്നീ വിവിധ ജീവിതമുറകളിലൂടെ ഉത്തമരായ ധാരാളം വേലക്കാർ സ്നേഹരാജനായ ക്രിസ്തുവിൻെറ വിസ്തൃതമായ രാജ്യത്തിൻെറ നാനാഭാഗങ്ങളിലും അവിടത്തെ 'സത്യദീപം' കൊളുത്തുവാനും പ്രകാശിപ്പിക്കുവാനും ഈ പുസ്തകം ഇന്നത്തേയും ഭാവിയിലേയും യുവതിടമ്പുകൾക്ക് പ്രേരണ നൽകട്ടെ! കേരളം "ദൈവവിളികളുടെ നാട്ട്" എന്ന അപരനാമത്തിനർഹമായിത്തീരട്ടെ! അതെ, ഉത്തമരായ അനേകം വേലക്കാരുടെ ജന്മനാട്ട്! അതിനുള്ള അനുഗ്രഹം ദൈവവിളികളുടെ നാഥനായ ഈശോയോട്ട് യാചിച്ചുകൊണ്ടു്, ആദ്ധ്യാത്മിക തീക്ഷ്ണത നിറഞ്ഞ "പ്രേഷിതകേരള"ത്തിൻെറ മക്കൾക്ക് "വേലക്കാർ ചുരുക്കം" എന്ന ഈ നവീന ഗ്രന്ഥം സസന്തോഷം സമർപ്പിച്ചുകൊള്ളുന്നു.

രചയിതാവ്,

എബ്രാഹം തോമസ്,

പേണ്ടാനത്തു്, മഞ്ഞക്കുന്നേൽ.

അറക്കുളം,
8-2-1957.

## റെയിഗർ–അംബികപ്പൂർ മെത്രാൻെറ സന്ദേശം

*Catholic Ashram, Ginabahar,*
*Kunkuri P. O.*

*Dear Mr. Thomas,*

"......Your book is replete with information which will focus the attention of all Catholics of Malabar on the vast mission field of India. It will help the youth of that thoroughly Catholic corner of India to realize the immensity of the task that awaits them, and to keep up their missionary spirit.

In the present setting of India, the time is fast approaching when the responsibility of carrying on Mission work in the whole of India will mainly rest on the shoulders of Indian Catholics.

Your publication, therefore, is most timely, and if it succeeds in fostering still greater zeal in the soul of the Catholic youth in Malabar and in enlarging their field of vision for beyond the Western Ghats right up to the Himalayas, it will have achieved a great task.

With the greatest pleasure that I impart my blessing on the author and readers of the book. May God's blessing bring about what my blessing cannot give the fulfilment of His Own plan for the church in India.

Yours Sincerely,

† **O. Sevrin S. J.**

Bishop of Raigarh-Ambikapur.

Raigarh Dt. M. P.,
*21—7—1956.*

## തലശ്ശേരിമെത്രാന്റെ സന്ദേശം

Rt. Rev. Dr. Sebastian Valloppilly
D. D., B. A., B. T.
Bishop of Tellicherry.

*Bishop's House,*
*Tellicherry P. O.*
*18-10-'56*

പ്രേഷിതവേലയുടെ വിവിധവശങ്ങളെപ്പററി ഉപകാരപ്രദങ്ങളായ പല അറിവുകളും നൽകുന്ന ഒന്നാണ് ശ്രീ മഞ്ഞക്കുന്നേൽ തോമ്മസ് അവർകളുടെ "വയലിലേയ്ക്കു്" എന്ന ഗ്രന്ഥം. ഈ പുസ്തകം സശ്രദ്ധം വായിക്കുന്ന ഓരോരുത്തരിലും ഒരു നവപ്രേഷിതചൈതന്യം ഉണ്ടാകാതിരിക്കുകയില്ല. കേരളത്തിലെ എല്ലാ യുവതീയുവാക്കന്മാരും ഈ പുസ്തകം വായിക്കാനിടയാകട്ടെയെന്നു് ഞാൻ ആശംസിക്കുന്നു.

ഗ്രന്ഥകത്താവിനെ അനുമോദിക്കുകയും ഹൃദയപൂവ്വം ആശിവ്വദിക്കുകയും ചെയ്യുന്നു.

† Sebastian Valloppilly.

* * * *

## പ്രിയോർ ജനറാളിന്റെ സന്ദേശം

Prior General
Syrian Carmelite Congregation
of Malabar.

*Prior General's House,*
*Monastery Road,*
*Ernakulam,*
*11-6-1956.*

പ്രിയ മി. തോമസ്,

സദയം അയച്ചുതന്ന "വയലിലേയ്ക്കു്" എന്ന പുസ്തകത്തിന്നു് ഹൃദയപൂർവ്വം നന്ദിപറയുന്നു. ദൈവവിളിക്കു കേളി കേട്ട കേരളത്തിലെ യുവതീയുവാക്കന്മാക്ക് "മിഷൻ വയലുക"ളിലേയ്ക്കും സന്യാസിനീസന്യാസസഭകളിലേയ്ക്കും ഇറങ്ങുവാൻ തോമസിന്റെ കൃതി പ്രചോദനം നൽകാതിരിക്കയില്ല. ക്ലേശകരമായ ഈ സേവനത്തിനുത്സുകനായ നിങ്ങളെ ഞാൻ ഹാർദ്ദമായി അഭിനന്ദിക്കുന്നു. "വയലി"ന്റെ നാഥനായ ഈശോയുടെ കരുണാർദ്രമായ ദിവ്യഹൃദയം തോമസിനെ

ധാരാളമായി അനുഗ്രഹിക്കുമാറാകട്ടെ എന്നു പ്രാൎത്ഥിക്കുന്നു. പുസ്തകത്തിന്റ് പ്രചുരപ്രചാരം ആശംസിച്ചുകൊണ്ടു്.

റവ. ഫാ. മാവുരൂസ് ററി. ഒ. സി. ഡി.

പ്രിയോർ ജനറാൾ.

*  *  *  *

**K. C. Chacko** M. A. B. E., M. S., A. M. I. E., A. M., A. M., S.C.E.
Joint Director of Industries & Commerce,
Kerala State, Trivandrum.

മതപരമായ കാൎയ്യങ്ങളെ പ്രതിപാദിക്കുന്ന ചെറിയ മലയാളപുസ്തകങ്ങളിൽ, ഏററം കൗതുകത്തോടും ശ്രദ്ധയോടും കൂടി ഞാൻ വായിച്ചുതീൎത്ത ഒന്നാണു് ശ്രീ എം. എ. തോമസ് മഞ്ഞക്കുന്നേൽ അവർകളുടെ "വയലിലേയ്ക്കു്". ഈ വിഷയം സംബന്ധിച്ച് വളരെ അധികം വായിക്കുകയും, ധാരാളം പ്രസംഗിക്കുകയും, കുറെ എല്ലാം എഴുതുകയും ചെയ്തിട്ടുള്ള എനിക്കു് അറിഞ്ഞുകൂടാതിരുന്നതാണു് ഈ പുസ്തകത്തിലെ പല വിവരങ്ങളും എന്നു് തുറന്നുപറയുവാൻ എനിക്കു് വളരെ സന്തോഷമുണ്ടു്. ഒരു കുടുംബനാഥൻ എന്ന നിലയിൽ എന്റെ കുഞ്ഞുങ്ങൾ ഇതു് ഒന്നുരണ്ടു് ആവൎത്തി വായിക്കുവാൻ ഞാൻ അവക്കു നിർദ്ദേശം നൽകി. കുടുംബനാഥന്മാരും നായികമാരും ഈ പുസ്തകം വായിക്കുന്നതു് ദൈവമഹത്വം വൎദ്ധിപ്പിക്കുവാൻ ഇടയാകും എന്നു് എനിക്കു നിശ്ചയമുണ്ടു്.

"ഭാരതമെ നിന്റെ രക്ഷ, നിന്റെ സന്താനങ്ങളിൽ" എന്ന ഭാഗ്യസ്മരണാർഹനായ XIII-ാം ലെയോൻ മാർപ്പാപ്പാ അനേക വൎഷങ്ങൾക്കുമുമ്പ് ചെയ്തു പ്രവചനം അനുസ്മരിച്ചുകൊണ്ടു് ഈ വിഷയത്തിൽ വളരെ ഉത്തരവാദിത്വമുള്ള കേരളത്തിന്റെ സന്താനങ്ങൾ "വയലിലേയ്ക്കു്" എത്തിനോക്കാനും, അരയും തലയും മുറുക്കി "വയലുക"ളിലേക്കു് ഇറങ്ങാനും ആത്മാവുകളെ സ്നേഹിക്കുന്നവനും, അന്വേഷിക്കുന്നവനുമായ 'വി

ഉവുകളുടെ നാഥ'ൻെറ പേരിൽ ഞാനും അഭ്യർത്ഥിക്കുന്നു. ഗ്രന്ഥകാരൻെറ എല്ലാ ശ്രമങ്ങളേയും ഗ്രന്ഥകാരനേയും ദൈവം അനുഗ്രഹിക്കട്ടെ.

കെ. സി. ചാക്കോ M. A., B. E., M. S.

തിരുവനന്തപുരം,
2-11-1956. }

* * * *

"...... എൻെറ ഒരു സുഹൃത്തായ ശ്രീ തോമസിൻെറ പുസ്തകങ്ങൾ ആദ്യന്തം വളരെ ശ്രദ്ധയോടും കൗതുകത്തോടും കൂടിയാണു ഞാൻ വായിച്ചുതീർത്തതു്. അറിയാതിരുന്ന പലതുമതു് വിശദീകരിച്ചുതന്നു. "വയലിലേയ്ക്കു്" "വേലക്കാർ ചുരുക്കം" ഇവ കത്തോലിക്കാ ഗ്രന്ഥവീഥിയിൽ തേജസ്സോടെ പ്രകാശിക്കതന്നെ ചെയ്യും. ഓരോ കുടുംബത്തിലും വായനശാലയിലും അവ അണയാത്ത ദീപമായിരിക്കട്ടെ".

ശ്രീ മഞ്ഞക്കുന്നേലിൻെറ തൂലികയിൽനിന്നും ഇനിയും ഇത്തരം വിശിഷ്ടങ്ങളായ സാഹിത്യസുമങ്ങൾ കൈരളിക്കു ലഭിക്കട്ടെ. ഗ്രന്ഥങ്ങൾക്കു വിജയം. ഗ്രന്ഥകാരനു അനുമോദനങ്ങൾ.

ജെ. ജോൺ കട്ടക്കയം Ex. M. L. C.

അറക്കുളം,
25-1-1957. }

* * * *

"...... പുസ്തകങ്ങൾ വായിച്ചു. ഭാസുരമായ എല്ലാ ഭാവിയും ആശംസിച്ചുകൊള്ളട്ടെ! ഇത്തരത്തിലുള്ള വിലയേറിയ ശ്രമങ്ങൾ യഥാർത്ഥ കത്തോലിക്കാ ഗ്രന്ഥസമ്പത്തിനും ഒരു നേട്ടം തന്നെ."

സി. സി. ചാണ്ടി, ഭരണങ്ങാനം.

"...... കാലത്തിനൊത്ത ഒരു കലാസൃഷ്ടിയാണ് ബ്രദർ ഏ. റ്റി. മഞ്ഞക്കുന്നേലിന്റെ "വയലിലേയ്ക്കു". കേരളീയ ബാലികാബാലന്മാരുടെ പ്രേഷിതതീക്ഷ്ണത ഉണർന്നിരിക്കുന്ന ഇക്കാലത്ത്, വൈവിധ്യം നിറഞ്ഞ മിശിഹായുടെ മുന്തിരിത്തോട്ടത്തിൽനിന്നും അവരവരുടെ വാസനയനുസരിച്ച് ഒരു ജോലി തിരഞ്ഞെടുക്കുന്നതിന് ഇപ്പുസ്തകം ഒരു കൈവിളക്കായിരിക്കും. "വേലക്കാർ ചുരുക്കം" എന്ന നവീന ഗ്രന്ഥവും യുവലോകത്തിന് ഒരു അനുഗ്രഹമായിരിക്കട്ടെ! അദ്ദേഹത്തിന്റെ തൂലിക മേലിലും ഈവിധ സേവനങ്ങൾ ചെയ്ത് വിലസട്ടെ എന്നാശംസിക്കുന്നു.

റവ. ഫാ. ഫൗസ്റ്റിൻ O. F. M. Cap. കൊല്ലം.

* * * *

"...... ഇപ്രകാരമൊരു പുസ്തകത്തിന്റെ ആവശ്യകതയെപ്പററി ഞാൻ പലരോടും സംസാരിക്കുകയും എഴുതുകയും ചെയ്തിട്ടുണ്ട്. ജീവിതത്തിന്റെ നാല്ക്കവലയിൽവന്നിട്ട് എങ്ങോട്ട് തിരിയണമെന്നറിയാതെ നട്ടംതിരിയുന്നവർക്ക് ഇതു വളരെ ഉപകരിക്കും. വിവിധ സന്യാസസഭകളെപ്പററിയും മിഷനുകളെപ്പററിയുമുള്ള വിവരണം അവർക്ക് വെളിച്ചം നൽകും. ഇത്ര കാലോചിതമായ ഈ പുസ്തകം എഴുതിയ താങ്കളെ ഹൃദയംഗമമായി അനുമോദിക്കുന്നു."

റവ. മാത്യു തൊയലിൽ, ആലുവാ സെമ്മിനാരി.

* * * *

"...... പുസ്തകം കിട്ടി. പല പ്രാവശ്യം വായിച്ചു. യുവജനങ്ങൾക്ക് ഏററമധികം പ്രയോജനം ഈ പുസ്തകം പ്രദാനം ചെയ്യും എന്നതു തീർച്ചയാണ്. വഴിയറിയാതെ വിഷമിക്കുന്ന കുഞ്ഞനുജന്മാരെ കൈക്കുപിടിച്ച് വയലിലേയ്ക്കു ഇറക്കുകയാണ് സ്നേഹിതൻ ചെയ്യുന്നതു്. മിഷൻലീഗുശാഖകൾ ഈ പുസ്തകം പ്രചരിപ്പിച്ചിരുന്നെങ്കിൽ! ഈ ധീരമായ മിഷൻ സേവനത്തിനു അഭിനന്ദനങ്ങൾ...".

പി. സി. എബ്രാഹം, ചെമ്മലമററം.

*Nishkalanka Ashram,*
*Ambikapur P. O.*

*Dear Mr. Manjakunnel,*

"......I must tell you it is a very interesting and informative book, especially for our young men and women. I got a lot of information from it. I keep it as a sort of reference book. I am sure our missionary minded youngsters will find it very helpful stimulating. Let us prayerfully hope that the reading of your book may kindle missionary zeal in those young hearts.

I thank you for sending me the books and I congratulate you for bringing out such a useful book. May God bless you and your Missionary activities.

Wishing you all success and assuring you of the prayers of this little community.

Yours Sincerely,

**Fr. Francis C. R.**

*Surguja Dt. M. P,*
*30—9—1956.*

❊ ❊ ❊ ❊

"......പുസ്തകം കിട്ടി. പ്രചുരപ്രചാരം നേർന്നുകൊള്ളുന്നു. തികച്ചും അവസരോചിതമാണ്. വയലുകളിലേക്കു് പലേ യുവതീയുവാക്കളും എത്തിനോക്കുവാൻ മാർഗ്ഗനിർദ്ദേശം നൽകിയ സഹോദരനെ അനുമോദിക്കുന്നു...".

റവ. സിസ്റ്റർ ബിയാട്രീസ്, ഉദയപ്പൂർ.

"...... ലളിതമായ ഭാഷയിലുള്ള ഈ ഗ്രന്ഥനിർമ്മിതി സാധാരണക്കാർക്ക് പ്രിയംകരമാണ്. ഈ തൂലികാസംഭാവനയിൽ വൈദികവിദ്യാർത്ഥികൾ, മലയാളികൾ പ്രത്യേകമായും ആനന്ദഹൃദയരാണ്. ഭാരതമിഷനെപ്പററി വേണ്ടത്ര അറിവു പ്രദാനം ചെയ്യുവാൻ പര്യാപ്തമായ പുസ്തകങ്ങൾ മലയാളഭാഷയിൽ വളരെ വിരളമാണ്. ആ പോരായ്മ പരിഹരിക്കുവാൻ ഈ ഗ്രന്ഥം പര്യാപ്തമത്രെ. ഇന്നു ഭാരതസഭയുടെ കേന്ദ്രം കേരളംതന്നെയാണ്. ഭാരതമാനസാന്തരം കൂടുതൽ പ്രാവർത്തികമാക്കുവാൻ ഉള്ള ചുമതല കേരളകത്തോലിക്കരിലാണ് നിക്ഷിപ്തമായിരിക്കുന്നതു്.

കേരളീയർക്ക് അവരുടെ ചുമതലയും കഴിവുകളും മനസ്സിലാക്കിക്കൊടുക്കുവാൻ ശ്രമിച്ച ശ്രീ തോമസിനെ ഞങ്ങൾ സസന്തോഷം അഭിനന്ദിക്കുന്നു. ഈ ഗ്രന്ഥംവഴി ദൈവവിളിയുടെ വർദ്ധനവ് പ്രാവർത്തികമാകട്ടെ!...".

റവ. ജോർജ്ജ് പള്ളിവാതുക്കൽ,
റാഞ്ചി സെമ്മിനാരി.

* * * *

"......താങ്കളുടെ സദുദ്യമങ്ങളെ സ്നേഹഈശോ അനുഗ്രഹിക്കട്ടെ! ധാരാളം കേരളീയ മിഷനറിമാർ ഭാരതത്തിന്റെ വിദൂര മിഷൻരംഗങ്ങളിൽ പ്രവേശിക്കുവാൻ തോമസിന്റെ പ്രസിദ്ധീകരണം സഹായിക്കട്ടെ!"

ഫാ. ജോൺ വിയാന്നി T. O. C. D.
അംബികപ്പൂർ.

# വേലക്കാർ ചുരുക്കം

---

## പ്രാരംഭം

ദൈവം മനുഷ്യനെ അനുനിമിഷം പലവിധ കാൎയ്യങ്ങൾക്കായി, ലോകത്തിൽ നന്മചെയ്തു്, തിന്മയെ ജയിച്ചടക്കുന്നതിനു ക്ഷണിച്ചുകൊണ്ടിരിക്കുകയാണു്. നാടിനും വീടിനും സഭയ്ക്കും സമുദായത്തിനും ഓരോരോവിധത്തിൽ ഉപകാരമുള്ളവനായി പ്രവൎത്തിച്ചു് മനുഷ്യൻ ജീവിക്കണം. അതാണു് ദൈവം നമ്മിൽനിന്നു എപ്പോഴും ആഗ്രഹിക്കുന്നതും. നാം, എവിടെ എങ്ങിനെ ജീവിച്ചു് അവിടുത്തെ ഹിതം അനുഷ്ഠിക്കണമെന്നു് നമ്മൾ തന്നെയല്ല തീരുമാനിക്കേണ്ടതു്, ദൈവമത്രെ. ദൈവത്തെ അറിഞ്ഞു സ്നേഹിച്ചു് അവിടുത്തേക്കു് വേലചെയ്തു് നിത്യഭാഗ്യം പ്രാപിക്കുകയെന്നതാണല്ലോ മനുഷ്യന്റെ ജീവിതോദ്ദേശ്യം. സ്വാഭാവികഗുണങ്ങളും വരപ്രസാദങ്ങളും മനുഷ്യസൃഷ്ടിയുടെ നാഥനായ ദൈവംതന്നെ നമുക്കു നൽകി നമ്മെ യോഗ്യരാക്കിത്തീൎക്കുന്നു. ഈശോ നിർദ്ദേശിക്കുന്നപ്രകാരം സ്വന്തം താല്പൎയ്യങ്ങളെ ത്യജിച്ചു് അവിടുത്തെ ഹിതം നിറവേറ്റുന്നതിലാണു് മനുഷ്യജീവിതത്തിന്റെ വിജയം അടങ്ങിയിരിക്കുന്നതു്.

വിവിധകാൎയ്യങ്ങളിൽ വ്യാപൃതരായിരിക്കുന്ന മനുഷ്യരുടെ ജീവിതത്തെ സുരക്ഷിതവും വിജയകരവുമാക്കിത്തീൎക്കുവാൻ പല സഹായമാൎഗ്ഗങ്ങൾ 'കത്തോലിക്കാ തിരുസ്സഭ'വഴി നമുക്കു തുറന്നു തന്നിട്ടുണ്ടു്. എല്ലാവരും ഒരു മാൎഗ്ഗത്തിൽക്കൂടിയല്ല പ്രവൎത്തിക്കേണ്ടതു്. പലരുടെയും ജീവിതമണ്ഡലങ്ങളും പ്രവൎത്തനങ്ങളും വ്യത്യസ്തമായിരിക്കും. കത്തോലിക്കാസഭ,

സന്താനങ്ങൾക്കായി പൗരോഹിത്യം, സന്യാസം, വിവാഹം എന്നിങ്ങനെ മൂന്നു പ്രധാന മാർഗ്ഗങ്ങളാണ് രൂപീകരിച്ചിട്ടുള്ളത്. ഇവയിലേക്കുള്ള ക്രിസ്തുവിന്റെ ക്ഷണത്തിനാണ് "ദൈവവിളി" എന്നു പറയുന്നത്.

"എന്റെ മകനേ, എനിക്കുവേണ്ടി നീ ഒരു ഇടവക വൈദികനാകുമോ? ഒരു സന്യാസിയാകുമോ? ഒരു മിഷനറിയാകുമോ? ഒരു സന്യാസസഹോദരനാകുമോ? ഒരു മാതൃകാ കത്തോലിക്കനാകുമോ? ഒരു അൽമായ സന്യാസ മിഷനറിയാകുമോ? ഒരു അൽമായ പ്രേഷിതനാകുമോ?

"എന്റെ മകളേ, എനിക്കുവേണ്ടി നീ ഒരു സന്യാസിനിയാകുമോ? ഒരു മിഷനറിയാകുമോ? ഒരു ഉത്തമ കത്തോലിക്കാസ്ത്രീയാകുമോ? ഒരു അൽമായ സന്യാസിനിയാകുമോ? ഒരു ഉത്തമ അൽമായപ്രേഷിതയാകുമോ?..." എന്ന് ഓരോരുത്തരോടും ക്രിസ്തു ചോദിക്കുന്നതായി വിചാരിക്കുക. ആ ദിവ്യാഹ്വാനം സ്വീകരിച്ച് ഏതെങ്കിലും തരത്തിൽ അവിടുത്തേക്കുവേണ്ടി ഒരു വേലക്കാരനാകണം!

ദിവ്യാഹ്വാനം ശ്രവിക്കുന്നവരെ യോഗ്യരാക്കിത്തീർക്കുവാൻ തിരുസ്സഭയിൽ വിവിധ പരിശീലനക്രമങ്ങളുണ്ട്. അവയത്രെ, പൗരോഹിത്യം, സന്യാസം, വിവാഹം, അൽമായ സന്യാസം എന്നീ ജീവിതമുറകൾ! അവ ഓരോന്നിനേയുംപറ്റി അല്പം പ്രസ്താവിച്ചുകൊള്ളട്ടെ!

## അദ്ധ്യായം 1

# പൗരോഹിത്യ മാഹാത്മ്യം

മനുഷ്യരക്ഷ സാധിക്കുകയെന്നതായിരുന്നു ക്രിസ്തുവിൻെറ അവതാരോദ്ദേശ്യം. അതിൽ നമ്മെ ഭാഗഭാക്കുകളാക്കിത്തീക്കുവാൻ ക്രിസ്തു അപ്പസ്തോലന്മാരെ തിരഞ്ഞെടുത്തു. പാപങ്ങൾ മോചിക്കുവാനും, സത്യസഭാതത്വങ്ങൾ പഠിപ്പിക്കുവാനും, പരിശുദ്ധബലിയപ്പിക്കുവാനും അവക്കധികാരവും കൊടുത്തു. രക്ഷാകരവൃത്തിയിൽ മനുഷ്യരുടെ സഹകരണം ലോകാന്ത്യംവരെ നിലനിൽക്കുന്നതിനായി തിരുസ്സഭയുടെ അധികാരികൾവഴി ക്രിസ്തു ഇന്നും പുരോഹിതന്മാരേ തിരഞ്ഞെടുക്കുന്നു. ആരാണീ കത്തോലിക്കാ പുരോഹിതൻ? മനുഷ്യരുടെ പാപത്തിനു പരിഹാരവും ബലിയും സമപ്പിക്കുവാൻ മനുഷ്യഗണത്തിൽനിന്നും പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ട് അഭിഷിക്തനാകുന്നവൻതന്നെ. കാൽവരിമലമുകളിൽ നൂററാണ്ടുകൾക്കു മുമ്പ് നടന്ന നിത്യപുരോഹിതൻെറ ആ പരമബലിതന്നെ ദേവാലയങ്ങളിലെ അൽത്താരകളിൽ അനുദിനം ഓരോ പുരോഹിതനും ആവത്തിക്കുന്നു. ദിവ്യവസ്ത്രങ്ങളണിഞ്ഞ് ബലിപീഠത്തിങ്കൽ ഓരോ പ്രഭാതത്തിലും പരിശുദ്ധ ത്രിത്വത്തിൻെറ രണ്ടാമത്തെ ആളിനെ സ്വഗ്ഗത്തിൽനിന്നു ഭൂമിയിലേക്ക് ഒരു വൈദികൻ ക്ഷണിക്കുകയത്രെ ചെയ്യുന്നത്. ആ ക്ഷണം മിശിഹാ സ്വീകരിക്കുന്നു. കന്യകാമറിയം ഒരു പ്രാവശ്യം മാത്രമെ ഈശോയെ ലോകത്തിനു പ്രദാനം ചെയ്തുള്ളു. ഒരു പുരോഹിതനാകട്ടെ ദിവ്യബലിയപ്പിക്കുമ്പോഴെല്ലാം അതാവത്തിക്കുന്നു.

ക്രിസ്തുവിൻെറ പ്രതിപുരുഷനായ വൈദികൻ മനുഷ്യരെ പാപത്തിൽനിന്നും ലോകായതികത്വത്തിൽനിന്നും പിൻതിരിച്ച് അവരുടെമേൽ കരുണ ചൊരിയുവാൻ നിത്യപിതാവിനോട് അപേക്ഷിച്ച് നമ്മുടെ മാദ്ധ്യസ്ഥ്യം വഹിക്കുന്നു. പൗരോഹിത്യം ഒരു ഉദ്യോഗമല്ല. അഭിഭാഷകനോ, ഡോക്ടരോ, വ്യാപാരിയോ, പട്ടാളക്കാരനോ ആകുവാൻ നിശ്ച

യിക്കുന്നതുപോലെയിതു് നിശ്ചയിക്കാവുന്നതല്ല. പൌരോഹി
ത്യത്തിനു് ദൈവത്തിൻെറ ഭാഗത്തുനിന്നുള്ള വിളി ആവശ്യ
മത്രെ.

ഓരോ പുരോഹിതനും ബ്രഹ്മചര്യം പാലിക്കണം.
കത്തോലിക്കാപുരോഹിതൻെറ അതുല്യമായ മഹത്വമാണു്
ബ്രഹ്മചര്യം. മനുഷ്യനു ദൈവം നൽകിയിരിക്കുന്ന സ്വാഭാ
വികദാനങ്ങളിൽ അതിപ്രധാനമായ ഒന്നത്രെ സന്താനോല്പാ
ദനശക്തി. ആ ശക്തിയെ ദൈവത്തിനായി സമർപ്പിക്കുന്നതാ
ണു് ബ്രഹ്മചര്യം. ദൈവത്തിനും ആത്മാക്കൾക്കുംവേണ്ടി
സേവനനിരതനാകുവാൻ ഓരോരുത്തനേയും ബ്രഹ്മചര്യപാല
നം ബാദ്ധ്യസ്ഥനാക്കുന്നു. വിശുദ്ധ ഡോൺബോസ്കോ പറയു
ന്നു, "പൌരോഹിത്യാർത്ഥിക്കു് ഏററം അത്യാവശ്യകവും മറെറല്ലാ
സുകൃതങ്ങളും കതിർചാർത്തി കമനീയമാക്കുന്നതുമായ സുവർണ്ണ
പരിവേഷകമാകുന്ന ബ്രഹ്മചര്യം" എന്നു്.

"ബ്രഹ്മചര്യത്തെ കറപുരളാതെ പാലിക്കുന്നതിനു പ
ററിയ മാർഗ്ഗം ദൈവജനനിയോടുള്ള സുസ്ഥിരവും ഉജ്ജ്വലവു
മായ ഭക്തിയാകുന്നു. ഇതിൻെറ വിസ്മയനീയമായ ശക്തി തലമുറ
കളിലെ അനുഭവങ്ങളിലൂടെ സ്ഥിരീകരിക്കപ്പെട്ടിട്ടുള്ളതാണു്.
ഒരുവിധത്തിൽപറഞ്ഞാൽ മറെറല്ലാ മാർഗ്ഗങ്ങളും ഇതിൽ വന്നു്
ഒന്നിക്കുന്നു. നിർവ്യാജമായും അഗാധമായും മരിയഭക്തിയിൽ
ജീവിക്കുന്നവൻ ആത്മരക്ഷയിൽ ജാഗരൂകനും പ്രാർത്ഥനയിൽ
തല്പരനും പാപോച്ചാരണത്തിലും ദിവ്യകാരുണ്യസ്വീകരണ
ത്തിലും ശ്രദ്ധാലുവും ആയിരിക്കുവാൻ നിർബന്ധിക്കപ്പെടുന്നു..."
എന്നു് 12–ാം പീയൂസ് മാർപ്പാപ്പാ പ്രസ്താവിക്കുന്നു. ദൈവത്തി
ൻേറയും സഭയുടേയും മുമ്പിൽ വളരെ വലുതായ കടമകളും
ഉത്തരവാദിത്വങ്ങളും ഉൾക്കൊള്ളുന്ന പൌരോഹിത്യത്തിൻെറ
മാഹാത്മ്യങ്ങളെപ്പററി ആധുനിക മാർപ്പാപ്പാമാർ പലപ്പോഴും
പ്രഖ്യാപിക്കുന്നുണ്ടു്. "ഒരുവിധത്തിൽ കർത്താവിൻെറ മുമ്പിൽ
നിലകൊള്ളുന്ന ഏററം പരിശുദ്ധരായ വാനാരൂപികളുടേതി
നേക്കാൾ ഉന്നതമായ ഉദ്യോഗമാണു് പുരോഹിതന്മാർക്കുള്ളതു്.
എങ്കിൽ അവർക്കു മാലാഖാമാർക്കനുയോജ്യമായ ജീവിതം ആവശ്യ
മല്ലെ? ദൈവികകാര്യങ്ങളിൽ വ്യാപൃതനായിരിക്കുവാൻ സ്വ
യം സമ്പൂർണ്ണമായി പ്രതിഷ്ഠിക്കുന്നവനാണു പുരോഹിതൻ.
എങ്കിൽ, അയാൾ ലൗകികവ്യവഹാരങ്ങളിൽനിന്നും പൂർണ്ണമായി

വിട്ടുമാറി തൻെറ സംഭാഷണം സ്വർഗ്ഗീയമായവയിലേക്ക് തിരിക്കുക ന്യായയുക്തമല്ലേ? ക്രിസ്തുവിൻെറ രക്ഷാകരകർമ്മത്തെ തുടന്ന് ആത്മാക്കളുടെ രക്ഷയിൽ തല്പരനായിരിക്കുകയാണ് ഒരു പുരോഹിതൻെറ കടമ. എങ്കിൽ ഒരുവൻെറ കഴിവുകളുടെ സിംഹഭാഗവും ഹോമിക്കപ്പെടുന്ന കുടുംബരംഗത്തിൻെറ വ്യഗ്രതയിൽനിന്നു മാറിനില്ക്കുക വൈദികന്ന് ആവശ്യമല്ലെ?..." എന്ന് 11-ാം പീയൂസ് മാർപ്പാപ്പാ ഒരു പുരോഹിതൻെറ ജീവിതമാഹാത്മ്യത്തേയും കടമകളേയും വ്യക്തമാക്കിയിരിക്കുന്നു.

"പൗരോഹിത്യസ്ഥാനം എത്ര ഉന്നതമായതു്. മാലാഖാമാക്കു കൊടുക്കാത്തതു് പുരോഹിതന്മാക്കു കൊടുത്തിരിക്കുന്നു... പുരോഹിതൻ ദൈവത്തിൻെറ ശുശ്രൂഷകനാകുന്നു. അയാൾ ദൈവത്തിൻെറ കല്പനയാലും സ്ഥാപനത്താലും ദൈവവചനം പ്രയോഗിക്കുന്നു... വിശ്വസ്തതയോടും ഭക്തിപൂർവ്വവും തക്ക സമയത്തു ദൈവത്തിനു ബലി അപ്പിക്കയും ആക്ഷേപമില്ലാത്തവനായി വ്യാപരിക്കയും ചെയ്യാൻ ശ്രദ്ധിക്കുക... എല്ലാ പുണ്യങ്ങളാലും അലംകൃതനായിരിക്കയും ശേഷംപേക്ക് നല്ല ജീവിതത്തിൻെറ ദൃഷ്ടാന്തം നൽകയും വേണം... സദാ മിശിഹായുടെ പീഡാനുഭവത്തെ സ്മരിക്കുവാൻ തൻെറ മുമ്പിലും പുറകിലും തിരുനാഥൻെറ കുരിശിൻെറ അടയാളമുണ്ട്... പുരോഹിതൻ പൂജ സമപ്പിക്കുമ്പോൾ ദൈവത്തെ മഹത്വപ്പെടുത്തുന്നു, മാലാഖാമാരെ സന്തോഷിപ്പിക്കുന്നു, തിരുസ്സഭയെ ബലിഷ്ഠമാക്കുന്നു, ജീവിക്കുന്നവരെ സഹായിക്കുന്നു, മരിച്ചവക്കു ആശ്വാസം നൽകുന്നു. തന്നെത്തന്നെ സകല നന്മകളുടേയും ഓഹരിക്കാരനാക്കിത്തീക്കുന്നു..." (മിശിഹാനുകരണം)

"ഒരുവനു ഈ ജീവിതത്തിൽ നേടാവുന്ന ഏററവും വലിയ അനുഗ്രഹം പൗരോഹിത്യപദമാണ്. അതു പ്രാപിക്കുന്നതിനു മൂന്നു കാർയ്യങ്ങൾ ഒത്തിണങ്ങണം. ഒന്ന്, അക്ഷീണപരിശ്രമം; രണ്ടു്, സെമ്മിനാരിയിലെ നിയമങ്ങൾ അനുസരിക്കുന്നതിനുള്ള ശുഷ്കാന്തി; മൂന്നു്, നിരന്തരമായ പ്രാത്ഥന, പ്രത്യേകിച്ച് മാതാവിൻെറ മാദ്ധ്യസ്ഥ്യത്തിൽ..."

(കർദ്ദിനാൾ ഗിൽറോയി)

"വൈദികജീവിതം! അതിനു തുല്യമായ ഒരു ജീവിതം ലോകത്തിലില്ല. ആരും അതർഹിക്കുന്നില്ല. ചുരുക്കം ചില ഭാഗ്യവാന്മാർ മാത്രം ദൈവികകാരുണ്യത്തിന്റെ അത്ഭുതശക്തിയാൽ അതിലേക്ക് ആകർഷിക്കപ്പെടുന്നു, പ്രത്യേകിച്ച് അന്യരുടെ പ്രാർത്ഥനവഴി".

(ഫാ. ഡാനിയേൽ എ. ലോർഡ് എസ്സ്. ജെ.)

---

## അദ്ധ്യായം 2

# സന്യാസജീവിതം

കത്തോലിക്കാതിരുസ്സഭയിൽ വിവിധതരത്തിലുള്ള അനേകം സന്യാസസഭകളുണ്ട്. പുരുഷന്മാരും സ്ത്രീകളും അനേകായിരങ്ങൾ അതിൽ അംഗങ്ങളായിട്ടുണ്ട്. ധാരാളം യുവതീയുവാക്കൾ പ്രതിവർഷം സന്ന്യാസിനീ സന്യാസസഭകളിൽ അർത്ഥികളായി പ്രവേശിക്കുന്നുണ്ട്. എങ്കിലും സന്യാസജീവിതത്തേയും അതിന്റെ മഹനീയതയേയും സംബന്ധിച്ച് സാധാരണ ജനങ്ങളിൽ ഇന്നും അറിവ് പരിമിതമായിട്ടേയുള്ളു. അതിനാൽ സന്ന്യാസജീവിതത്തേപ്പററി അല്പം പ്രസ്താവിക്കുന്നതു് അവസരോചിതമെന്നു വിചാരിക്കുന്നു.

### പ്രഥമമാതൃക

ക്രിസ്തുവിനെപ്പോലെ സ്വയം പരിത്യജിച്ച്, പരോപകാരാർത്ഥം സ്വയം ആദ്യമായി അർപ്പിച്ചതു് ശ്ലീഹന്മാരാണ്. അവരുടെ അനന്തരഗാമികളത്രെ ഇന്നത്തെ സന്ന്യാസികൾ. പന്ത്രണ്ടു ശ്ലീഹന്മാരോടുകൂടിയുള്ള ഈശോയുടെ കൂട്ടജീവിതം, നാല്പതുദിവസത്തെ ഉപവാസം, ദീർഘമായ പ്രാർത്ഥനകൾ, തന്റെ ജീവിതമാതൃക, ഉപദേശങ്ങൾ ഇവവഴി ദിവ്യരക്ഷകൻതന്നെ 'സന്ന്യാസജീവിതം' സമുൽഘാടനംചെയ്തു. സന്ന്യാ

സജീവിതത്തിന്റെ പ്രഥമമാതൃക ഈശോതന്നെ. മിശിഹാ നൽകിയ ആ അടിസ്ഥാനതത്വങ്ങൾക്ക് വിവിധസന്യാസസഭകളുടെ സ്ഥാപകർ രൂപവും ക്രമവും വരുത്തിയിട്ടുണ്ടെന്നുമാത്രം. "നടപടി"യിലും "ലേഖനങ്ങളി"ലും കാണുന്ന മിഷനറിമാരായ കന്യകകളും വിധവകളും സന്യാസികളുടെ മുന്നോടികളായി തിരുസ്സഭാരാമത്തിൽ പ്രശോഭിക്കുന്നു.

ലൗകിക വ്യവഹാരങ്ങളിൽനിന്നും പിന്മാറി സാമാന്യജനങ്ങളുടെ ജീവിതരീതിയിൽനിന്നും വ്യത്യസ്തമായ വിധത്തിൽ ദൈവശുശ്രൂഷ നടത്തി മനുഷ്യന് ദൈവത്തോടുള്ള ബന്ധം കൂടുതൽ തെളിയിച്ചുകൊണ്ട് ആദിമനൂറ്റാണ്ടുമുതൽതന്നെ ചിലർ ഒരു പ്രത്യേക ജീവിതരീതി ആചരിച്ചിരുന്നു. "നീ ഇവിടെനിന്നും പുറപ്പെട്ട് കിഴക്കോട്ടു ചെന്ന് യോർദ്ദനാന്റെ അക്കരെയുള്ള കാരീത്ത് അരുവിയുടെയടുത്ത് ഒളിക്കുക. അവിടെ ആ അരുവിയിൽനിന്നു ജലപാനം ചെയ്തുകൊള്ളുക. നിനക്കു ഭക്ഷണം തരുവാൻ കാക്കകളോട് ഞാൻ ആജ്ഞാപിച്ചിട്ടുണ്ട്..." എന്നുള്ള ദൈവത്തിന്റെ അരുളപ്പാടനുസരിച്ച് ഏലിയാ ദീർഘദർശിപോയി ഏകാന്തവാസംചെയ്തു. വിശുദ്ധ ക്രിസ്സസ്റ്റോം, വിശുദ്ധ ഈറാനീമ്മോസ് തുടങ്ങിയ പലരുടേയും അഭിപ്രായം സന്യാസവൃത്തിയുടെ സജീവമായ പ്രാരംഭം വി. ഏലിയായുടെ ശ്രമത്താലാണെന്നത്രേ. ഏകാന്തതയും ധ്യാനവും സസന്തോഷം സ്വാഗതംചെയ്തിരുന്ന വേറൊരു ഏലിയാസാണു വി. സ്നാപകയോഹന്നാൻ. ധ്യാനംവഴി ദൈവത്തോടു ഈ വിശുദ്ധൻ ഐക്യപ്പെട്ട് ക്രിസ്തുവിനെ ലോകത്തിനു കൂടുതൽ പരിചയപ്പെടുത്തി. വി. ഏലിയായും ശിഷ്യരും ഏകാന്തതയിലും, ധ്യാനത്തിലും, പ്രാർത്ഥനയിലും, വിഷയവിരക്തിയിലും 'കർമ്മേലമല'യിൽ വാസമുറപ്പിച്ചു. കുറെനാൾ കഴിഞ്ഞ് അംഗസംഖ്യ വർദ്ധിച്ചപ്പോൾ യോർദ്ദനാൻ, നീലനദി,. ഫിനീഷ്യാ, ഈജിപ്ത് തുടങ്ങിയ പല സ്ഥലങ്ങളിലേക്കും അവർ പോയി കുടിലുകൾ കെട്ടി വസിച്ചുതുടങ്ങി.

## കൂട്ടജീവിതം

പ്രത്യേക വസ്ത്രംധരിച്ച് സ്വഭവനങ്ങളിൽ തന്നെയോ, വിജനപ്രദേശങ്ങളിലോ ബ്രഹ്മചര്യജീവിതം നയിച്ചിരുന്ന

പുരുഷന്മാരും, മുടിവെട്ടി, തലമൂടി, ലളിതവും വിനീതവുമായ രീതിയിൽ പ്രത്യേക വസ്ത്രം ധരിച്ച് സ്വയം ദൈവത്തിനു സമർപ്പിച്ച് സന്യാസജീവിതം നയിച്ചിരുന്ന സ്ത്രീകളും ആദിമകാലഘട്ടങ്ങളിൽതന്നെ ഉണ്ടായിരുന്നു. സ്വഭവനങ്ങളിൽ ഇത്തരക്കാരുടെ ജീവിതം ശുഭമാകയില്ലെന്നു കരുതി സ്വഭവനങ്ങളെ വിട്ട് അവർ അവിടവിടെയായി സമൂഹമായിട്ടുള്ള ജീവിതം സമാരംഭിച്ചു. റോമ്മാചക്രവർത്തിയായ ഡേസിയൂസിന്റെ കാലത്തെ (A. D. 249–251) മതപീഡനത്താൽ ക്രിസ്ത്യാനികൾ ഭൂഗർഭാലയങ്ങളിലും അരണ്യങ്ങളിലും ഓടിഒളിച്ചു. സന്യാസികൾക്കും ഭൂഗർഭാലയങ്ങളിൽ പ്രവേശനം കിട്ടി. മതപീഡനത്തിനുശേഷവും സന്യാസികൾ പലരും അവിടെത്തന്നെ ജീവിതം തുടർന്നു. വി. പൌലോസ് തുടങ്ങിയവർ വനത്തിലും, വി. അന്തോനീസും കൂട്ടരും കുടിലുകളിലും, വി. പക്കോമിയൂസും ശിഷ്യരും വലിയ ആശ്രമങ്ങളിലും ആശ്രമശ്രേഷ്ഠനു വിധേയരായി ആശ്രമജീവിതം സമാരംഭിച്ചു. സന്യാസജീവിതത്തിന് ഏതാനും നിയമങ്ങളെല്ലാമുണ്ടായി, അവർക്കു പ്രത്യേക വസ്ത്രങ്ങൾ നൽകിത്തുടങ്ങി. ഇങ്ങനെ സന്യാസജീവിതം സംഘാതമായി. നാലാം നൂററാണ്ടായപ്പോഴേക്കും കൂട്ടജീവിതത്തിനു വളരെ പ്രചാരം സിദ്ധിച്ചു. ആഫ്റിക്കയിൽ വി. അഗസ്റ്റീനോസും, ഇററലിയിൽ വി. അത്തനേഷ്യസ്സും, ഫ്റാൻസിൽ വി. മാർട്ടിനും ഇതര പാശ്ചാത്യരാജ്യങ്ങളിൽ വി. ബെനഡിക്ററുമാണ് സന്യാസസഭകൾ പ്രചരിപ്പിച്ചതെന്ന് ചരിത്രം ഘോഷിക്കുന്നു.

ACHARYA BALACKAL JEEVAS LIBRARY ALUVA 19665

## സന്യാസികൾ വിവിധ രാജ്യങ്ങളിലേക്ക്

ഓരോ ആശ്രമത്തിന്റേയും സമീപത്തുതന്നെ മുപ്പതും നാല്പതും ഭവനങ്ങളും, ഓരോ ഭവനത്തിലും ഇരുപതും മുപ്പതും സന്യാസികളും, ഓരോ ഭവനത്തിനും പ്രത്യേകം പ്രത്യേകം ശ്രേഷ്ഠനും മററു ഉദ്യോഗസ്ഥന്മാരും ഒരു കപ്പേളയും ഉണ്ടായിരുന്നു. വിശേഷാവസരങ്ങളിൽ പൊതുവായ വലിയ ആശ്രമക്കപ്പേളയിൽ എല്ലാം അംഗങ്ങളും ഒന്നിച്ച് പ്രാർത്ഥനകൾ നടത്തിയിരുന്നു. സന്യാസിനീമഠങ്ങൾ ഇക്കാലത്ത് വർദ്ധിക്കയുണ്ടായി. വിശുദ്ധ അന്തോനീസിന്റെ ശിഷ്യനായ വി.

ഹില്ലാരിയോൻ (291–371) പാലസ്തീനായിൽ അനേകം ആശ്രമങ്ങൾ സ്ഥാപിച്ചു. അവിടെനിന്നും സിറിയാ, മെസ്സപ്പൊട്ടോമിയാ എന്നിവിടങ്ങളിലേക്ക് സന്ന്യാസികളുടെ പ്രവർത്തനം വ്യാപിച്ചു. 50 അടിയിൽ കൂടുതൽ ഉയരമുള്ള തൂണുകളുടെ മുകളിൽ കയറിയിരുന്ന് താപസജീവിതം ആരംഭിച്ച വലിയ ശെമഓൻ (388–459) പ്രാരംഭമിട്ട ആ നവീന പ്രസ്ഥാനത്തെ പലരും സ്വാഗതം ചെയ്തു. നാലും അഞ്ചും നൂററാണ്ടുകളിൽ സിറിയ, പാലസ്തീന, മെസ്സപ്പൊട്ടോമിയ, റോമ്മാ, മിലാൻ, ഫ്റാൻസ്, ടൂർ തുടങ്ങിയ അനേകം സ്ഥലങ്ങളിലേക്ക് സന്ന്യാസസഭാശിഖരങ്ങൾ ധാരാളമായി മാററി മാററി നട്ടുതുടങ്ങി. അവയെല്ലാം യഥാസ്ഥാനങ്ങളിൽ ഭക്താത്മാക്കളുടെ ശ്രമത്താൽ പുഷ്ടിപ്പെട്ടതോടെ സംരക്ഷണാർത്ഥം വി. ബനദിക്തോസ് സഭാനിയമങ്ങളിൽ ഏതാനും പരിഷ്കാരങ്ങൾ വരുത്തി; പാശ്ചാത്യസഭകളിലെ സന്ന്യാസജീവിതത്തിൽ ഒരു പരിവർത്തനമുണ്ടായി. ഇക്കാലത്തു സാധാരണ നടപ്പിലിരുന്ന നിയമങ്ങളെ അടിസ്ഥാനമാക്കി വി. കൊളമ്പാൻ അയർലണ്ടിൽ വൈദികപ്രവർത്തനങ്ങളുടെയെല്ലാം കേന്ദ്രമാക്കിക്കൊണ്ട് ഒരു സഭ സ്ഥാപിക്കയും അനേകം ഭവനങ്ങൾ താമസിയാതെ പലടത്തും സ്ഥാപിക്കയുമുണ്ടായി. കാലക്രമത്തിൽ ഐറീഷ് സന്ന്യാസവൃത്തി ബെനഡിക്ടൈൻ സന്ന്യാസത്തിൽ ലയിക്കുന്നതിനിടയായി. ദൈവശുശ്രൂഷയ്ക്കുപുറമെ പരസ്നേഹകൃത്യങ്ങളിലും സന്ന്യാസസഭാംഗങ്ങൾക്ക് പ്രവർത്തിക്കുവാൻ സഭാധികാരികൾ അനുമതി നൽകി. ആദ്ധ്യാത്മികവും ശാരീരികവുമായ ആവശ്യങ്ങളിൽ–ആദ്യയുഗങ്ങളിൽതന്നെ പ്രാർത്ഥന, ത്യാഗം, സന്മാതൃക, പരസ്നേഹകൃത്യങ്ങൾ, കൃഷി, വ്യവസായം, സുന്ദരകലകൾ എന്നിവയിലൂടെയെല്ലാം ആദ്ധ്യാത്മികമായും ഭൗതികമായും കത്തോലിക്കാ തിരുസ്സഭയെ ഉയർത്തുവാൻ ഓരോ സന്ന്യാസാംഗവും യത്നിച്ചിരുന്നുവെന്നുള്ളത് ചരിത്രത്തിൻെറ ഏടുകൾതന്നെ പ്രസ്പഷ്ടമാക്കുന്നുണ്ട്.

## വിവിധ സന്ന്യാസസഭകൾ

11–ാം ശതാബ്ദംമുതൽ സന്ന്യാസവൃത്തിയോട് വൈദികവൃത്തിയുടെ ജോലികളും നിയമാനുസരണം കൂട്ടിച്ചേർത്തതോ

ട്ടുകൂടി ദൈവവചനം പ്രസംഗിക്കുക, ആത്മപാലകജോലി നടത്തുക, വിശുദ്ധ ശാസ്ത്രങ്ങൾ പഠിക്കുക, എന്നീ ജോലികളി ലും സന്ന്യാസസഭാംഗങ്ങൾ ഏർപ്പെട്ടുതുടങ്ങി. 13-ാം ശതാബ്ദാരംഭഘട്ടത്തിൽ ഫ്റാൻസിൽ ഉദിച്ചുയൎന്ന അൽബിജേൻസ്യൻ പാഷണ്ഡതയെ അടിച്ചമൎത്തുവാൻ ആദ്ധ്യാത്മികതീക്ഷ്ണരായി വി. ഡോമിനിക്ക് 'ഡോമിനിക്കൻസന്ന്യാസസഭ'യും, വി. ഫ്റാൻസീസ് 'ഫ്റാൻസീസ്കൻ സഭ'യും സ്ഥാപിച്ചുകൊണ്ട് ഈയവസരത്തിൽ മുന്നോട്ടുവന്നു. ധ്യാനപരമായ ജീവിതത്തോടൊന്നിച്ച് ശ്ലൈഹികപ്രവൎത്തനങ്ങളും അവർ നടത്തി. അതിപ്രാചീനമായ 'കൎമ്മലീത്താസഭ' പൗരസ്ത്യദേശങ്ങളിൽ നിന്നും പാശ്ചാത്യരംഗങ്ങളിലേക്ക് വ്യാപിച്ചുതുടങ്ങി. ഓറശ്ലേം പാത്രിയൎക്കീസായിരുന്ന വി. അൽബൎത്തോസ് 1207-ൽ കൎമ്മലീത്തൎക്കു നൽകിയ നിയമങ്ങൾക്ക് വി. സൈമൺസ്റ്റോക്ക് ചില ഭേദഗതികൾ ചെയ്ത് 1248-ൽ നാലാം ഇന്നസെൻറ് മാൎപ്പാപ്പാക്കു സമൎപ്പിക്കുകയുണ്ടായി. തിരുസ്സഭ അവ അംഗീകരിച്ചു. ആ നിയമങ്ങളാണ് ഇന്നും നിഷ്പാദുക കൎമ്മലീത്തർ അനുസരിക്കുന്നത്. കൎമ്മലീത്താസഭയുടെ പൗരസ്ത്യദേശത്തേക്കുള്ള വ്യാപനം, ഡൊമിനിക്കൻ, ഫ്റാൻസീസ്കൻ എന്നീ സഭകളുടെ സ്ഥാപനം ഇവയാൽ 'സന്ന്യാസവൃത്തി'യിൽ ഒരു നവചൈതന്യമുണ്ടായി. സന്ന്യാസനിയമം, വ്രതാനുഷ്ഠാനം ഇവയോട് വൈദികവൃത്തിയുടെ ജോലികളും ചേൎത്ത് 16-ാം ശതകാരംഭത്തിൽ 'റെഗുലർ ക്ലേരിമാർ' (Clerks Regular) എന്ന പേരിൽ തിരുസ്സഭയുടെ ആവശ്യങ്ങൾക്കായി തങ്ങളെത്തന്നെ മുഴുവനായി നേൎന്നുകൊണ്ട് ഏതാനും അംഗങ്ങളാൽ ഒരു സന്ന്യാസസഭ രൂപമെടുത്തു. അവയിൽ പ്രാധാന്യമർഹിക്കുന്നവയത്രെ 'തീയററയിൻ' (Theatines-1524-ൽ), ബൎണ്ണബൈററ് (Barnabites- 1530-ൽ), ജസ്യൂിററ് (Jesuits- 1534-ൽ) എന്നീ സന്ന്യാസസഭകൾ.

## സന്ന്യാസികൾ ഇന്ത്യയിൽ

കത്തോലിക്കാ തിരുസ്സഭയിൽ വിവിധ ആവശ്യങ്ങളും, സന്ന്യാസജീവിതമാഗ്രഹിക്കുന്നവരുടെ വിഭിന്നവാസനതാല്പൎയ്യാദികളും സ്വഭാവവ്യത്യാസങ്ങളും അനുസരിച്ച് അൎത്ഥികൾക്കു

യോഗ്യമായവ തിരഞ്ഞെടുത്ത് ആ ജീവിതംവഴി ആത്മരക്ഷ നേടുവാൻ അനേകമനേകം സന്ന്യാസിനീസന്ന്യാസസഭകൾ ഓരോരോ കാലങ്ങളിലായി സ്ഥാപിതമായിട്ടുണ്ട്. ഇൻഡ്യയിൽ സന്ന്യാസികളുടെ മിഷൻപ്രവർത്തനം തിരുസ്സഭയുടെ ആദിമ നൂററാണ്ടുകളിൽ സമാരംഭിച്ചു. എങ്കിലും ഇൻഡ്യയിൽതന്നെ സ്ഥാപിതമായ ഒന്ന് 1831–വരെ ഇല്ലായിരുന്നു. 1831 മേയ് പതിനൊന്നാം തീയതി മാന്നാനം കുന്നിൽ, പള്ളിപ്പുറത്ത് സെമ്മിനാരിയിൽ പഠിപ്പിച്ചിരുന്ന പാലയ്ക്കൽ തോമ്മാ മല്പാനും അദ്ദേഹത്തിൻെറ മിത്രമായ പോരൂക്കര തോമ്മാമല്പാനുംകൂടി ശ്രമിച്ചതിൻെറ ഫലമായി ഭാരതത്തിലെ പ്രഥമ ഏതദ്ദേശീയ സന്ന്യാസസഭ "കേരളസുറിയാനി കർമ്മലീത്താസഭ"– അന്ന് വരാപ്പുഴവികാരി അപ്പസ്തോലിക്കായായിരുന്ന ഡോ. മൗറേലിയൂസ് സ്റ്റബിലീനി ഒ. സി. ഡി. തിരുമനസ്സിലെ അനുമതിയോടും ആശിസ്സോടുംകൂടി സമാരംഭിച്ചു. അത് സ്ഥാപകരുടെ കാലശേഷം അവരുടെ പ്രേഷ്ഠശിഷ്യനും സഹപ്രവർത്തകനുമായിരുന്ന സ്മരണാർഹനായ ചാവറ കുര്യാക്കോസച്ചൻെറ വിദഗ്ദ്ധശ്രമത്താൽ വിജയത്തിലെത്തി. അനേകംപേർ ആ 'കർമ്മലാരാമ'ത്തിൽ ഇന്ന് വിശ്രമം തേടിയിരിക്കുന്നു. കാലക്രമത്തിൽ പല സന്ന്യാസസഭകളും ഇൻഡ്യയിൽ സ്ഥാപിതമായി.

## മൂന്നുതരം സന്യാസസഭകൾ

നിരന്തരമായ പ്രാർത്ഥനയുടേയും തപസ്സിൻേറയും ഏകാന്തതയുടേയും അഭ്യസനത്തിനും ധ്യാനപരമായ ജീവിതത്തിനും സർവ്വപ്രധാനമായ സ്ഥാനം നൽകുന്ന സന്യാസസഭകളെ 'ധ്യാനോൽസുക്തസഭ' (Contemplative Orders) എന്നും, പരസ്നേഹപ്രവർത്തനങ്ങളിൽ ഒന്നോ പലതോ പ്രത്യേകം ലക്ഷ്യമാക്കി അതിനു പ്രാധാന്യം കല്പിക്കുന്ന സഭകളെ 'കർമ്മോൽസുക്തസഭ' (Active Orders) യെന്നും, ഇവ രണ്ടിനും തുല്യ പ്രാധാന്യം നൽകി സംയോജിപ്പിച്ചിട്ടുള്ള സന്ന്യാസസഭകളെ 'മിശ്രജീവിതം നയിക്കുന്ന സഭ' (Mixed Orders) യെന്നും സന്യാസിനിസന്ന്യാസസഭകളെ മൂന്നായി തരംതിരിച്ചിരിക്കുന്നു. എല്ലാ സന്ന്യാസസഭകളുടേയും പൊതുവായ ലക്ഷ്യം അംഗങ്ങളുടെ പുണ്യപൂർണ്ണത, ദൈവമഹത്വം, ആത്മാ

കളുടെ രക്ഷ ഇവയത്രെ. ഓരോ സഭക്കും ചില പ്രത്യേക ഉദ്ദേശ്യങ്ങളും അവക്കു് പ്രത്യേക മാർഗ്ഗങ്ങളും ഉണ്ടു്. അവയാണു് സന്യാസസഭകളെ തരത്തിലും എണ്ണത്തിലും വ്യത്യസ്ഥമാക്കിത്തീർക്കുന്നതു്.

"തിരുസ്സഭയുടെ അംഗീകാരം സിദ്ധിച്ചിട്ടുള്ള ഒരു സമൂഹത്തിൽ ന്യായമായ ഒരു തലവൻെറ കീഴിൽ നിന്നു പൊതുപ്രമാണങ്ങൾക്കു പുറമെ സുവിശേഷപുണ്യങ്ങളായ അനുസരണം, കന്യാവ്രതം, ദാരിദ്ര്യം എന്നിവ അനുസരിക്കാമെന്നുള്ള പരസ്യവ്രതങ്ങൾ സ്വീകരിച്ചും നിശ്ചിതമായ ചട്ടങ്ങൾ അനുസരിച്ചും സ്ഥിരമായി ജീവിക്കുന്ന മുറയാണു സന്യാസം" എന്നത്രെ തിരുസ്സഭാനിയമം സന്യാസജീവിതത്തെ നിർവ്വചിക്കുന്നതു്.

## സന്യാസജീവിതമാഹാത്മ്യം

"സന്യാസം നിർമ്മലവും പരിശുദ്ധവുമാകുന്നു. അതിൽ ഒരാൾ അധികം പരിശുദ്ധമായി ജീവിക്കുന്നു; ദുർല്ലഭമായി മാത്രം വീഴുന്നു; വളരെവേഗത്തിൽ കുറാങ്ങളിൽനിന്നെഴുന്നേല്ക്കുന്നു; കൂടുതൽ സൂക്ഷത്തോടെ മുന്നോട്ടു പോകുന്നു; ധാരാളമായി ദാനങ്ങൾ സ്വീകരിക്കുന്നു; വളരെ സമാധാനത്തോടെ ജീവിക്കുന്നു; കൂടുതൽ ശരണത്തോടെ മരിക്കുന്നു; വേഗത്തിൽ ശുദ്ധീകരിക്കപ്പെടുന്നു; ഏററം വലിയ സമ്മാനം പ്രാപിക്കുകയും ചെയ്യുന്നു" എന്നിപ്രകാരം സന്യാസജീവിതത്തിൻെറ മാഹാത്മ്യത്തെ വിശുദ്ധ ബർണ്ണാഡു് പ്രസ്താവിക്കുന്നു.

"സന്യാസി ആവുക എന്നതുതന്നെ എന്താണു്? അതു് നിരന്തരമായ സ്വയപരിത്യാഗത്താൽ ദൈവത്തോടു് സ്വയം ബന്ധിച്ചു് അവിടുത്തേക്കുവേണ്ടിമാത്രം ജീവിക്കുന്നതാകുന്നു. നമ്മുടെ കണ്ണു്, നാവു് മുതലായ ഓരോ അവയവവും അവിടുത്തേക്കു നിരന്തരം പരിചരണംചെയ്തുകൊണ്ടിരിക്കണം. സ്വയപരിത്യാഗത്തിൻേറയും, സ്വയനിഗ്രഹത്തിൻേറയും ഒരു പഠനക്കളരിതന്നെയാണു സന്യാസം."

(വി. ഫ്റാൻസിസ് സാലെസ്)

"ആരെങ്കിലും സന്യാസത്തിൻെറ കടമകളും നിയമങ്ങളും ശരിയായി അനുസരിക്കാമെന്നുള്ള നിശ്ചയത്തോടുകൂടി

അതിൽ പ്രവേശിക്കുന്നതിനു തീരുമാനിക്കുന്നെങ്കിൽ അതു ഏതു് സാഹചര്യങ്ങളിൽനിന്നുൽഭൂതമായിരുന്നാലും ശരി അനിശ്ചയം– ആ വിളി– ദൈവത്തിൽനിന്നുതന്നെയാണു് എന്നതിൽ സംശയത്തിനവകാശമില്ല.

(വേദശാസ്ത്രപണ്ഡിതനായ ലേസ്സിയ്യൂസ്)

"ഇതര ജീവിതാവസ്ഥകളെയപേക്ഷിച്ച് വളരെ കുറഞ്ഞതായ പരിചിന്തനം ആവശ്യപ്പെടുന്നതും, തിരഞ്ഞെടുക്കുന്നതിൽ മറ്റുള്ളവയേക്കാൾ കുറച്ചുമാത്രം സംശയങ്ങൾ ജനിപ്പിക്കുന്നതും സന്ന്യാസജീവിതമത്രെ. എന്തെന്നാൽ ആത്മാവിനെ രക്ഷിക്കുന്ന കാര്യത്തിൽ വിഷമതകൾ ഏററം കുറച്ചുമാത്രം അനുഭവപ്പെടുന്നതും സുരക്ഷിതമായ മാർഗ്ഗങ്ങൾ ധാരാളമായി കണ്ടെത്തപ്പെടുന്നതും ഈ ജീവിതാവസ്ഥയിലാണ്."

(മോൺ. മാലോ)

"സന്ന്യാസജീവിതത്തിൽനിന്നുളവാകുന്ന സന്തോഷത്തെ മനഃപൂർവ്വമായിട്ടാണ് ദൈവം മറച്ചുവച്ചിരിക്കുന്നതു്. എന്തുകൊണ്ടെന്നാൽ ശരിയായി അതറിഞ്ഞിരുന്നെങ്കിൽ എല്ലാവരും ലോകം ഉപേക്ഷിച്ച് സന്ന്യാസത്തിലേക്ക് പറന്നെത്തുമായിരുന്നു." (വി. ലോറെൻസ് ജസ്റ്റീനിയൻ)

"സന്ന്യാസികൾ അവരുടെ ശാന്തമായ ജീവിതത്തിൽ അനുഭവിക്കുന്ന സമാധാനം മനുഷ്യർ മുഴുവൻ അറിഞ്ഞിരുന്നെങ്കിൽ ലോകം മുഴുവൻ ഒരു വലിയ സന്ന്യാസാശ്രമമാകുമായിരുന്നു." (വി. സ്കൊളാസ്റ്റിക്ക)

"ഞാൻ കണ്ടിട്ടുള്ളതിൽ ഏററം സന്തുഷ്ടരായ ആളുകൾ സന്യാസസഭകളിലെ ചില അംഗങ്ങളാണ്."

(അർനോൾഡ് ലൺ)

## സന്യാസസഭാവിഭജനം

സന്യാസസഭാംഗങ്ങൾ അനുഷ്ഠിക്കുന്ന 'വ്രതങ്ങൾ' (Vows) ആഘോഷമായിട്ടുള്ളതോ (Solemn), സാമാന്യമായിട്ടുള്ളതോ (Simple) ആകാം. ഒരു സന്ന്യാസസഭയിലെ വ്രതങ്ങൾ ആഘോഷമായതോ, സാമാന്യമായതോ എന്നു് നിർണ്ണയിക്കുന്നതു് തിരുസ്സഭയാണ്. സാമാന്യവ്രതങ്ങൾ സ്വീകരി

ക്കുന്ന അംഗങ്ങളുള്ള സന്ന്യാസസഭയെ "കോൺഗ്രിഗേഷൻ" (Congregation) എന്നും, ആഘോഷമായ വ്രതങ്ങൾ സ്വീകരിക്കുന്നതിനെ 'ഓർഡർ' (Order) എന്നും നാമകരണം ചെയ്തിരിക്കുന്നു. ഒരു രൂപതാദ്ധ്യക്ഷൻെറ നിയന്ത്രണത്തിലിരിക്കുന്ന സന്ന്യാസസഭയെ 'രൂപതാസന്ന്യാസസഭ' (Diocesan Congregation) എന്നാണു പറയുന്നത്. ഒരു രൂപതാസന്ന്യാസസഭയ്ക്കു തിരുസിംഹാസനത്തിൽനിന്നും അംഗീകരണമോ, പ്രശംസാപത്രമോ ലഭിക്കുമ്പോൾ ആ സഭയ്ക്കു 'പൊന്തിഫിക്കൽ സന്ന്യാസസഭ' (Juris Pontificii) എന്ന പേരു ലഭിക്കുന്നു. കേരളത്തിൽ സാമാന്യവ്രതങ്ങൾ അനുഷ്ഠിക്കുന്ന പൌരസ്ത്യറീത്തിൽപ്പെട്ട ഏക പൊന്തിഫിക്കൽ സഭയാണു 'കേരളസുറിയാനി കർമ്മലീത്താ സന്ന്യാസസഭ'. സന്ന്യാസസഭകളുടെയെല്ലാം പരമാധികാരി റോമ്മാമാർപ്പാപ്പായാണ്.

## ആധുനികസ്ഥിതി

സന്ന്യാസസഭാംഗങ്ങൾ ദാരിദ്ര്യം, ബ്രഹ്മചര്യം, അനുസരണം എന്നീ മൂന്നു വ്രതങ്ങൾ അനുഷ്ഠിക്കുന്നു. സന്ന്യാസാർത്ഥിനിയർത്ഥികൾ നോവിഷ്യേറ്റ്- പരിശീലനകാലാനന്തരം ആദ്യം താല്ക്കാലികവ്രതങ്ങളും പിന്നീട് നിത്യവ്രതവും ക്രിസ്തുവിൻെറ പ്രതിനിധിയായ സന്ന്യാസസഭാധികാരിയുടെ മുമ്പിൽ പറഞ്ഞൊത്തു സ്വയം ദൈവശുശ്രൂഷയ്ക്കായി ബലിയർപ്പിക്കുന്നു. വൈദികന്മാർ, സഹോദരന്മാർ, കന്യാസ്ത്രീകൾ എന്നിങ്ങനെ മൂന്നുതരക്കാരുണ്ട് സന്ന്യാസസഭയിൽ. ഓരോ സന്ന്യാസാർത്ഥിനിയർത്ഥികളുടേയും യോഗ്യതായോഗ്യതകളെ നിർണ്ണയിക്കുന്നതു ഓരോ സന്ന്യാസസഭകളുടേയും മേലധികാരികളാണ്. പൌരോഹിത്യവും സന്ന്യാസവും ഒത്തിണങ്ങിയ പരിപാടിയാണ് സന്ന്യാസവൈദികരുടേതു്. സന്ന്യാസിനീ സന്ന്യാസസഭാംഗങ്ങളും അവരുടെ വിവിധപ്രവർത്തനങ്ങളും ഇന്നു കേരളീയർക്ക് സുപരിചിതമാണല്ലോ. വൈദികരും, സഹോദരികളും, സഹോദരന്മാരുമായി കേരളത്തിൽ മിക്ക രൂപതകളിലുമുള്ള സന്ന്യാസാശ്രമങ്ങൾവഴി വിവിധതരത്തിൽ ചെയ്യുന്ന സേവനം എത്ര പ്രശംസാർഹം! കേരളകത്തോലിക്കാസഭയുടെ മണിദീപങ്ങളായി അവർ വർത്തിക്കുന്നു. കത്തോ

ലിക്കാ തിരുസ്സഭയിൽ 1956-ൽ 90264 സന്ന്യാസഭവനങ്ങളാണുണ്ടായിരുന്നതു്. അവയിൽ 17922 കൊവേന്തകളും, 72342 മഠങ്ങളുമാണ്. 1066702 സന്ന്യാസിനീസന്ന്യാസികളിൽ 180443 സന്ന്യാസികളും, 886259 കന്യാസ്ത്രീകളും ഉണ്ടായിരുന്നു.

---

## അദ്ധ്യായം 3

# അൽമായ സന്ന്യാസം

പൗരോഹിത്യം, സന്ന്യാസം, വിവാഹജീവിതം എന്നീ മൂന്നു ജീവിതാന്തസ്സുകളേ കത്തോലിക്കാതിരുസ്സഭയിൽ ഉണ്ടായിരുന്നുള്ളുവെങ്കിലും ക്രിസ്തീയപുണ്യപൂർണ്ണത പ്രാപിക്കുവാൻ അൽമായ ജീവിതത്തിനും സന്ന്യാസത്തിനുമിടയ്ക്കു് 'അൽമായ സന്ന്യാസം' എന്ന പേരിൽ ഒരു പുതിയ ജീവിതമുറകൂടി ഇപ്പോൾ തിരുസ്സഭ അംഗീകരിച്ചിരിക്കുന്നു. സെക്കുലർ സൊസൈററി, സെക്കുലർ ഇൻസ്റ്റിററ്യൂട്ട് എന്നൊക്കെയാണ് ഈ ജീവിതാവസ്ഥയ്ക്കു് പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ തിരുമേനി കൊടുത്തിരിക്കുന്ന പേരു്. പുരുഷന്മാർക്കും സ്ത്രീകൾക്കും പ്രത്യേകം വിഭാഗങ്ങളുണ്ട്. പരസ്യവ്രതങ്ങളും സന്ന്യാസവേഷവും നിർബന്ധമില്ല.

### വ്രതത്രയങ്ങൾ നിർബന്ധമല്ല

ഇതിനും പൊതുവെ ചില നിയമങ്ങളുണ്ട്. ഒരുപക്ഷെ, ഒന്നിൽ കാണുന്ന നിയമങ്ങൾ മററൊന്നിൽ കണ്ടില്ലെന്നുവരാം. ചില സംഘടനകളിൽ കന്യാത്വവാഗ്ദാനം അനുഷ്ഠിക്കുക നിർബന്ധമാണ്. ദാരിദ്ര്യം, അനുസരണം എന്നീ വ്രതങ്ങൾ ചിലതിൽ പ്രധാനമാണ്. ഇതിലെ അംഗങ്ങളുടെ വ്രതവാഗ്ദാനം രഹസ്യത്തിലാണ് അധികവും നടത്തുന്ന

ല്. വസ്ത്രധാരണരീതിയും പ്രവൎത്തനങ്ങളും അൽമായരുടേതു തന്നെ. ചില സംഘടനകളിലെ അംഗങ്ങൾക്ക് രണ്ടു വൎഷത്തെ 'നോവിഷ്യേറ്റു' ഉണ്ട്. ദാരിദ്ര്യവ്രതം കാൎയ്യമായിട്ടില്ലെങ്കിലും തങ്ങളുടെ കൈവശം വന്നുചേരുന്ന വരുമാനം ഓരോരുത്തരുടേയും ഇഷ്ടംപോലെ വിനിയോഗിക്കുവാൻ അനുവദിക്കുയില്ല. അംഗങ്ങളുടെ ന്യായമായ ചിലവുകളെല്ലാം സംഘടന നേരിട്ടുതന്നെ വഹിക്കുന്നു. അംഗങ്ങൾ കൂട്ടമായോ, തനിച്ചോ പ്രവൎത്തനങ്ങളുടെ ഗതിവിഗതികളനുസരിച്ച് സഭാധികാരികളുടെ അനുമതിയോടുകൂടി താമസിക്കുന്നു. ഓരോ സംഘടനയ്ക്കും ഒരു കേന്ദ്രാലയവും മേലധികാരികളും, സാധാരണ ആശ്രമങ്ങൾക്കു് അധികാരികളും മററും സന്യാസസഭകളുടേതുപോലെതന്നെ ഇതിനും ഉണ്ട്.

## പ്രാരംഭവും വ്യാപ്തിയും

യൂറോപ്യൻ രാജ്യങ്ങളിലാണ് ഇപ്രകാരമുള്ള 'അൽമായമിഷൻസംഘടന'കൾ ആദ്യമായി സമാരംഭിച്ചതു്. 'മിഷനറി ലേമെൻസ് മൂവ്മെൻറ്' എന്ന പേരിൽ പുരുഷന്മാൎക്കായി ബിഷപ്പ് സോറിൻ M. S. C. ഒരു സംഘടന സ്ഥാപിക്കയുണ്ടായി. അവയുടെ ശാഖകൾ ധാരാളമുണ്ട്. എൻജിനീയറന്മാർ, വ്യാപാരികൾ, അദ്ധ്യാപകർ, കൃഷിക്കാർ തുടങ്ങിയ വിവിധതരത്തിലുള്ള അനേകംപേർ ഇവയിലെ അംഗങ്ങളായി പ്രശസ്തമായ സേവനം നടത്തിവരുന്നു.

ജൎമ്മനിയിൽ "മിഷൻ മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്" എന്ന സംഘടനയ്ക്കു് ഇതിനകം 200-ളം ഡോക്ടറന്മാരെ മിഷൻ രംഗങ്ങളിലേക്കു് നൽകുന്നതിനു കഴിഞ്ഞിട്ടുണ്ട്. അനേകരെ സ്വീകരിച്ച് പരിശീലനം നൽകുന്നുമുണ്ട്.

"ആദ്‌ലൂച്ചം അസോസിയേഷൻ", "ലിനിഡ്", "അൽമായ കന്യാസ്ത്രീകൾ", "ഗ്രെയിൽ"തുടങ്ങിയ ഇത്തരം അനേകം 'അൽമായ മിഷനറി സംഘടന'കളിൽ അംഗങ്ങളായി ചേൎന്ന് ഫ്റാൻസ്, പാരീസ്, ആഫ്റിക്ക, അമേരിക്ക, ആസ്ത്രേലിയാ, ഇംഗ്ലണ്ട്, ജൎമ്മനി, ബ്രസീൽ എന്നി പല രാജ്യങ്ങളിലും പ്രവൎത്തനം നടത്തുന്നുണ്ട്. മിഷൻരംഗങ്ങളിൽ മിഷനറിമാരോടു് സഹകരിച്ചാണ് ഇവരുടെ പ്രധാനമായ പ്രവ



1955-ൽ തേവരവച്ചു നടത്തിയ അഖിലേന്ത്യാ സന്യാസസമ്മേളനത്തിന്റെ ഒരു ഭാഗം.



കേരളീയ യുവാക്കൾ തിരുപ്പട്ടാർത്ഥികൾ. അവരുടെ പ്രൊവിൻഷ്യാൾ മദ്ധ്യത്തിൽ.

ത്തനം. അതു മററു മിഷനറിമാക്ക് വലിയ ഒരാശ്വാസം നല്കുന്നു. സാധാരണ മിഷനറിമാക്ക് പ്രവേശനം തടയപ്പെട്ടിരിക്കുന്ന രംഗങ്ങളിൽപോലും ഇവരുടെ വസ്ത്രധാരണരീതിയാലും മററും വളരെ എളുപ്പത്തിൽ പ്രവേശിച്ച് അനാഗതരുടെ മദ്ധ്യേ ക്രിസ്തുവിൻെറ ദിവ്യസന്ദേശം അറിയിക്കുവാനും വിവിധതരത്തിലുള്ള പ്രവത്തനങ്ങളാൽ അവരെ സഹായിക്കുന്നതിനും സാധിക്കുന്നുണ്ടെന്നുള്ളതു് പ്രസ്താവാർഹമത്രെ.

## ഇൻഡ്യയിലും ആവശ്യംതന്നെ

ഇപ്രകാരമുള്ള മിഷ്യനറിമാരെ ഇന്ത്യയിലെ ഓരോ മിഷൻ ഗ്രാമങ്ങൾക്കും ആവശ്യമായിരിക്കയാണ്. ഇതിൻെറ ആവശ്യം മനസ്സിലാക്കി 1951-ൽ 'ലക്[illegible] ത്രുപത'യിൽ "അഗതികളുടെ ദാസികൾ" എന്ന പേരിലും, 1903-ൽ 'മധുര ത്രുപത'യിൽ 'പാളയംകോട്ട്' "തിരുഹൃദയ ഭാതൃസംഘം" എന്ന പേരിൽ പുരുഷന്മാക്കായും ഓരോ സംഘടന സമാരംഭിക്കയുണ്ടായി. എന്നാൽ അവസ്സ് വേണ്ടവിധത്തിൽ പ്രോത്സാഹനം ലഭിക്കാതെ തളൻകിടക്കുകയായിരുന്നു. ഏതാനും വഷങ്ങളായി ഈ സംഘടനകളിലേയ്ക്ക് ധാരാളംപേർ അർത്ഥികളായിച്ചേരുന്നുണ്ട്. അതുരശ്രുശ്രൂഷ, വിദ്യാലയപ്രവത്തനം, വേദപ്രചരണം, അശ്രുപത്രിസേവനം ഇവയൊക്കെ ഇന്ത്യയിലെ "അൽമായസന്യാസമിഷനറി"മാരുടേയും പ്രവത്തനങ്ങളാണ്.

വിദ്യാഭ്യാസയോഗ്യതയും, നഴ്സിംഗും, ടയിനിംഗും, കോളേജ് പഠനവും മററുമുള്ള കേരളീയ യുവതീയുവാക്കൾ- സന്യാസത്തിൻേറയോ, പൗരോഹിത്യത്തിൻേറയോ കഠിനനിയമങ്ങളെയും പ്രവത്തനങ്ങളെയും ഭയപ്പെടുന്നവർ- ഭാരതത്തിൽതന്നെ സ്ഥാപിതമായ ഈ 'അൽമായസന്യാസമിഷനറി സംഘടന'യിലേയ്ക്ക് പ്രവേശിക്കുക. ഭാരതത്തിലുള്ള വിവിധ മിഷൻ രംഗങ്ങളിൽ വിശ്രമമില്ലാതെ പണിയെടുക്കുന്ന മിഷനറിമാരെ സഹായിക്കുക. കേരളത്തിലെ അൽമായ ജനതയും മററു ചുമതലപ്പെട്ടവരും ഇവയുടെയും വിജയത്തിനായി ശ്രമിക്കട്ടെ!

---

# അദ്ധ്യായം 4

## വിവാഹജീവിതം

സ്ത്രീയും പുരുഷനും തമ്മിൽ വിശുദ്ധവും അവിഭാജ്യവുമായ ഐക്യം ഉളവാക്കുന്നതും, അവർ അന്യോന്യം നിർമ്മലമായി സ്നേഹിക്കുന്നതിനും തങ്ങളുടെ സന്താനങ്ങളെ ഉത്തമ ക്രിസ്ത്യാനികളായി വളർത്തുന്നതിനും വേണ്ട വരപ്രസാദം നൽകുന്നതുമായ ഒരു കൂദാശയാണ് വിവാഹം. വിവാഹജീവിതത്തിൻെറ ഭാരവലിപ്പത്തേയും ഉത്തരവാദിത്വത്തേയും വളരെ ഗുരുതരമാക്കി ദിവ്യരക്ഷകൻ വിവാഹജീവിതത്തിലേയ്ക്കു വിളിക്കപ്പെടുന്നവരുടെ നന്മയ്ക്കായി അതിനെ ഒരു കൂദാശയായി ഉയർത്തിയിരിക്കുന്നു. ഐക്യത്തിലും, സമാധാനത്തിലും ഒരുമിച്ചു ജീവിക്കുവാൻ ഈ കൂദാശ അവരെ പ്രാപ്തരാക്കുന്നു. ദമ്പതികളുടെ സമചിത്തത, പരസ്പരക്ഷമ, അന്യോന്യബഹുമാനം, പരസ്പരവിശ്വാസം, കുററങ്ങളുടെയും കുറവുകളുടെയും സംശയങ്ങളുടെയും ദൂരീകരണം ഇവയെല്ലാം വിവാഹജീവിതത്തെ വിജയത്തിലെത്തിക്കുന്ന വിവിധ ഘടകങ്ങളത്രെ. ഏകാന്തവാസംപോലെ പരിശുദ്ധവും കളങ്കരഹിതവുമായിരിക്കണം വിവാഹജീവിതവും. വിവാഹജീവിതത്തിൻെറ കടമകൾ വളരെ നിഷ്ഠയോടും സൂക്ഷ്മതയോടും കൂടി ഭാര്യാഭർത്താക്കന്മാർ നിർവ്വഹിക്കണം. കുററങ്ങളും കുറവുകളും പരസ്പരം ക്ഷമിച്ചു് സമാധാനത്തിലാകുക. കലഹങ്ങൾക്ക് അവസരം രൂപീകരിക്കരുതു്. സ്വഭാവശുദ്ധിയും വിവേകവും ദൈവഭക്തിയുമുള്ള ഒരു സ്ത്രീയെ ലഭിക്കയെന്നതു് ഒരു പുരുഷൻെറ മഹാഭാഗ്യംതന്നെ. ഭാര്യാഭർത്താക്കന്മാർ കുടുംബനഭോമണ്ഡലത്തിലെ സൂര്യചന്ദ്രന്മാരാണ്. അവർ കുടുംബത്തിനു ചൂടും വെളിച്ചവും നൽകുന്നു. പുരുഷൻെറ (ആദം) വാരിയെല്ലിൽനിന്നാണ് ദൈവം സ്ത്രീയെ (ഹവ്വാ) സൃഷ്ടിച്ചതു്. "പുരുഷൻ സ്ത്രീക്കുവേണ്ടിയല്ലാ, പിന്നെയോ സ്ത്രീ പുരുഷനുവേണ്ടിയാണു സൃഷ്ടിക്കപ്പെട്ടതു്" (St. Paul I Cor: XI/9) വിവാഹജീവിതത്തിൻെറ മാഹാത്മ്യവും സ്ഥാനവും

ലോകത്തിനു വെളിപ്പെടുത്താനാണ് ദൈവം പറുദീസായിൽ ആദത്തിനു ഒരു സഖിയെ നൽകിയതു്. സ്ത്രീ പുരുഷൻെറ അടിമയോ, അധിപയോ അല്ല.

കുടുംബത്തിൻെറ ഉത്ഭവത്തിനും മനുഷ്യഗണത്തിൻെറ നിലനില്പിനും പ്രചരണത്തിനും വിവാഹം വലിയ ഉപകരണം തന്നെ. "വിവാഹത്തിൻെറ ഒന്നാമത്തെ ഉദ്ദേശ്യം സന്താനങ്ങളുടെ ഉല്പാദനവും വളർത്തലുമാകുന്നു". വിവാഹത്തിൻെറ നിയമങ്ങൾക്കു വിരുദ്ധമായ ഒന്നത്രെ സന്താനനിയന്ത്രണം. സന്താനോല്പാദനത്തെ തടയുന്നതും, മനുഷ്യൻെറ ജീവനെ നശിപ്പിക്കുന്നതുമായ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതു് ഗുരുതരമായ പാപംതന്നെ. വിവാഹജീവിതത്തിൻെറ തത്വങ്ങൾക്കെതിരായി പുതിയ പുതിയ മാർഗ്ഗങ്ങൾ അനുദിനം ആവിർഭവിച്ചുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണല്ലോ ഇതു്. കുടുംബങ്ങളാണ് സമുദായത്തിൻേറയും രാഷ്ട്രത്തിൻേറയും ശക്തികേന്ദ്രങ്ങൾ. ക്രിസ്തീയകുടുംബങ്ങൾ കത്തോലിക്കാതിരുസ്സഭയുടെ ശക്തികേന്ദ്രങ്ങൾതന്നെ. കത്തോലിക്കാകുടുംബത്തിൻെറ ഭരണാധികാരികളാണ് ഭാര്യാഭർത്താക്കന്മാർ. "സ്ത്രീകൾ, കർത്താവിനെന്നോണം തങ്ങളുടെ ഭർത്താക്കന്മാൎക്കു വിധേയരായിരിക്കട്ടെ. എന്തുകൊണ്ടെന്നാൽ ക്രിസ്തു സഭയുടെ ശിരസ്സായിരിക്കുന്നതുപോലെ, ഭർത്താവു ഭാര്യയുടെ ശിരസ്സാകുന്നു... എന്തെന്നാൽ സഭ ക്രിസ്തുവിന്നു വിധേയമായിരിക്കുന്നതുപോലെ ഭാര്യമാർ എല്ലാ കാര്യങ്ങളിലും തങ്ങളുടെ ഭർത്താക്കന്മാൎക്ക് വിധേയരായിരിക്കട്ടെ". (St. Paul Eph: V/22-24.) "പുരുഷൻ സ്ത്രീയുടെ ശിരസ്സാകുന്നു". (St. Paul I Cor. XI/3)

"നീ നിൻെറ ഭർത്താവിൻെറ അധീനത്തിൽ ഇരിക്കണം. അവൻ നിൻെറമേൽ ഭരണം നടത്തുകയും ചെയ്യും" എന്നു ദൈവം പറുദീസായിൽവച്ച് ഹവ്വായോട് അരുളിച്ചെയ്കയുണ്ടായി. "ഭാര്യമാർ തങ്ങളുടെ ഭർത്താക്കന്മാൎക്കു കീഴ്പ്പെട്ടിരിക്കണം". (I St. Peter 3/1). ഈ സാക്ഷ്യങ്ങളെല്ലാം ഭർത്താവിന്നു ഭാര്യയുടെമേലുള്ള അധികാരത്തേയും, ഭാര്യക്കു ഭർത്താവിൻെറനേർക്കുണ്ടായിരിക്കേണ്ട അനുസരണത്തേയും സ്ഥാപിക്കുന്നു. ഭർത്താവു ഭാര്യയോടു വർത്തിക്കേണ്ടതു ഒരു അടിമയെന്ന നിലയിലല്ല. ഭർത്താവു ഭാര്യയെ സഖിയായി കരുതണം. "എനിക്കു സഖിയായി നൽകിയ സ്ത്രീ" (Gen. 3/12) എന്നും

ന്് ആദം ഭാൎയ്യയെപ്പററി പറഞ്ഞിരിക്കുന്നതു്. ഭർത്താവിന്റെ ആജ്ഞയെ ദോഷമില്ലാത്ത എല്ലാകാൎയ്യങ്ങളിലും ഭാൎയ്യ അനുസരിക്കണം. ഒരു ഉത്തമസഖിയെന്ന നിലയിൽ ഭാൎയ്യയുടെ ഉപദേശം സ്വീകരിക്കുന്നതു ഭർത്താവിനു ഗുണകരംതന്നെ. ഭൎത്താവിന്റെ അധികാരത്തിനും ഉപദേശത്തിനും വിധേയയായി ഭാൎയ്യയും, സഖിയെന്നനിലയിൽ ഭാൎയ്യയെ കരുതി ഭൎത്താവും ഉപദേശങ്ങളും നിർദ്ദേശങ്ങളുംവഴി അന്യോന്യം സഹായിക്കുന്നതു് ഉത്തമമത്രെ. ബഹുമാനം, സ്നേഹം, സംരക്ഷണം, ക്ഷമ ഇവയെല്ലാം വിവാഹജീവിതത്തെ വിജയത്തിലെത്തിക്കുന്നു. ഇവയിൽ ചിലതിന്റെ അഭാവത്താൽ പല കുടുംബങ്ങളിലും കലഹങ്ങളും അസമാധാനങ്ങളും പലപ്പോഴും ഉണ്ടാകാറുണ്ടു്.

"ഭൎത്താക്കന്മാരെ, നിങ്ങൾ വിവേകപൂൎവ്വം ഭാൎയ്യമാരോടുകൂടി വസിച്ചു്, സ്ത്രീ ബലഹീനതയേറിയ പാത്രമാണെന്നും നിത്യജീവന്റെ നന്മയ്ക്കു കൂട്ടവകാശികളെന്നും ഓൎത്തു അവരെ ബഹുമാനിപ്പിൻ." (St. Peter 3/7)

"ഭാൎയ്യമാർ തങ്ങളുടെ ഭൎത്താക്കന്മാരെ ബഹുമാനിക്കുകയും അവരുടെ സ്വന്തം പേരിനാൽ അവരെ വിളിക്കാതിരിക്കയും ചെയ്യട്ടെ". (St. Ignatius)

ഭൎത്താക്കന്മാരെ, ക്രിസ്തു സഭയെ സ്നേഹിച്ചതുപോലെ നിങ്ങൾ നിങ്ങളുടെ ഭാൎയ്യമാരെ സ്നേഹിപ്പിൻ"

(St. Paul, Eph. V/25)

ഒരു ഭൎത്താവിനു ഭാൎയ്യയോടു് ഉൽകൃഷ്ടവും അകൃത്രിമവുമായ സ്നേഹം ഉണ്ടായിരിക്കണം. അതുപോലെ ഭാൎയ്യക്കു ഭൎത്താവിനോടും. ഭൎത്താവിന്റെ സുഖക്ഷേമങ്ങളേയും ബഹുമാനത്തേയും ഭാൎയ്യ സംരക്ഷിക്കണം. സ്വപ്രയത്നംകൊണ്ടു് ഭാൎയ്യയേയും കുട്ടികളേയും ഭൎത്താവു സംരക്ഷിക്കണം. അതെ, കുടുംബത്തെ സംരക്ഷിക്കുകയെന്നതു് ഭൎത്താവിന്റെ പ്രധാനധൎമ്മംതന്നെ. എങ്കിലും, ഭാൎയ്യ ആ ജോലിയിൽ ഭൎത്താവിനെ എല്ലാവിധത്തിലും സഹായിക്കണം. "സമൎത്ഥയായ ഒരു സ്ത്രീ അവളുടെ ഭൎത്താവിനു ഒരു കിരീടമാകുന്നു" (Proverbs 12/4) എന്ന ചൊല്ലു് ഓരോ ഭാൎയ്യയും അന്വൎത്ഥമാക്കട്ടെ! നിങ്ങൾ "ഭാരങ്ങളെ പരസ്പരം വഹിക്കുവിൻ". (Gal. VI/2)

സ്ത്രീ പുരുഷനേയപേക്ഷിച്ച് ബലഹീനയാണ്. ഭർത്താവു ഭാര്യയുടെ കുററങ്ങളെ അനുകമ്പാപൂർവ്വം ക്ഷമിച്ച് ഉപദേശിക്കുക. നല്ല ഭാര്യ ദൈവത്തിൻെറ ദാനംതന്നെ. ഭർത്താക്കന്മാരതിനു ദൈവത്തിനു നന്ദിപറയണം. "നല്ല സ്ത്രീ ഒരു നല്ല ഓഹരിയാകുന്നു; അവൾ ദൈവത്തെ ഭയപ്പെടുന്നവരുടെ അവകാശമായി നല്ല പുരുഷനു അവൻെറ നല്ല ക്രിയകൾക്കു പ്രതിഫലമായി നൽകപ്പെടും". (Eccli. 26/3) വധൂവരന്മാർ തമ്മിൽ ഐക്യത്തിലും സൌഹാർദ്ദത്തിലും വർത്തിക്കുക. തങ്ങൾക്കും കുടുംബങ്ങൾക്കും, സമുദായത്തിനും, രാജ്യത്തിനും അതു ഒരു വലിയ നേട്ടംതന്നെയായിരിക്കും. വിവാഹജീവിതത്തിൽ പല ക്ലേശങ്ങളും അനുഭവപ്പെട്ടേക്കാം. അവയഥാവസരം സസന്തോഷം തരണംചെയ്തു വിവിധ കടമകൾ നിർവ്വഹിച്ച് ക്രിസ്തീയഭക്തിയിലും സഹനത്തിലും മാതൃകയിലും ജീവിക്കുക. ഭാര്യ നന്നായാൽ ഭർത്താവും, ഭർത്താവു നന്നായാൽ ഭാര്യയും സ്വഭാവത്തിലും ജീവിതത്തിലും നല്ലവരായിത്തീരും. നിങ്ങളുടെ സന്താനങ്ങൾ ഉത്തമരായിത്തീരും. നിങ്ങളുടെ കുടുംബജീവിതം വിജയത്തിലെത്തും.

"സ്ത്രീയുടെ സ്ഥാനം ഗൃഹത്തിലാണ്. അവിടെയാണ് അവൾക്കു സ്വാധീനശക്തിയുള്ളതു്. ദാമ്പത്യജീവിതത്തിലുള്ള സഹകരണം പരസ്പരമുള്ള സഹനത്തേയാണു ആശ്രയിച്ചിരിക്കുന്നതു്. സന്താനങ്ങൾ ദൈവത്തിൽനിന്നു ലഭിക്കുന്ന അനുഗ്രഹങ്ങളാകുന്നു. ഭർത്താവു കുടുംബത്തിൽ അധികാരിയായിരിക്കണം. കുടുംബാംഗങ്ങളുടെ സംരക്ഷണത്തിനുള്ളവ അയാൾ ഉണ്ടാക്കിക്കൊടുക്കണം. ക്രിസ്തുവിൻെറ ദൃഷ്ടിയിൽ കുടുംബത്തിനുള്ള മാനത്തെ അയാൾ പാലിച്ചുകൊണ്ടിരിക്കയുംവേണം. വിവാഹം ക്രൂദാശയാകുന്നു. തന്മൂലം വിവാഹമോചനം നിഷിദ്ധമാകുന്നു. ഭാര്യാഭർത്താക്കന്മാർ തമ്മിൽ പിരിഞ്ഞു താമസിക്കുന്നതു് വളരെ അപകടകരമാണു്. ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള വിശ്വസ്തത എല്ലായ്പ്പോഴും പരിപൂർണ്ണമായും നിഷ്കളങ്കമായും പാലിക്കപ്പെടണം..." (12–ാം പീയൂസ് മാർപ്പാപ്പാ.)

## അദ്ധ്യായം 5

# യുവതികൾ ശ്രദ്ധിക്കുക

സാധാരണയായി നിങ്ങൾക്കു യുവപ്രായം സിദ്ധിക്കുന്ന തോടുകൂടി നിങ്ങളെ ഏതെങ്കിലും ഒരു ജീവിതാന്തസ്സിൽ ഏല്പെടുത്തി ഭാവിയ്ക്കു വിജയമാർഗ്ഗം നിർദ്ദേശിച്ചുതരുവാൻ കർത്തവ്യബോധമുള്ള മാതാപിതാക്കളോ, മററു ചുമതലപ്പെട്ടവരോ ശ്രദ്ധിക്കാറുണ്ട്. യഥാവസരം നിങ്ങളും ഏതെങ്കിലും ഒരു ജീവിതപഥം സ്വീകരിക്കുവാൻ വെമ്പൽകൊള്ളുന്നില്ലേ? പ്രസ്തുത വേളയിൽ നിങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതും സഹായകവുമായ ചില കാര്യങ്ങൾ ഈ അദ്ധ്യായത്തിൽ ഞാൻ പ്രസ്താവിച്ചുകൊള്ളുന്നു. സന്യാസജീവിതം, വിവാഹജീവിതം, അൽമായസന്യാസം എന്നീ മൂന്നു ജീവിതമുറകളാണ് കത്തോലിക്കാ തിരുസ്സഭയിൽ സ്ത്രീകൾക്കായി ഉള്ളത്.

## I. വിവാഹാന്തസ്സുകാർ

ഒരു സാമൂഹ്യജീവിയെന്ന നിലയിൽ മനുഷ്യന്റെ ജീവിതസ്ഥിതിയെ സംബന്ധിച്ചുള്ള പൊതുനിയമം വിവാഹിതനാവുകയെന്നുള്ളതാണ്. അതിനാലായിരിക്കണം "വദ്ധിച്ചു പെരുകുക"യെന്നു ദൈവം ആജ്ഞാപിച്ചിട്ടുള്ളതു്.

1) വിവാഹജീവിതത്തിന്റെ ശോഭനമായ ഭാവിക്ക് ദമ്പതികളുടെ സ്വഭാവം വളരെയധികം സഹായിക്കുന്നുണ്ട്. വരനെ നീ തിരഞ്ഞെടുക്കുമ്പോൾ സ്വത്തോ, കോമളത്വമോ അല്ല കാര്യമായി പരിഗണിക്കേണ്ടതു്. അസന്മാർഗ്ഗികതയിലും, മദ്യപാനത്തിലും, ദുഷിച്ച കൂട്ടുകെട്ടിലും മററും പങ്കുകൊണ്ടു് തോന്ന്യാസം വർത്തിക്കുന്ന ഒരു യുവാവിനെയാണ് നിനക്കു വരനായി ലഭിക്കുന്നതെങ്കിൽ നിന്റെ ഭാവിജീവിതം എങ്ങനെ വിജയത്തിലെത്തും? താദൃശസാഹചര്യത്തിൽ ഒരു ഉത്തമകത്തോലിക്കാകുടുംബത്തിൽ സ്നേഹത്തിലും സമാധാനത്തിലും ജീവിക്കാനുള്ള നിന്റെ ഭാഗ്യം നഷ്ടപ്പെടുകതന്നെ ചെയ്യും. 'അസ

മാധാനം' കുടുംബത്തിലെ മാറാത്ത ഒരു സഹചാരിയായി സദാ വത്തിക്കും.

2) വരൻെറ കുടുംബസ്ഥിതി, യുവാവിൻേറയും മാതാപിതാക്കളുടേയും മററ് അംഗങ്ങളുടേയും സ്വഭാവം, ജീവിതരീതി എന്നിവയെപ്പററി അന്വേഷിച്ച് പരിമിതമായ ഒററിവെങ്കിലും സിദ്ധിച്ചിരിക്കണം.

3) സ്വഭാവശുദ്ധിയും, സാന്മാഗ്ഗികത്വും, സാമാന്യവിദ്യാഭ്യാസവും, മതകാൎയ്യങ്ങളിൽ തക്ക ജ്ഞാനവും മതിപ്പും, നല്ല നടത്തയും ഉള്ള ഒരു യുവാവിനെയാണ് നിനക്ക് വരനായി ലഭിക്കുന്നതെങ്കിൽ നീ ഭാഗ്യമുള്ളവൾതന്നെ. നിൻെറ ദാമ്പത്യജീവിതം വിജയത്തിലെത്തും.

4) അതിനാൽ ധനത്തിൻേറയും കോമളത്വത്തിൻേറയും, വിവിധ ജീവിതസൗകൎയ്യങ്ങളുടേയും, പ്രസിദ്ധിയുടേയും പിൻപേ നീ പോകാതെയിരിപ്പാൻ സൂക്ഷിക്കുകയാണുത്തമം.

5) ഓരോ യുവതിയും സ്വാഭിപ്രായം വിവാഹാലോചനാഘട്ടത്തിൽ ചുമതലപ്പെട്ടവരെ (മാതാപിതാക്കളെ) അറിയിക്കുക.

6) ഈയവസരത്തിൽ പ്രത്യേകിച്ചും ദൈവസഹായം അഭ്യത്ഥിക്കുക. പ. മാതാവിൻെറ മാദ്ധ്യസ്ഥം യാചിക്കുക.

7) ദാമ്പത്യജീവിതത്തിലേപ്പെടുന്നതോടുകൂടി നിന്നിൽ വിവിധകടമകൾ നിക്ഷിപ്തമാകുന്നുണ്ട്. ഭത്താവിനോടും, മാതാപിതാക്കളോടും, മററംഗങ്ങളോടും, വേലക്കാരോടും, അയൽക്കാരോടും, അതിഥികളോടും മററും സ്നേഹത്തിലും മൎയ്യാദയിലും വത്തിക്കുക.

8) നിൻെറ സംസാരത്തിലും, ജീവിതത്തിലും, പെരുമാററത്തിലും, വസ്ത്രധാരണരീതിയിലും, ആഭരണധാരണത്തിലും, യാത്രയിലും ശ്രദ്ധിക്കുകയും ഒരു മിതത്വം ഉണ്ടായിരിപ്പാനും ഭവനവും പരിസരങ്ങളും കഴിയുന്നിടത്തോളം വൃത്തിയാക്കാനും മടിക്കരുത്.

9) മതപരമായ കാൎയ്യങ്ങളിൽ തീക്ഷ്ണതയും ഒരു നിഷ്ഠയും ഉണ്ടായിരിക്കണം. സ്വസന്താനങ്ങളെ നന്നായി വളത്തി നല്ലവരാക്കിത്തീക്കുക. പഠനത്തിലും, ഭക്തകൃത്യങ്ങളിലും, ജീവിതരംഗങ്ങളിലും വേണ്ട ഉപദേശങ്ങളും നിർദ്ദേശങ്ങളും നൽകുക. കത്തോലിക്കാകുടുംബത്തിൻെറ സാക്ഷാൽ

ദിപമാണ് സ്ത്രീ; കുടുംബത്തിന്റെ നായികയാണ് അവൾ. മാതാക്കളുടെ ജീവിതം മക്കൾക്കും മറ്റെല്ലാവക്കും ഒരു മാതൃക തന്നെയായിരിക്കണം.

## II. സന്യാസിനികൾ

'സന്യാസജീവിതം' എന്ന അദ്ധ്യായത്തിലേക്കു യുവതികളുടെ ശ്രദ്ധയെ ക്ഷണിക്കുന്നു. പുരുഷന്മാർ ആദിമകാലം മുതൽതന്നെ സന്യാസജീവിതം നയിച്ചിരുന്നതുപോലെ അവരുടെ ജീവിതത്തെ അനുകരിച്ച് സ്ത്രീകളും പ്രത്യേകവസ്ത്രം ധരിച്ച് തലമുടി വെട്ടി ശിരോവസ്ത്രം ധരിച്ച് സ്വഭവനങ്ങളിലോ, വിജനപ്രദേശങ്ങളിലോ ലൗകികവ്യവഹാരങ്ങളിൽനിന്നും ഒഴിഞ്ഞുമാറി ഏകാന്തതയിലും ധ്യാനത്തിലും പ്രാത്ഥനയിലും വിഷയവിരക്തിയിലും എളിയ ജീവിതം നയിച്ചിരുന്നു. പിന്നീട് പലരും ആ ജീവിതമുറ സമാശ്ലേഷിക്കുവാൻ തുടങ്ങി. അംഗങ്ങൾ വദ്ധിച്ചു. കൂട്ടജീവിതം സമാരംഭിച്ചു.

തിരുസ്സഭ പ്രത്യേകവിധത്തിൽ സ്ത്രീകളുടെ ഈ ജീവിതമാർഗ്ഗത്തിന് നിയമങ്ങളും പ്രോത്സാഹനവും അംഗീകാരവും നല്കി വിവിധ പ്രവത്തനമണ്ഡലങ്ങൾ നിർദ്ദേശിച്ചുകൊടുത്തതോടുകൂടി, സന്യാസിനീ സഭകൾക്കും പല രാജ്യങ്ങളിലും പ്രചാരം സിദ്ധിച്ചു. സ്ത്രീകൾക്ക് പരോപകാരപ്രവത്തനങ്ങളിൽ സജീവമായി പ്രവത്തിക്കുവാൻ അവക്കായി വി. വിൻസെൻറ് ഡി പോൾ 'ഉപവിയുടെ സഹോദരികൾ' എന്ന പേരിൽ ഒരു സംഘം സ്ഥാപിച്ചു. പിൽക്കാലത്ത് പല സന്യാസിനീ സഭകളും രൂപമെടുക്കാനും സ്ത്രീജനങ്ങളിൽ സന്യാസത്തിന്റെ മാഹാത്മ്യം വേരൂന്നുന്നതിനും അതു സഹായകമായി. ഒരു സന്യാസിനീ സഭയില്ലാത്ത രൂപതകളും, അവയുടെ ശാഖാമഠങ്ങളില്ലാത്ത ഇടവകകളും ഇന്നു വിരളമാണ്. ഓരോ സഭയുടേയും നിയമങ്ങളിലും പ്രവത്തനങ്ങളിലും ചിലപ്പോൾ അല്പമായ വ്യത്യാസങ്ങൾ കണ്ടേക്കാം. ചില സഭകളിലെ അംഗങ്ങൾക്ക് പുറത്തിറങ്ങി യാതൊരു പ്രവത്തനവുമില്ലായിരിക്കും. പ്രാത്ഥനയും ആരാധനയും ധ്യാനവുംതന്നെയായിരിക്കും അവരുടെ ജോലി. ചിലതിലെ അംഗങ്ങൾക്കു തമ്മിൽ സംസാരിക്കുവാൻ ഒരിക്കലും പാടില്ലായിരിക്കും. ധ്യാനപരവും കമ്മപ

രവുമായ പ്രവൎത്തനങ്ങൾ യോജിപ്പിച്ചുള്ളതാണു ചില സഭകൾ. ഓരോ സഭയ്ക്കും പ്രത്യേകം മേലധികാരിയായി മദർ ജനറലും, മദർ ജനറലിൻെറ മേൽനോട്ടത്തിൽ അനേകം ശാഖാമഠങ്ങളും, ഓരോ ശാഖാമഠത്തിനും മദർ സുപ്പീരിയറും, ഓരോ മഠത്തിലും ഏതാനും സഭാംഗങ്ങളും ഉണ്ടായിരിക്കും. മഠറിൻെറ അധികാരപരിധിയിലുള്ള നിൎദ്ദേശങ്ങളനുസരിച്ച് ഓരോ അംഗവും സഭ നിൎദ്ദേശിക്കുന്ന പ്രവൎത്തനങ്ങളും, കടമകളും നിൎവ്വഹിക്കുന്നു.

പല നൂററാണ്ടുകൾക്കു മുമ്പുമുതൽ ഇന്ത്യയിലും സന്യാസിനികളുടെ പ്രവൎത്തനം സമാരംഭിച്ചു. പല സഭകൾ ഇന്ത്യയിൽതന്നെ സ്ഥാപിതമായി. സന്ന്യാസജീവിതമാഗ്രഹിച്ച അനേകർ അവയെ വളൎത്തി. 'ഭാരതമിഷൻെറ' പ്രവൎത്തനത്തിൽ സജീവമായി അവരും പ്രയത്നിച്ചുകൊണ്ടിരുന്നു. 'സന്ന്യാസജീവിതം' നയിക്കുവാൻ ആഗ്രഹിച്ചുകൊണ്ടിരുന്ന കേരളക്കരയിലെ സ്ത്രീജനങ്ങൾക്കായി 1866 ഫെബ്രുവരി 13-ാം തീയതി സ്മരണാൎഹനായ ചാവറ കുൎയ്യാക്കോസ് ഏലിയാസച്ചൻ കൂനമ്മാവിൽ 'കൎമ്മലീത്താമഠം' സ്ഥാപിക്കയുണ്ടായി. കേരളത്തിലെങ്ങുമുള്ള രൂപതകളിലേയ്ക്കെല്ലാം അതിൻെറ ശിഖരങ്ങൾ വെട്ടി നട്ടു. എൺപതിൽപരം മഠങ്ങളും 2700-ളം അംഗങ്ങളും ഈ സുറിയാനി കൎമ്മലീത്താ സന്ന്യാസിനീസഭയ്ക്കിന്നുണ്ട്. പില്ക്കാലത്ത് ഇന്നാട്ടിൽ രൂപമെടുത്തിട്ടുള്ള മിക്ക സന്യാസിനീസഭകൾക്കും അതു പ്രേരകമായി ഭവിച്ചു. കേരളത്തിലെ മിക്ക രൂപതകളിലെയും ഇടവകകളിൽ ഇന്ന് ഏതെങ്കിലുമൊരു സന്യാസിനിസഭയുടെ ശാഖാമഠമുണ്ട്. സ്വദേശത്തും, വിദേശത്തും അനേകം സന്ന്യാസിനികൾ ക്രിസ്തുവിൻെറ സ്നേഹമണവാട്ടികളായി വൈദികരുടെ വലംകയ്യായും, തനിച്ചും, ആശുപത്രികൾ, അനാഥശാലകൾ, ആതുരസംരക്ഷണകേന്ദ്രങ്ങൾ, വിദ്യാലയങ്ങൾ, ബോൎഡിംഗുകൾ തുടങ്ങിയ പല സ്ഥാപനങ്ങൾവഴി നിസ്വാൎത്ഥസേവനമനുഷ്ഠിക്കുന്നുണ്ടെന്നുള്ളത് ഏവൎക്കും സുപരിചിതമായിട്ടുള്ള വസ്തുതയത്രെ.

ജീവിതാന്തസ്സു തിരഞ്ഞെടുപ്പുഘട്ടത്തിൽ സ്വദേശത്തും വിദേശത്തുമുള്ള വിവിധ സന്യാസിനീസഭകളെപ്പററി നിങ്ങൾ ആരായുന്നതുത്തമമത്രെ. ഏതെങ്കിലുമൊരു സന്ന്യാസിനി

സഭയിൽ ചേൎന്നു് നിൻ്റെ ജീവിതം സുരക്ഷിതമാക്കിത്തീക്കണമെന്നുള്ള ഒരഭിലാഷം യുവഹൃദയത്തിൽ ദൃഢമൂലമായിട്ടുണ്ടെങ്കിൽ നിങ്ങൾ അതിനെ വൎദ്ധിപ്പിക്കുവാൻ ശ്രമിക്കുക. സ്വാഭിലാഷം മാതാപിതാക്കളേയും ആത്മപാലകനേയും അറിയിച്ച് ഉപദേശം സ്വീകരിക്കുക. നിൻ്റെ ആരോഗ്യത്തിനും, സ്വഭാവത്തിനും, വിദ്യാഭ്യാസത്തിനും, വിവിധ കഴിവുകൾക്കും യോജിച്ച ഒന്നിൽ പ്രവേശിക്കുവാൻ ശ്രമിക്കുക. പ്രസ്തുത സഭാധികാരികളെ നേരിട്ടുകാണുക. സ്നേഹസമ്പന്നരായ അവിടത്തെ മക്കളായ നിന്നോട്ട് അവർവഴി സംസാരിക്കും. നിൻ്റെ അഭിലാഷത്തിനനുസൃതമായി യോഗ്യതായോഗ്യതകളെ മുൻനിറുത്തി ഒരു തീരുമാനമുണ്ടാകും.

ഓരോ സഭയും നിർദ്ദേശിക്കുന്ന വിദ്യാഭ്യാസയോഗ്യതയും വിവിധ കഴിവുകളുമുള്ള ഓരോ അർത്ഥിനിയേയും സ്വീകരിച്ച് ഏതാനും കാലത്തെ വിദഗ്ദ്ധപരിശീലനാനന്തരം അവർ ആദ്യം താൽക്കാലികവ്രതങ്ങളും പിന്നീട്ട് നിത്യവ്രതങ്ങളും എടുക്കുന്നു. ക്രിസ്തുവിൻ്റെ സ്നേഹമണവാട്ടിയായി സസന്തോഷം രൂപം മാറുന്നു. ഒരു നവജീവിതത്തിലേക്ക് അവർ കാലൂന്നുന്നു. സഭാനിയമമനുസരിച്ച് ജീവിക്കുകയും വിവിധ പ്രവൎത്തനങ്ങൾ നടത്തുകയും ചെയ്യുന്നു. മിഷൻ രാജ്യങ്ങളിലും നാട്ടിലും മിഷനറി വൈദികരേക്കാൾ കൂടുതൽ മിഷനറി സഹോദരികളാണിന്നുള്ളതു്. 1950—ൽ 61408 സഹോദരിമാർ മിഷൻ രംഗത്തുണ്ടായിരുന്നു. 1956–ൽ കത്തോലിക്കാ തിരുസ്സഭയിൽ 72342 മഠങ്ങളും 886259 അംഗങ്ങളും ഉണ്ട്. കന്യാസ്ത്രീകളും അൎത്ഥിനികളുമായി രണ്ടായിരത്തോളം കേരളീയസ്ത്രീകൾ ഇന്നു വിവിധ മിഷൻരംഗങ്ങളിൽ പ്രവൎത്തനനിരതരായിരിക്കുന്നു.

## III. അൽമായ സന്യാസിനികൾ

'അൽമായസന്യാസം' എന്ന അദ്ധ്യായത്തിലേക്ക് ആദ്യമായി യുവതികളുടെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു. പുരുഷന്മാക്കുള്ള അൽമായ സന്യസ്തജീവിതമുറപോലെ സ്ത്രീകൾക്കും അത്തരം സംഘടനകളിന്നുണ്ട്. യൂറോപ്യൻ രാജ്യങ്ങളിലാണ് അതു് ആദ്യമായിട്ടാരംഭിച്ചതു്. മിഷ്യനറി– സന്യാസം–

ഇടവകവൈദികരുടെ പ്രവർത്തനങ്ങളെപ്പറ്റി മതവിരോധികൾക്ക് വെറുപ്പുതോന്നിത്തുടങ്ങിയതായി യൂറോപ്യൻ രാജ്യങ്ങളിലെ സ്ത്രീകൾക്കു ബോദ്ധ്യമായി. അതിനവർ പ്രതിവിധികൾ ആരാഞ്ഞു. സേവനസന്നദ്ധരും, ത്യാഗിനികളും, ആദ്ധ്യാത്മികതീക്ഷ്ണതയും, ചുറുചുറുപ്പുമുള്ള യുവതികൾ ഒത്തുചേർന്ന് 'അൽമായകന്യാസ്ത്രീകൾ' എന്നപേരിൽ ഒരു മിഷൻ സംഘടന രൂപീകരിച്ചു. സ്ത്രീകളുടെ സഹകരണം വർദ്ധിച്ചതോടുകൂടി 'ലിനിഡ്'' (lenid) എന്ന പേരിൽ ഫ്റാൻസിലും (ഇതിന്റെ പ്രവർത്തനത്താൽ അനേകം വേശ്യാലയങ്ങൾ നിർത്തുവാനും സ്ത്രീകളുടെ ജീവിതത്തെ നവീകരിക്കുവാനും സാധിച്ചു.) "Opus Dei" എന്ന സംഘടന മാഡ്റിഡിലും, (ഇതിനു 30 രാജ്യങ്ങളിലായി 200 ഭവനങ്ങളുണ്ട്") 1937-ൽ ബൽജിയത്തിൽ സമാരംഭിച്ച 'ഇൻറർ നാഷനൽ കാത്തലിക് ഓക്സിലറീസ്' സംഘടന ഏഷ്യ, ആഫ്റിക്ക, ചിക്കാഗോ എന്നിവിടങ്ങളിലും വിവിധ പ്രവർത്തനങ്ങൾ നടത്തുന്നു. ഇതിന്റെ ഒരു ശാഖ ഇൻഡ്യയിൽ സമാരംഭിക്കുവാൻ ആലോചനയുണ്ട്. "ആഡ് ലൂച്ചം അസോസിയേഷൻ' (Ad Lucem Association) എന്ന ഫ്റാൻസിലെ സംഘടനയിൽ അഞ്ഞൂറിൽപ്പരം അംഗങ്ങൾ ഉണ്ട്. 'ഗ്രെയിൽ' (Grail) എന്ന സംഘടന ഇംഗ്ലണ്ട്, അമേരിക്ക, ജർമ്മനി, ആസ്ത്രേലിയ എന്നിവിടങ്ങളിൽ പ്രവർത്തനം നടത്തുന്നു.

ഇന്ത്യയിൽ ഇപ്രകാരമുള്ള സംഘടനകളുടെ കുറവിനെ പരിഹരിക്കുന്നതിനായി സ്ത്രീകൾക്കായി 1951-ൽ ലക്നൗ രൂപതയിൽ 'അഗതികളുടെ ദാസികൾ' എന്ന പേരിൽ ഒരു 'അൽമായ മിഷൻ സംഘടന' ആരംഭിക്കുകയുണ്ടായി. വേഷവും ജീവിതരീതിയും അൽമായരുടേതുതന്നെയാണ്. വ്രതങ്ങൾ പാലിച്ചുകൊള്ളാമെന്നു് സാധാരണ നിശ്ചയമുണ്ട്. മിഷൻ രംഗങ്ങളിൽ വിദ്യാലയങ്ങൾ, ആതുരശുശ്രൂഷ തുടങ്ങിയ വിവിധ പ്രവർത്തനങ്ങളിൽ ഈ സംഘടനയിലെ അംഗങ്ങൾ മിഷനറിമാരോടുകൂടി സഹകരിക്കുന്നുണ്ട്. അൽമായ സന്യാസിനികളായി പ്രവർത്തനനിരതരാകുവാൻ ആഗ്രഹിക്കുന്ന കേരളീയ യുവതികൾ ഈ രംഗം ഉപകാരപ്പെടുത്തി ദൈവവിളിയെ ഫലപ്പെടുത്തുക. കേരളീയ യുവതികളുടെ സഹകരണത്തേ ആശ്ര

യിച്ചിരിക്കും ഇന്ത്യയിലെ അൽമായ സന്യാസിനീസഭകളുടേയും അഭിവൃദ്ധി. ഈദൃശസംഘടനകൾ ഭാരതത്തിൻെറ പല ഭാഗങ്ങളിലും ഇനിയും രൂപമെടുക്കട്ടെ!

യുവതികളേ, യുവാക്കളേപ്പോലെതന്നെ നിങ്ങളെയും അലട്ടുന്ന ഒന്നാണ് ഭാവിയെപ്പററിയുള്ള ചിന്ത. ജീവിതാവസ്ഥാതിരഞ്ഞെടുപ്പുഘട്ടത്തിൽ തിരുസ്സഭയിൽ സ്ത്രീകൾക്കുള്ള ജീവിതമുറകളെ നന്നായി പഠനം നടത്തി നിങ്ങളുടെ സ്വഭാവത്തിനും പ്രകൃതിക്കും യോജിച്ചതേതെന്ന് തീരുമാനിക്കുക. നിങ്ങളുടെ അഭിലാഷം ചുമതലപ്പെട്ടവരെയും ആത്മപാലകനേയും അറിയിച്ച് ആ തീരുമാനത്തെ ഉറപ്പിക്കുക. വിവാഹാന്തസ്സുകൂടാതെ സന്യാസംകൂടി തിരുസ്സഭ നിങ്ങൾക്കും തുറന്നുതന്നിരിക്കുന്നു– പ്രാർത്ഥന, പ്രായശ്ചിത്തം, ധ്യാനം, ആരാധന, വിവിധ ജീവകാരുണ്യപ്രവർത്തനങ്ങൾ ഇവയാൽ ക്രിസ്തുവിനു ആത്മാക്കളെ നേടിക്കൊടുക്കുവാൻ.

---

## അദ്ധ്യായം 6

# യുവാക്കളും ശ്രദ്ധിക്കണം

യുവതികളേപ്പോലെതന്നെ യുവാക്കളും യൗവ്വനാരംഭത്തോടുകൂടി ജീവിതാവസ്ഥ തിരഞ്ഞെടുക്കുന്നു, അത്യാവശ്യമത്രെ. ഈയവസരത്തിൽ യുവാക്കളുടെ പരിചിന്തനത്തിനായി ചില കാര്യങ്ങൾ പ്രസ്താവിക്കുന്നു.

### I. വിവാഹജീവിതക്കാർ

1. വിവാഹജീവിതം തിരഞ്ഞെടുക്കുന്നവർ അതിൻെറ മാഹാത്മ്യം, കടമകൾ എന്നിവയെപ്പററിയെല്ലാം അല്പമായിട്ടെങ്കിലും ഗ്രഹിക്കുന്നതു് ഉത്തമമായിരിക്കും. കുടുംബജീവിതത്തിൻെറ ശോഭനമായ ഭാവി, കുടുംബത്തിലെ അംഗങ്ങളുടെ

പരസ്പരസ്നേഹം, ബഹുമാനം, കടമകളുടെ നിർവഹണം, പ്രത്യേകിച്ചും ഭാര്യാഭർത്താക്കന്മാരുടെ സ്വഭാവ ഗതിവിഗതികൾ ഇവയെ ആശ്രയിച്ചാണിരിക്കുന്നത്.

2. നിന്റെ സഹചാരിയായി തിരഞ്ഞെടുക്കുന്ന യുവതിയെപ്പററി നല്ലവണ്ണം അറിവു സമ്പാദിക്കുക. നിന്റെ സ്വഭാവത്തിനും, ജീവിതഗതിക്കും തുല്യയായിരിക്കട്ടെ അവൾ. ദുസ്സ്വഭാവങ്ങളും അഹങ്കാരവും വായാടിത്വവുമുള്ള യുവതിയെ നീ സ്വാഗതംചെയ്യരുത്. സ്വഭാവശുദ്ധി, വിദ്യാഭ്യാസം, മതതീക്ഷ്ണത, വിവിധകഴിവുകൾ എന്നിവ അവരിൽ എങ്ങനെയിരിക്കുന്നുവെന്നു ഗ്രഹിക്കുക.

3. അവളുടെ കുടുംബസ്ഥിതി, മാതാപിതാക്കളുടെ ജീവിതരീതി, സ്വഭാവം എന്നിവ എപ്രകാരമാണ്? ഉത്തമരായ മാതാപിതാക്കന്മാരിൽനിന്ന് പരിശീലനം നേടിയ ഒരു യുവതിയെ നിനക്കു ഭാര്യയായി ലഭിക്കുന്നുവെങ്കിൽ തന്റെ ഭാവിജീവിതം വിജയത്തിലെത്തും. അല്ലെങ്കിൽ നിന്റെ കുടുംബജീവിതം സദാ അസമാധാനത്തിലൂടെയായിരിക്കും ചരിക്കുന്നത്.

4. യുവതിയുടെ കുടുംബത്തിലെ ധനസ്ഥിതി, കേൾവി, അവളുടെ സൗന്ദര്യം, വിദ്യാഭ്യാസം, സ്ത്രീധനദാനം എന്നിവ മാത്രം നോക്കി അവരെ നിർണ്ണയിക്കരുത്. സാധാരണഗതിയിൽ–യുവാവിന്റെ കുടുംബസ്വത്തിനും, വിദ്യാഭ്യാസത്തിനും, പ്രകൃതിക്കും യോജിച്ച ഒരുവളെ തിരഞ്ഞെടുക്കുക.

5. വിവാഹിതനാകുന്നതോടുകൂടി നിന്നിൽ വിവിധ കടമകൾ നിക്ഷിപ്തമാകുന്നു. അവയെ ശരിയായി പാലിക്കുക. പ്രധാന കാര്യങ്ങളെങ്കിലും മാതാപിതാക്കളുടേയും ഭാര്യയുടേയും അറിവോടും ആലോചനയോടുംകൂടി ഓരോ യുവാവും നിർവ്വഹിക്കട്ടെ.

6. നിങ്ങളുടെ സംസാരത്തിലും പ്രവർത്തനങ്ങളിലും സൂക്ഷ്മതയുണ്ടായിരിക്കട്ടെ. ക്രിസ്തീയാന്തരീക്ഷം സദാ കുടുംബത്തിൽ ഓളംവെട്ടട്ടെ.

7. ഭാര്യയുടെ വസ്ത്രധാരണരീതി, ആഭരണ ധാരണം, സംസാരം, പെരുമാററം, ബഹുമാനാദരവ് എന്നിവകളിലെല്ലാം വേണ്ട നിർദ്ദേശങ്ങൾ യഥാവസരങ്ങളിൽ അവൾക്കു നൽകുവാൻ യുവാവ് മടിക്കരുത്.

8. ഭാവിയിൽ ദാമ്പത്യവല്ലരിയിൽ രൂപമെടുക്കുന്ന മക്കളെ നന്നായി വളർത്തുക. നീ ഒരു പിതാവായിത്തീരുന്നു. കുടുംബത്തിൻെറ നായകൻതന്നെ.

## II. സന്യാസ വൈദികർ

സന്യാസജീവിതത്തെപ്പററി ഏതാനും ചിലകാര്യങ്ങൾ മുൻ ഒരദ്ധ്യായത്തിൽ പ്രസ്താവിച്ചിട്ടുള്ളതിലേക്ക് വായനക്കാരുടെ ശ്രദ്ധയെ തിരിച്ചുകൊള്ളുന്നു. ശ്രദ്ധനിയോഗവും, സഭാനിയമങ്ങൾ പാലിക്കുവാനുള്ള കഴിവും, ശാരീരികവും മാനസികവുമായ ഗുണങ്ങളും യോഗ്യതകളും ഓരോ സന്യാസാർത്ഥിക്കും ആവശ്യമത്രെ. സന്യാസത്തിലേക്ക് ദൈവവിളിയുണ്ടെന്ന് നിങ്ങൾ വിചാരിക്കുന്നുവെങ്കിൽ ആദ്യമായി പല സന്യാസ സഭകളെപ്പററി കഴിവുള്ളിടത്തോളം അറിവു സമ്പാദിക്കുക, ആത്മപിതാവിനോട് വിവരം അറിയിച്ച് ഉപദേശം സ്വീകരിക്കുക. യഥാകാലം സന്യാസസഭാധികാരികളെ കണ്ട് നിങ്ങളുടെ അഭിലാഷം ഉണർത്തിച്ച് ഒരു തീരുമാനത്തിലെത്തുക.

ഓരോ സന്യാസിയും ദീർഘമായ പഠനകാലത്ത്-- അനുസരണം, ദാരിദ്ര്യം, ബ്രഹ്മചര്യം എന്നീ വ്രതങ്ങൾ പറഞ്ഞൊക്കുകയും തത്വശാസ്ത്രം, ദൈവശാസ്ത്രം, സന്മാർഗ്ഗശാസ്ത്രം എന്നീ വിവിധ വിഷയങ്ങൾക്കു പുറമെ, ഓരോ സഭയുടേയും നിയമവും പ്രവർത്തനങ്ങളും അനുസരിച്ച് സാമൂഹ്യശാസ്ത്രം, തിരുസ്സഭാചരിത്രം, വേദപുസ്തകശാസ്ത്രം, പ്രസംഗകല എന്നിവയും ഹീബ്രു, ഫ്രഞ്ച്, ഹിന്ദി, ഗ്രീക്കു തുടങ്ങിയ പല ഭാഷകളും പഠിക്കുന്നു. പഠനമനുസരിച്ച് പട്ടങ്ങളും, പഠനം പൂർത്തിയാകുമ്പോൾ പുരോഹിതപട്ടവും നൽകുന്നു. ഏതാനും നാളത്തെ പരിശീലനത്തിനുശേഷം യുവസന്യാസി സഭയുടെ നിയമത്തിനും ശ്രേഷ്ഠൻെറ നിർദ്ദേശത്തിനും അനുസൃതമായി വിവിധ ജോലികളിൽ ഏർപ്പെടുന്നു.

അനേകം സന്യാസവൈദികർ മിഷൻരംഗങ്ങളിൽ സേവനം നടത്തുന്നു. പ്രസംഗം, ജ്ഞാനസ്നാനം, മാനസാന്തരവേലകൾ, ഇടവകകൾ, മിഷൻരംഗങ്ങൾ, വിദ്യാലയങ്ങൾ, ജീവകാരുണ്യപരമായ വിവിധ പ്രവർത്തനങ്ങൾ, മുദ്രാലയ

ങ്ങൾ, ആശുപത്രികൾ തുടങ്ങിയവയെല്ലാം സന്ന്യാസവൈദി കരുടെ പ്രവർത്തനങ്ങളിൽപ്പെടുന്നു. കത്തോലിക്കാ തിരുസ്സഭ യിൽ 1956 ആരംഭത്തിൽ 17922 സന്ന്യാസാശ്രമങ്ങളും 180443 സന്ന്യാസികളും ഉണ്ടായിരുന്നു.

## III സന്ന്യാസ സഹോദരന്മാർ

സന്ന്യാസസഭകളിൽ വൈദികരെക്കൂടാതെ 'സന്ന്യാസ സഹോദരന്മാർ' എന്ന വിഭാഗംകൂടിയുണ്ട്. മിക്ക സഭകളിലും സഹോദരാർത്ഥികളേയും സ്വീകരിക്കുന്നുണ്ട്. സഹോദരന്മാ ർക്കായി തനിച്ചും സന്ന്യാസസഭകളുണ്ട്. ഏതാനും നാളത്തെ പരിശീലനവും വ്രതങ്ങളും നടത്തിയശേഷം ഓരോ സഭയും നിർദ്ദേശിക്കുന്ന പ്രവർത്തനങ്ങളിൽ ഓരോ അംഗവും സ്വകഴി വും വാസനയും അനുസരിച്ച് ഏർപ്പെടുന്നു. അവരിൽ അനേ കർ മിഷനറിമാരുടെ വലംകയ്യായി മിഷൻ വേലയിൽ സഹ കരിക്കുന്നുണ്ട്. മിഷൻ ഗ്രാമങ്ങളിലെ മിഷനറി വൈദികർ ഓരോ 'സന്ന്യാസസഹോദര'നെയെങ്കിലും കിട്ടുവാൻ ആഗ്ര ഹിച്ചുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണിത്.

മിഷൻ രംഗങ്ങളിൽ 'ഉപദേശികൾ' എന്നു വിളി ക്കപ്പെടുന്ന പ്രവർത്തകരുണ്ട് വൈദികരെ പ്രവർത്തനങ്ങളിൽ സഹായിക്കുവാനായി. വൈദികർ എല്ലാ ഗ്രാമങ്ങളിലും എല്ലാ യ്പ്പോഴും ഇല്ലെന്നു വരാം. ആ അവസരങ്ങളിൽ മിഷൻ ഗ്രാമ ങ്ങളിലെ പ്രവർത്തനം ഉപദേശികളാണു നടത്തുന്നത്. ഇവർക്കു ഒരു ചെറിയതുക ശമ്പളമായി മിഷനറി വൈദികൻ നൽകു ന്നുണ്ട്. മിക്കവാറും ഉപദേശികൾ എല്ലാവരും വിവാഹിതരാ കയാൽ കുടുംബഭാരംകൂടി വഹിക്കേണ്ടിവരുന്നതിനാൽ യഥാവി ധി മിഷനിലെ ജോലികളെല്ലാം ശരിയായി നടത്തുവാൻ സാ ധിക്കയില്ലല്ലോ. അതിനാൽ അവിവാഹിതരും, ഉത്തമരും, അഭ്യസ്തവിദ്യരും നിസ്വാർത്ഥസേവനതല്പരരുമായ സഹോദരന്മാ രെയാണ് ഇന്നു മിഷൻ രംഗങ്ങളിൽ ആവശ്യം. മേല്പറഞ്ഞ വിധത്തിലുള്ള ഉപദേശികളെ വൈദികനു വിരളമായേ ലഭി ക്കുന്നുള്ളു. ഒരു മാസത്തെ ശമ്പളം അല്പം താമസിച്ചുപോയാൽ, കാലുമാറി ജോലിയിട്ടിട്ട് പോകുന്നവരായിരിക്കും പലരും. ശമ്പളം നൽകി എല്ലാ ഗ്രാമങ്ങളിലും ഉപദേശിയെ നിയമി

കുവാൻ പല മിഷനറിമാക്കും സാധിക്കുന്നില്ല. കേരളത്തിലെ അനേകരുടെ സഹായത്താൽ പല ഗ്രാമങ്ങളിലും ഉപദേശികളെ നിയമിക്കുവാൻ വൈദികക്ക് സാധിച്ചിട്ടുണ്ടെന്നുള്ളത് നമുക്കഭിമാനകരംതന്നെ. എന്നാൽ അതു എത്രനാൾ തുടരാം.

അതിനാൽ 'സന്യാസസഹോദരന്മാർ' മിഷൻപ്രവത്തനമണ്ഡലങ്ങളിലേക്ക് ഇനി ഓടിയെത്തണം. ഇന്ത്യയിൽ ഇപ്പോൾ സ്വതന്ത്രമായും, വൈദികസംഘങ്ങളോടു ചേർന്നും 'സഹോദരാത്ഥി'കളെ സ്വീകരിച്ചു വരുന്നുണ്ട്. കേരളത്തിലുള്ള സന്യാസസഭകളിലും "മലബാർ മിഷനറിയൂണിയൻ" "പാലാ മിഷൻ ഹോം" എന്നിവിടങ്ങളിലും 'സഹോദരാത്ഥി'കളെ സ്വീകരിക്കുന്നുണ്ട്. അവയിൽ നിന്നെല്ലാം പരിശീലനംനേടി ധാരാളം 'യുവസന്യാസസഹോദരന്മാർ' മിഷൻ രംഗങ്ങളിലേക്ക് മുന്നേറുമ്പോളാണ്, മിഷനറി വൈദികക്ക് അല്പം വിശ്രമിക്കുവാൻ സാധിക്കുന്നതു്—പ്രവത്തനം ത്വരിതപ്പെടുന്നതു്.

വൈദികന്റെ ഭൃത്യനാണ് "ചേട്ട"ന്മാരായ ഇക്കൂട്ടരെന്നു പലരും പറയാറുണ്ടു്. ഒരു സഹോദരന്റെ ആവശ്യം, അവരുടെ വിവിധ ജോലികൾ എന്നിവയെപ്പററിയെല്ലാം ഗ്രഹിച്ചിട്ടുള്ള ഒരുവൻ അപ്രകാരം പറയുകയില്ലെന്നുള്ളതു് വാസ്തവമത്രെ. വൈദികനാകാൻ പഠിക്കാൻ നോക്കിയിട്ടും, അതിൽ പ്രവേശനം ലഭിക്കാത്തവർ മാത്രമല്ല "സഹോദരസംഘ"ത്തിൽ ചേരേണ്ടതു്. വിദ്യാഭ്യാസം കുറഞ്ഞവരല്ല ആവശ്യം. സ്വമനസ്സാലെ ഇതിലേക്കു പോകുന്നവരെ തടസ്സപ്പെടുത്തുന്നവർ വിരളമല്ല. പൊതുവെ 'സഹോദരന്മാർ' കുറവാണ്. യഥാത്ഥകാരണം ഇതിനെപ്പററിയുള്ള അജ്ഞതതന്നെ. 'ബ്രദേഴ്സിന്റെ' ജീവിതവും പരിപാവനമാണ്. അവരുടെ സ്ഥാനവും പിന്നിലല്ല. അവരിലുമുണ്ടു് വിശുദ്ധാത്മാക്കൾ. വി. ഫ്രാൻസീസ് അസ്സീസ്സിയും, വി. എപ്രേമും പൗരോഹിത്യം സ്വീകരിക്കാതെ എന്തുകൊണ്ടു് 'സഹോദരരായി'—സേവനം നടത്തി? സ്വന്ത ജീവിതവിശുദ്ധീകരണത്തിനും, ദൈവത്തെ മഹത്വപ്പെടുത്തുന്നതിനും ഇവക്കും സമയം ധാരാളം കിട്ടും. ഔദ്യോഗിക മതപ്രസംഗം, കൂദാശകളുടെ പരികമ്മം ഇവ രണ്ടും ഒഴിച്ചാൽ വൈദികക്കു ചെയ്യാവുന്നതും, അതിൽ കൂടുതലുമായ പല ജോലികളും ഇവർ നടത്തുന്നുണ്ടു്.



പാലാരൂപതവകയായി പരുലക്കുന്നിൽ പുതുതായി ആരംഭിച്ച സെമിനാരിയുടെ ഉൽഘാടനാവസരത്തിലെടുത്ത ഫോട്ടോ.





അമേരിക്കൻ കന്യാസ്ത്രീകളാൽ ജമാൽപ്പൂരിൽ ആരംഭിച്ച "സിസ്റ്റേഴ്സ് ഓഫ് നോട്ടർ ഡാം" എന്ന സഭയിൽ കഴിഞ്ഞ രണ്ടു വർഷങ്ങളിൽ ചേർന്ന കേരളീയ യുവതികൾ

കോളേജുകൾ, വിദ്യാലയങ്ങൾ, വഴി വിദ്യാഭ്യാസരംഗത്തും, സിനിമാ, റേഡിയോ, ടെലവിഷൻ, പ്രസിദ്ധീകരണങ്ങൾ, ആശുപത്രികൾ, അതുരാലയങ്ങൾ, കൈത്തൊഴിൽശാലകൾ തുടങ്ങി അനേകം മാർഗ്ഗങ്ങളിലൂടെ സാമൂഹ്യരംഗത്തും "സഹോദരന്മാർ" പ്രശംസമായ സേവനം നടത്തുന്നു. കഴിഞ്ഞ ഏതാനും വർഷങ്ങളായി ധാരാളം യുവാക്കൾ ഇത്തരം സംഘങ്ങളിൽ ചേരുന്നുണ്ട്. കേരളത്തിലെ സന്യാസാലയങ്ങൾവഴിയും ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള മിഷനറി സഭകൾവഴിയും ധാരാളം 'സന്യാസസഹോദരന്മാർ' പ്രവർത്തനത്തിനായി മുന്നേറട്ടെ! സ്ഥാനം കുറയുമല്ലോ! "ചേട്ടാ" എന്നു വിളിക്കുമല്ലോ!! എന്നു കരുതി സുഹൃത്തുക്കൾ മടിക്കരുത്. നിങ്ങളുടെ ദൈവവിളി ചിലപ്പോൾ ഇതിലേക്കായിരിക്കാം. 'എന്റെ കുഞ്ഞിനെ ചേട്ടനാകുവാൻ ഞാൻ വിടുകയില്ലെ'ന്നു പറയുന്ന മാതാപിതാക്കളോട് ഇതിന്റെ ആവശ്യം വിളിച്ചറിയിക്കുക. സാമാന്യ വിദ്യാഭ്യാസവും, ആരോഗ്യവും കഴിവുകളുമുള്ളവർ പിന്മാറരുത്. മിഷനറിമാർ നിങ്ങളെ സസന്തോഷം സ്വാഗതം ചെയ്യുന്നു.

## IV. ഇടവക വൈദികർ

കത്തോലിക്കാ തിരുസ്സഭയിൽ പുരുഷന്മാർക്കായിട്ടുള്ള മറ്റൊരു ജീവിതാവസ്ഥയാണ് 'പൌരോഹിത്യം'. മുൻ ഒരദ്ധ്യായത്തിൽ "പൌരോഹിത്യ മാഹാത്മ്യ"ത്തെപ്പററി ഏതാനും കാര്യങ്ങൾ പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഇടവക വൈദികാർത്ഥികളുടെ യോഗ്യതായോഗ്യതകളെ നിർണ്ണയിക്കുന്നത് സാധാരണ അതാതു രൂപതകളിലെ മെത്രാനാണ്. പൗരോഹിത്യത്തിലേക്കു ദൈവവിളിയുണ്ടെന്നു വിശ്വസിക്കുന്നവർ അക്കാര്യം ഇടവകവികാരിയോടും മാതാപിതാക്കളോടും യഥാവസരം അറിയിച്ച് ഒരു തീരുമാനത്തിലെത്തുക. നിങ്ങളെ നിത്യപുരോഹിതനായ മിശിഹാ ആ മഹനീയ സ്ഥാനത്തേക്ക് വൈദികമേലദ്ധ്യക്ഷൻ വഴി ക്ഷണിക്കുന്നെങ്കിൽ അതൊരു വലിയ ഭാഗ്യംതന്നെ.

'സെമ്മിനാരി'യെന്നു പലരും കേട്ടിട്ടുണ്ടായിരിക്കുമല്ലോ. ഓരോ വൈദികാർത്ഥിയേയും സ്വീകരിച്ച് ആവശ്യമായ സുദീർഘ പരിശീലനം നൽകുന്ന വൈദിക വിദ്യാലയ

മാണ് 'സെമ്മിനാരി'. 'മംഗലപ്പുഴ' സെമ്മിനാരിയും രൂപതകൾതോറുമുള്ള ചെറിയ സെമ്മിനാരിയും പലക്കും സുപരിചിതമത്രെ. ഓരോ രൂപതയിലെയും ഇടവകകളിൽനിന്നും വൈദികപഠനത്തിനുപോകുന്ന യുവാക്കളെ സ്വീകരിച്ച് ലത്തീൻ, സുറിയാനി, ഇംഗ്ലീഷ് തുടങ്ങിയ പല ഭാഷകളിലും പ്രാരംഭ പഠനവും പരിശീലനവും നൽകുന്ന 'വൈദികവിദ്യാലയ'മാണ് രൂപതാടിസ്ഥാനത്തിലുള്ള സെമ്മിനാരി. 'മൈനർ സെമ്മിനാരി'യെന്നാണ് ഇതിനു പറയുന്നതു്. സാധാരണയായി രണ്ടു വഷത്തെ പഠനമാണിവിടെയുള്ളത്.

മൈനർ സെമ്മിനാരിയിൽവച്ച് ഓരോ അത്ഥിയുടേയും യോഗ്യതകൾ നിണ്ണയിച്ച് തുടൎന്നുള്ള പഠനത്തിനായി 'വലിയ സെമ്മിനാരി'യിലേക്കു അയയ്ക്കുന്നു. നീണ്ട "ളോവ" വസ്ത്രം ലഭിക്കുന്നു. മേജർ സെമ്മിനാരിയിൽ ലത്തീൻ, സുറിയാനി, ഹീബ്രു, ഗ്രീക്കു തുടങ്ങിയ പല വിഷയങ്ങളും പഠിക്കുന്നു. പഠനമനുസരിച്ച് 'പട്ടം' നൽകുന്നു. ഏഴെട്ടുവഷത്തെ 'മേജർ സെമ്മിനാരി' ജീവിതത്തിനിടയിൽ തത്വശാസ്ത്രം, സന്മാഗ്ഗ ശാസ്ത്രം, ദൈവശാസ്ത്രം, കാനൻ നിയമം, തിരുസ്സഭാചരിത്രം ആദിയായ വിവിധ പ്രമുഖ വിഷയങ്ങളിൽ സെമ്മിനാരിയിലെ അദ്ധ്യാപകരായ 'മല്പാനച്ചന്മാരി'ൽനിന്നും നല്ല പാണ്ഡിത്യം സമ്പാദിക്കുന്നു. മേജർ സെമ്മിനാരി 'വൈദിക കോളേജ്" ആണെന്നു പറയാം.

പഠനം തന്നെയല്ല സെമ്മിനാരിയിൽ ഉള്ളതു്. ഒരു നിശ്ചിത പരിപാടിയനുസരിച്ച് ഉല്ലാസം, കളികൾ, മീററിംഗുകൾ, നാടകാഭിനയങ്ങൾ, സാമൂഹ്യസേവനപ്രവൎത്തനങ്ങൾ എന്നിവയ്ക്കെല്ലാം അവസരമുണ്ട്–ധാരാളമായി. ഒരേ ഉദ്ദേശ്യത്തെ ലാക്കാക്കി യത്നിക്കുന്ന കൊച്ചു ശമ്മാശ്ശന്മാർ, പണ്ഡിതരായ വൈദികർ, വിസ്തൃതമായ വിവിധ കളിസ്ഥലങ്ങൾ, വിശാലമായ ക്ലാസ്സുമുറികൾ, ബൃഹത്തായ വായനശാല, വിവിധ വിനോദസംഗീതോപകരണങ്ങൾ, ഭക്തകൃത്യങ്ങൾ, മനോഹരമായ സെമ്മിനാരി ചാപ്പൽ, സുഗന്ധവാഹികളായ വിവിധ പൂക്കളാലും, ചെടികളാലും സമലംകൃതമായ പൂന്തോപ്പുകൾ, വിജ്ഞാനസമ്പന്നമായ പ്രസിദ്ധീകരണങ്ങൾ ഇവയെല്ലാം സെമ്മിനാരി ജീവിതത്തിലെ പ്രയാസങ്ങ

ളും, ത്യാഗങ്ങളും ശ്രമകരമായ പഠനവും ആനന്ദകരമാക്കിത്തീക്കുന്നു.

വഷങ്ങൾ പലതു കടന്നുപോകുന്നു. പല ഘട്ടങ്ങളിലായി പട്ടവും, അവസാനത്തിൽ കർബാനപ്പട്ടവും സസന്തോഷം വന്ദ്യമെത്രാനച്ചൻ തിരുമേനിയിൽനിന്നും സ്വീകരിച്ച് 'പ്രഥമബലി' അപ്പിക്കുവാൻ അൽത്താരയെ സമീപിക്കുന്നു. "എന്റെ ഈശോയെ അങ്ങേ ദിവ്യബലിപീഠത്തിലേക്ക് എന്നെ നയിച്ച എല്ലാവരേയും അനുഗ്രഹിക്കണമെ" എന്ന് നവവൈദികൻ പ്രഥമബലിയിൽ പ്രാത്ഥിക്കുന്നു. തനിക്കു ലഭിച്ച അനുഗ്രഹത്തിനു നന്ദിപറയുന്നു. മാതാപിതാക്കളടക്കം എല്ലാവരും നവവൈദികന്റെ ആശീവ്വാദം വാങ്ങി പുരോഹിതനായ അദ്ദേഹത്തോടുകൂടി ആനന്ദിക്കുന്നു. നവവൈദികനെ ഒന്നു കാണുവാൻ വൈദികർ, കന്യാസ്ത്രീകൾ, സന്യാസികൾ ഉൾപ്പെടെ അനേകർ ഓടിക്കൂടുന്നു. ഒരു നവവൈദികന്റെ പ്രഥമബലിയപ്പ്ണത്തിൽ സംബന്ധിക്കുവാൻ ഇടവകപ്പള്ളിയിൽ അനേകർ തടിച്ചുകൂടുന്ന കാഴ്ച ആരെയാണ് ആനന്ദിപ്പിക്കാത്തതു്.

എത്ര വലിയ ഭാഗ്യം! ക്രിസ്തുവിന്റെ യഥാർത്ഥ പ്രതിനിധി!! ഓരോ നവവൈദികനും ഏതാനും ദിവസങ്ങൾ സ്വന്തം ഇടവകപ്പള്ളിയിൽ വിശ്രമിച്ചശേഷം രൂപതാദ്ധ്യക്ഷന്റെ കല്പനപ്രകാരം നിശ്ചിതരംഗത്തു് സേവനത്തിനിറങ്ങുന്നു. അങ്ങനെ, ലോകത്തിൽ ക്രിസ്തുവിന്റെ പ്രാതിനിധ്യം വഹിച്ച് ബലിയപ്പിക്കുവാനും, പാപങ്ങൾ മോചിക്കുവാനും, ദൈവവചനം പ്രസംഗിക്കുവാനും, മാമ്മോദീസായാൽ സത്യസഭാംഗങ്ങളെ വദ്ധിപ്പിക്കുവാനും, വിശുദ്ധ കൂദാശകളാൽ അവരുടെ ഭാവിജീവിതത്തെ വിശുദ്ധീകരിക്കുവാനും പത്തു പതിനൊന്ന് വഷങ്ങൾക്ക് മുമ്പ് ഒരു സാധാരണ യുവാവായിരുന്ന അദ്ദേഹം ഇന്ന് മറെറാരു ക്രിസ്തുവായിത്തീന്നു പ്രവ്ത്തനനിരതനാകുന്നു. അനേകമനേകം ക്രിസ്തീയകുടുംബങ്ങളുള്ള ഇടവക, വിദ്യാലയങ്ങൾ, കോളേജുകൾ, മുദ്രാലയങ്ങൾ, ആശുപത്രികൾ ആദിയായവയും വൈദികന്റെ പ്രവത്തനമണ്ഡലങ്ങളാകാറുണ്ട്. ഓരോ ഇടവകയിലേയും ജനങ്ങളുടെ 'ഫാദർ'– "പിതാവ്" ആണ് ഒരു ഇടവകവൈദികൻ. അവരുടെ ആത്മീയകാര്യങ്ങളിലും ചില ലൗകികകാര്യങ്ങളിലും വൈദികൻ ശ്രദ്ധ

പതിച്ച് അജഗണങ്ങളെ സന്മാർഗ്ഗത്തിലൂടെ നയിക്കുന്നു. ഇപ്പോൾ ലോകത്തിലാകെ 340000 ഉടവകവൈദികരുണ്ട്. കൂടാതെ 27000-പേർ മിഷനറിസേവനത്തിൽ ഏർപ്പെട്ടിട്ടുണ്ട്.

## V. അൽമായ സന്യാസികൾ

മുൻ ഒരദ്ധ്യായത്തിൽ 'അൽമായ സന്യാസ'ത്തെപ്പററി വിശദമായി പ്രസ്താവിച്ചിട്ടുള്ളതിലേക്ക് നിങ്ങളുടെ ശ്രദ്ധയെ തിരിച്ചുകൊള്ളുന്നു. ഇൻഡ്യയിൽ അപ്രകാരമുള്ള മിഷൻ സംഘടനകൾ കുറവാണ്. 1903-ൽ 'പാളയംകോട്ട്' ഒരു യൂറോപ്യൻ മിഷനറിയായ ഫാദർ കൗസനാൽ എസ്സ്. ജെ. മധുര മെത്രാൻെറ അനുമതിയോടുകൂടി ഒൻപതു് അംഗങ്ങളെ ചേർത്ത് "തിരുഹൃദയ ഭ്രാതൃസംഘം" എന്ന പേരിൽ പുരുഷന്മാർക്കായിട്ട് ഒരു അൽമായ സന്യാസസംഘടന സ്ഥാപിക്കയുണ്ടായി. 1954 മുതൽക്കാണ് ഇതിൽ മലയാളികളെ ചേർത്തുതുടങ്ങിയതു്. ഇപ്പോൾ ഇരുപതോളം മലയാളികളുണ്ട്. ആകെ 100-ൽ പരം അംഗങ്ങളും. അവർ അൽമേനികളെപ്പോലെ മുണ്ടും, വെള്ളക്കോട്ടും ധരിക്കുന്നു.

ആതുരശുശ്രൂഷ, വിദ്യാലയപ്രവർത്തനം, വേദപ്രചരണം, അഗതിസംരക്ഷണം എന്നിവ പാളയംകോട്ടേ സംഘത്തിൻേറയും പ്രവർത്തനപരിപാടികളിൽപെടുന്നു. ജാതിമതഭേദമെന്യേ പട്ടണങ്ങളിലും ഗ്രാമങ്ങളിലും ദേവികുളം പ്രദേശത്തുള്ള വനാന്തരങ്ങളിലും ഇവർ പ്രവർത്തിക്കുന്നു. അൽമായ വേഷം ധരിച്ച്, സാമാന്യ വ്രതപാലനം ചെയ്ത് വിവിധ പ്രവർത്തനങ്ങളിലേർപ്പെട്ടുവാനാഗ്രഹിക്കുന്ന യുവാക്കൾ "പാളയംകോട്ടെ"—അൽമായ സന്യാസസംഘത്തിൽ പ്രവേശിക്കട്ടെ! പ്രവർത്തനമണ്ഡലങ്ങളും പരിപാടിയും വികസിപ്പിക്കട്ടെ! പ്രിയ യുവാക്കളേ, സ്കൂളുകളോ കലാലയങ്ങളോ വിട്ട് വിദ്യാഭ്യാസം നിറുത്തി വിശ്രമിക്കുമ്പോൾ, ജീവിതാവസ്ഥ തിരഞ്ഞെടുക്കുവാനുള്ള ആ യുവപ്രായത്തിൽ, ഏതാണ് തിരഞ്ഞെടുക്കേണ്ടതെന്ന് നിങ്ങൾ ചിന്തിച്ചോ? ഒരു വക്കീലോ, എൻജിനീയറോ, ഡോക്ടറോ ആകുവാനായിരിക്കാം നിങ്ങളിൽ പലരും പ്ലാനിട്ടുന്നതു്. എങ്കിലും നിങ്ങൾ ജീവിതാവസ്ഥ തിരഞ്ഞെടുക്കുവാൻ മടിക്കരുതു്. ആ ഘട്ടത്തിൽ അനുഗ്രഹദാതാവായ ഈശോ

യോട്ട് സഹായം അഭ്യർത്ഥിച്ചു വിവിധ ജീവിതാവസ്ഥകളെപ്പററി പരിചിന്തനം ചെയ്യുക. വിവാഹജീവിതമായിരിക്കാം പലരും അഭിലഷിക്കുന്നത്. എന്നാൽ ഒരു ഇടവകവൈദികനോ, സന്യാസിയോ, മിഷനറിയോ ആകുവാൻ നിങ്ങളിൽ അഭിലാഷം രൂപമെടുക്കുന്നുണ്ടെങ്കിൽ അതിനെയും തള്ളിക്കളയാതെ പ്രയോജനപ്പെടുത്തുക. അവയിലേതെങ്കിലുമൊന്നിലേക്കുള്ള ക്ഷണം— ഏതു ജീവിതാവസ്ഥയായിരുന്നാലും ശരി— അതിനെ വിജയത്തിലെത്തിക്കുക. "കൊയ്ത്തു വളരെ, വേലക്കാർ ചുരുക്കം" എന്ന ദിവ്യനാഥൻെറ വാക്കുകൾ യുവാക്കൾ വിസ്മരിക്കയോ?

---

## അദ്ധ്യായം 7

# മാതാപിതാക്കളോട്

കുടുംബജീവിതത്തിൽ ആവശ്യമായ സഹായവും പ്രസാദവരവും നിങ്ങളിലും കുടുംബത്തിലെ മററംഗങ്ങളിലും ധാരാളം വർഷിക്കപ്പെടുവാൻ ദൈവത്തോട്ട് അനുദിനം അപേക്ഷിക്കുവാൻ മറക്കരുത്. നിങ്ങളുടെ ഭവനം ക്രിസ്തീയാന്തരീക്ഷത്തിലായിരിക്കട്ടെ! ആത്മാർത്ഥതയോടുകൂടി ഏതു കാര്യവും നിർവ്വഹിക്കുന്നതിനും ചെറു ത്യാഗങ്ങൾ അനുഷ്ഠിക്കുന്നതിനും സ്വസന്താനങ്ങളെ പരിശീലിപ്പിക്കുക. അങ്ങനെ മനഃശക്തിയും ചുമതലാബോധവും അവരിൽ ബാല്യപ്രായംമുതൽതന്നെ ഉളവാക്കുക. ദുഷിച്ച സ്നേഹിതരിൽനിന്നും അശ്ലീല ചലച്ചിത്രപ്രദർശനങ്ങളിൽനിന്നും കുട്ടികളെ കഴിയുന്നതും വിരമിപ്പിക്കുക.

അനുദിനം ദിവ്യബലിയിൽ സംബന്ധിക്കുവാനും, കൂദാശകൾ സ്വീകരിക്കുവാനും, ദിവ്യപൂജയ്ക്കു സഹായിക്കുവാനും കുട്ടികൾക്കു അനുമതിയും പ്രേരണയും പ്രോത്സാഹനവും നൽകുക. വൈദികർ, വൈദികവിദ്യാർത്ഥികൾ, കന്യാസ്ത്രീകൾ,

സെമ്മിനാരികൾ, സന്യാസാശ്രമങ്ങൾ, കന്യകാമഠങ്ങൾ ഇവയോടു ആവശ്യമായ നിലയിൽ സമ്പർക്കം പുലർത്തുന്നതിനു അനുമതിയും സാഹചര്യവും യഥാകാലങ്ങളിൽ കുട്ടികൾക്കു നൽകുന്ന പതിവ് കേരളക്കരയിലെ മിക്ക മാതാപിതാക്കളും സ്വീകരിക്കേണ്ടിയിരിക്കുന്നു. വിദേശങ്ങളിൽതന്നെ നടപ്പിലായാൽ പോരല്ലോ?

ആഭാസസാഹിത്യപാരായണത്തിൽനിന്നും മക്കളെ വിരമിപ്പിച്ച് നല്ല പ്രസിദ്ധീകരണങ്ങൾ വായിക്കുവാൻ നിർദ്ദേശവും, കുടുംബത്തിൽ കത്തോലിക്കാ പത്രമാസികകളായ—കർമ്മേലകുസുമം, കുടുംബദീപം, അമ്മ, സത്യദീപം, പ്രേഷിതകേരളം, ചെറുപുഷ്പം ഇവയിൽ ചിലതിനെങ്കിലും പ്രവേശനവും പതിവായി നൽകുക. വിവിധ വിജ്ഞാനപ്രദങ്ങളായ ഗ്രന്ഥങ്ങളുൾക്കൊള്ളുന്ന ഒരു 'ചെറിയ ഗ്രന്ഥശാല' ഓരോ ഭവനത്തിലും ഉണ്ടായിരിക്കട്ടെ. അവ ഒരിക്കലും നഷ്ടമാകയില്ല. ജീവിതത്തിലെ വിട്ടുപിരിയാത്ത സുഹൃത്തുക്കളായി ഓരോരുത്തരോടും സദാ വർത്തിക്കതന്നെ ചെയ്യും. വിശ്രമാവസരങ്ങളിലും, സന്ധ്യാപ്രാർത്ഥനയ്ക്കുശേഷവും കൂട്ടമായോ, തനിച്ചോ ആദ്ധ്യാത്മികജ്ഞാനം നൽകുന്ന വിശുദ്ധഗ്രന്ഥം, ക്രിസ്ത്വാനുകരണം തുടങ്ങിയവയിലെ ഏതാനും ഭാഗങ്ങൾ പതിവായി വായിക്കുന്ന സമ്പ്രദായം ക്രിസ്തീയകുടുംബങ്ങളിലെല്ലാം വ്യാപിക്കട്ടെ! കുട്ടികളോട്ട് പ്രസ്തുത ഭാഗങ്ങളിൽനിന്നും ചിലതെല്ലാം ചോദിച്ച്, ഉത്തരം പറയിപ്പിച്ച് അവരുടെ ആദ്ധ്യാത്മിക തീക്ഷ്ണതയെ വർദ്ധിപ്പിക്കുക.

കുട്ടികളെ വിദ്യാലയത്തിലയയ്ക്കുന്ന ഘട്ടത്തിൽ അവരെ സൗകര്യാനുസരണമുള്ള കത്തോലിക്കാ വിദ്യാലയങ്ങളിൽ ചേർക്കുക. അവരുടെ പഠനം, കൂട്ടുകെട്ട്, ജീവിതരീതി എന്നിവയെപ്പററി ശ്രദ്ധിക്കുക. നന്നായി പഠിക്കുന്നവർക്കു പ്രോത്സാഹന സമ്മാനങ്ങൾ നൽകുക. കുട്ടികളുടെ വസ്ത്രധാരണം, ആഭരണധാരണം ഇവയിൽ ക്രമങ്ങൾ നിർദ്ദേശിക്കുക. വിദ്യാലയത്തിലെയും ഇടവകയിലേയും സംഘടനകളിൽചേർന്ന് പ്രവർത്തിക്കുവാൻ അവർക്ക് സൗകര്യം നൽകേണ്ടതാണ്.

നിങ്ങളുടെ ഭവനത്തിലെ സൗകര്യപ്രദമായ പ്രധാന ഭാഗത്ത് ഒരു 'കുടുംബ അൾത്താര' അലങ്കരിച്ച് തിരുസ്വരൂപങ്ങളോ ചിത്രങ്ങളോ ഭംഗിയായി പ്രതിഷ്ഠിക്കുക. പ്രാർത്ഥന

കൾക്കായി സന്ധ്യാസമയത്തോടുകൂടി എവരും ആ മുറിയിൽ പീഠത്തിനു മുമ്പിൽ സമ്മേളിക്കുക. അഷ്ടസ്തോത്രം പ്രാർത്ഥന, മാസവണക്കം, പാട്ടുകൾ, ജ്ഞാനവായന ഇവയുടെ നേതൃത്വം ഓരോരുത്തരും മാറിമാറിയായിരിക്കട്ടെ!

സ്വസന്താനങ്ങളെ യഥാകാലങ്ങളിൽ ജീവിതാന്തസ്സിൽ പ്രവേശിപ്പിക്കുവാൻ നിങ്ങൾ തല്പരരായിരിക്കുക.

ചില മാതാപിതാക്കൾക്ക് തങ്ങളുടെ മക്കൾക്ക് വൈദികനോ, സന്യാസിയോ, കന്യാസ്ത്രീയോ ആകുവാൻ യോഗ്യതയില്ല എന്നുള്ള തെററായ ധാരണയുണ്ട്. പൗരോഹിത്യവും സന്യാസവും ചില കുടുംബക്കാരുടെ മാത്രം അവകാശമാണെന്നു പലരും ധരിക്കുന്നു. ധാരാളം കുട്ടികളുള്ളതോ വൈദികരും സന്യാസികളുമുള്ളതോ ആയ ചില കുടുംബങ്ങളിൽനിന്നും അത്തരം ഇടവകകളിൽനിന്നും വീണ്ടും വീണ്ടും ദൈവവിളിയുണ്ടാകുന്നുണ്ട്. വിദേശങ്ങളിലേയും കേരളത്തിലേയും പല ഇടവകകളും അതിനു സാക്ഷ്യം വഹിക്കുന്നുണ്ട്. ഇതിൻെറ പ്രധാന കാരണം അവരുമായിട്ടുള്ള സമ്പർക്കമത്രെ!

മക്കളിൽ ദൈവവിളിയുടെ പ്രാരംഭരശ്മികൾ വീശുന്നതു കണ്ടാൽ മാതാപിതാക്കൾ തുടങ്ങിയ ചുമതലപ്പെട്ടവർ അവരെ അതിലേക്കു നിർബന്ധിക്കുകയോ, നിരുത്സാഹപ്പെടുത്തുകയോ ചെയ്യാതിരിക്കുകയാണുത്തമം. മകൻ– ഒരു വൈദികനോ, സന്യാസിയോ, മകൾ– ഒരു കന്യാസ്ത്രീയോ മിഷനറി സഹോദരിയോ ആയിക്കാണുവാൻ ആഗ്രഹിക്കാത്ത മാതാപിതാക്കൾ വിരളമല്ലേ? പുത്രനോ, പുത്രിയോ അതിലേക്കു തിരിയുന്നതോടുകൂടി കുടുംബത്തിൽനിന്നും വിട്ടുപിരിയുമല്ലോ എന്നു കരുതി നിങ്ങൾ കുണ്ഠിതപ്പെടേണ്ടതില്ല. ഒരു സന്താനത്തെയെങ്കിലും ദൈവത്തിനും അവിടുത്തെ ശുശ്രൂഷയ്ക്കുമായി പരിപൂർണ്ണമായി സമർപ്പിക്കുന്നതിനേക്കാൾ വലിയ ഭാഗ്യം എന്താണു നിങ്ങൾക്കു ലഭിക്കുവാനുള്ളത്. വാസ്തവത്തിൽ അതു് വലിയൊരു ബലിതന്നെ.

"ചില മാതാക്കൾക്ക് ദൈവികോചിതമായ ആത്മാവുണ്ട്. അവർ അതിനെ തങ്ങളുടെ കുട്ടികളിലേക്കു പകർന്നു കൊടുക്കുന്നു" (റേൻബേസിൽ)

"ഉത്തമനായ ഒരു വൈദികനുണ്ടാകണമെങ്കിൽ ഉത്തമയായ ഒരു ക്രിസ്തീയമാതാവു കൂടിയേ തീരൂ. വൈദികർക്കുണ്ടാ

കേണ്ട ഗുണങ്ങളെ പോഷിപ്പിക്കുക മാത്രമാണു് സെമ്മിനാരിയിൽ നൽകപ്പെടുന്ന പരിശീലനംവഴി സാധിക്കുക. അതിൻെറ കാതലായ അംശത്തിനു രൂപം കൊടുക്കേണ്ടതു മാതാവു തന്നെയാണു്.” (മോൺ. ഹൽഫ്)

“യഥാർത്ഥ ക്രിസ്തീയകുടുംബമാണു് പൗരോഹിത്യസുമം മൊട്ടിട്ടു വിടരുന്നതിനു ഏററം വളക്കൂറുള്ള മണ്ണു്.”

(11-ാം പീയൂസ് മാർപ്പാപ്പാ.)

“അല്ലയോ ക്രിസ്തീയമാതാക്കളെ, ഒരു പുരോഹിതൻെറ ഹൃദയത്തെ പുഷ്ടിപ്പെടുത്തുവാൻ തക്കവണ്ണം നിങ്ങളുടെ ഹൃദയങ്ങൾ ദൈവസ്നേഹാഗ്നിയാൽ എരിയുന്നില്ലേ? നിങ്ങളുടെ കുടുംബം തിരുസ്സഭക്കു ഉത്തമരായ സന്താനങ്ങളെ പ്രദാനം ചെയ്യുവാൻ നിങ്ങൾ ദൈവത്തോടു പ്രാർത്ഥിക്കുവിൻ! ദൈവത്തെക്കുറിച്ചു മനുഷ്യരോടു പ്രസംഗിക്കുവാൻ, ലോകത്തെ പ്രകാശിപ്പിക്കുവാൻ, ബലിപീഠത്തിൽ അവിടുത്തെ ശുശ്രൂഷിക്കുവാൻ ഒരു അപ്പസ്തോലൻ നിങ്ങളിൽനിന്നു പുറപ്പെടുന്നതിനു വേണ്ട ത്യാഗമനുഷ്ഠിക്കുന്നതിനുള്ള സന്നദ്ധത നിങ്ങൾക്കു നൽകണമെന്നു് അവിടുത്തോടു് പ്രാർത്ഥിക്കുവിൻ.” (കർദ്ദിനാൾ മർമില്ലോ)

തൻെറ മക്കളിൽ ഒരാളെയെങ്കിലും വൈദികനായിക്കാണുവാൻ ഒരു മാതാവു ഇരുപത്തഞ്ചു വർഷത്തോളം ദിനംപ്രതി ഒരു മണിക്കൂർവീതം പ്രാർത്ഥിച്ചിരുന്നു. ആ പ്രാർത്ഥന എങ്ങിനെ ഫലപ്പെട്ടെന്നോ? അവരുടെ എട്ടു ആൺമക്കളിൽ ഒരുവൻ കർദ്ദിനാൾ, അപരൻ മെത്രാപ്പോലീത്താ, മൂന്നാമത്തെയാൾ മെത്രാൻ, ബാക്കി അഞ്ചു പേരിൽ മൂന്നുപേർ സാധാരണ വൈദികരും. അഞ്ചു പുത്രിമാർ കന്യാസ്ത്രീകളായി. കർദ്ദിനാൾ വോണിൻെറ മാതാവാണു് ആ ഭാഗ്യവതിയായ സ്ത്രീരത്നം.

ഒരു സ്ത്രീ തൻെറ മകൻെറ ദൈവവിളിക്കായി ആഴ്ചയിൽ മൂന്നു ദിവസം വീതം മുപ്പതുവർഷം ഉപവസിച്ചിരുന്നു. ആ മഹതിയുടെ പതിനൊന്നു മക്കളിൽ ഏഴാമത്തെ മകനാണു് കർദ്ദിനാൾ സ്റ്റെപ്പിനാക്കു തിരുമേനി. ഈ മാതൃകകൾ കേരളത്തിലെ കത്തോലിക്കാ മാതാക്കൾക്കും പ്രചോദനം നല്കട്ടെ!

“സാമുദായികനില എന്തുതന്നെയായിരുന്നാലും തങ്ങളുടെ മക്കളിൽ ഒരാളെങ്കിലും ദൈവശുശ്രൂഷക്കു യോഗ്യനാകുന്നതിനു എല്ലാ മാതാപിതാക്കന്മാരും പ്രാർത്ഥിക്കണം” എന്നു് 12-ാം പീയൂസ് മാർപ്പാപ്പാ ഉത്ബോധിപ്പിക്കുന്നു.

"സന്താനങ്ങൾ സന്ന്യാസത്തിൽ പ്രവേശിക്കുന്നതിനെ തടയുന്ന മാതാപിതാക്കൾ കഠിനമായി പിഴക്കുന്നു."

(വി. ലിഗോരി)

"ഒരാളിന്റെ സന്യസപ്രവേശനത്തെ തടയുന്നതു അയാളുടെ ഹൃദയത്തിൽവച്ച് മിശിഹായെ ഹനിക്കുന്നതിനു തുല്യമാകുന്നു." (വി. ഈവാനീമ്മോസ്സ്.)

മാതാപിതാക്കന്മാരെ, നിങ്ങൾ അദ്ധ്യാപകനോ, ഡോക്ടറോ, വക്കീലോ, പോലീസോ ആയിക്കൊള്ളട്ടെ. നിഷ്കളങ്കരായ നിങ്ങളുടെ മക്കളുടെ മുമ്പിൽ പൗരോഹിത്യത്തിന്റേയും. സന്ന്യാസത്തിന്റേയും വിവാഹജീവിതത്തിന്റേയും ആദശ്ശങ്ങൾ തുറന്നുവയ്ക്കുവാൻ മടിക്കരുത്. അതു നിങ്ങളുടെ കത്തവ്യമാണ്. പെൺമക്കളോ, ആൺമക്കളോ മാത്രമുള്ള മാതാപിതാക്കൾ കുണ്ഠിതപ്പെടാതെ സ്വ സന്താനങ്ങളെ ദൈവഹിതത്തിനനുസൃതമായി വളത്തുക. അപ്പോൾ അവക്കും ദൈവവിളി ലഭിക്കും. അല്ലാത്തവക്ക് മാതൃകാ പിതാവ്- മാതാവ് ആകുവാനുള്ള ഭാഗ്യം സിദ്ധിക്കും. പുത്രന്മാരോ പുത്രികളോ ഇല്ലാത്ത ദമ്പതികൾ സ്വ കഴിവുകൾ വിവിധരംഗങ്ങൾവഴി ഉപയോഗപ്പെടുത്തി വിവിധ ജീവിതാവസ്ഥാത്ഥികളെ പ്രോത്സാഹിപ്പിക്കുക- സഹായിക്കുക.

ഏതൊരു കുടുംബജീവിതക്കാരനും വൈദികനും, സന്ന്യാസിയും, കന്ന്യാസ്ത്രീയും പറയാതിരിക്കയില്ല, മാതാപിതാക്കളുടെ പ്രാത്ഥനയും, സന്മാതൃകയും, ജീവിതവും, സാഹചയ്യങ്ങളുമാണ് തങ്ങളുടെ ജീവിതത്തിന്ന് അടിത്തറ പാകിയതു- പരിപാവനമായ ദൈവവിളിക്ക് ഹേതുവായിട്ടുള്ളതു് എന്ന്. ഇത്ര മഹത്തായ ഭാഗ്യം ലഭിക്കുന്ന മാതാപിതാക്കളുടെ എണ്ണം കേരള നാട്ടിൽ വദ്ധിക്കട്ടെ!

## അദ്ധ്യായം 8

# അദ്ധ്യാപകരോട്

അഞ്ചോ ആറോ വയസ്സുമുതൽ കുട്ടികളുടെ പ്രധാന വിഹാരരംഗം വിദ്യാലയങ്ങളാണല്ലോ. അവർ അധികസമയവും അവിടെ ചിലവിടുന്നു. കുടുംബങ്ങളുടെ തുടർച്ചയാണ് വിദ്യാലയങ്ങൾ. ശാരീരികവും മാനസികവും ആദ്ധ്യാത്മികവുമായ പല പരിവർത്തനങ്ങൾക്കും അവർ ആ സുദീർഘമായ കാലഘട്ടത്തിൽ വിധേയരാകുന്നു. അവരുടെ ആദർശങ്ങളും ആഗ്രഹങ്ങളും വികസിതമാകുന്നു. അജ്ഞതയാലും അസൗകര്യങ്ങളാലും മററും കുടുംബത്തിൽവച്ച് വികസിപ്പിക്കുവാൻ കഴിയാത്ത അവരുടെ വിവിധ കഴിവുകളെ അദ്ധ്യാപകന്റെ സഹായത്താലും നിയന്ത്രണത്തിലും പരിഹരിക്കപ്പെടുന്നതിനുള്ള ഒരു വിലയേറിയ സങ്കേതമത്രെ സുദീർഘമായ വിദ്യാലയജീവിതഘട്ടം. മാതാപിതാക്കളുടെ പ്രതിനിധിയായ അദ്ധ്യാപകൻ വിദ്യാലയത്തിലെത്തുന്ന കുട്ടികളെ വിദഗ്ദ്ധവും വിശാലവുമായ അറിവും, ആനന്ദവും നൽകുന്ന വിവിധ പരിപാടികളാൽ സ്വഭാവത്തിലും ജീവിതത്തിലും പ്രവർത്തനത്തിലും യോഗ്യരാക്കിത്തീർക്കുന്നു.

അദ്ധ്യാപകൻ അദ്യമായി ആദ്ധ്യാത്മികകാര്യങ്ങളിൽ താല്പര്യമുള്ളവനും ക്രിസ്തീയചൈതന്യമുള്ളവനും ആയിരിക്കണം. വിദ്യാർത്ഥികളുടെ മദ്ധ്യേ ഉന്നതാദർശങ്ങൾ ഉയർത്തുവാനും സ്നേഹം, ത്യാഗം, സഹനം, സേവനം ഇവയുടെ മാഹാത്മ്യം മതപഠനക്ലാസ്സുകൾ വഴിയായിട്ടെങ്കിലും അറിയിക്കുവാനും ശ്രമിക്കുക.

കുട്ടികളുടെ ശോഭനമായ ഭാവിയെ ലാക്കാക്കി അവർക്കാവശ്യമായ എല്ലാവിധ പ്രവർത്തനരംഗങ്ങളും യഥാവസരം സുലഭമായി തുറന്നുകൊടുക്കുക. സ്കൂളിൽ ഏതെങ്കിലും ഒരു സംഘടനയുണ്ടായിരിക്കട്ടെ! അതിന്റെ പരിപാടികളിൽ ക്രമീകരണവും മേൽനോട്ടവും വഹിക്കുക. സൗകര്യംപോലെ പണ്ഡിതന്മാരെ വരുത്തി വേണ്ട ഉന്നതജ്ഞാനം നൽകുക. പ്ര

തിവർഷം സംഘടനാ വാർഷികവും മത്സരങ്ങളും മററും നടത്തി കുട്ടികളുടെ കഴിവുകളെ വികസിപ്പിക്കുക.

കത്തോലിക്കാ കുട്ടികൾക്കായുള്ള സൊഡാലിററി, മിഷൻലീഗ് ഇവയിൽ ഒന്നെങ്കിലും വിദ്യാലയത്തിൽ സ്ഥാപിതമാവട്ടെ! ഏതെങ്കിലും ഒരു മിഷൻ ഗ്രാമം ഓരോ ക്ലാസ്സിനും നിർദ്ദേശിച്ചുകൊടുത്തു് പ്രാർത്ഥന, കത്തുകൾ, സാമ്പത്തിക സഹായം എന്നിവയാൽ മിഷൻ പ്രവർത്തനത്തിൽ അവരെ സഹകരിപ്പിക്കുക. മിഷൻലീഗുപ്രവർത്തനം വിദ്യാലയങ്ങളിലേക്കും വ്യാപിച്ചതോടുകൂടി ഈദൃശപ്രവർത്തനങ്ങൾ വളരെ വിജയപ്രദമാകുന്നുണ്ടു്.

വാർഷികാഘോഷങ്ങൾ നടത്തുമ്പോൾ മിഷൻപ്രവർത്തനപരമായ മത്സരങ്ങൾ– പ്രസംഗമത്സരം, ഉപന്യാസമത്സരം ഇവ സ്വാഗതാർഹമത്രെ.

വൈദികരും കേരളം സന്ദർശിക്കുന്ന മിഷനറിമാരും ഒരു പ്രാവശ്യമെങ്കിലും വിദ്യാർത്ഥികളോട് പ്രസംഗിക്കുന്നതിനും യുവതീയുവാക്കളെ റിക്രൂട്ടുചെയ്യുന്നതിനും അവസരം നൽകുന്നതായാൽ, ദൈവവിളി വിദ്യാലയംവഴി വർദ്ധിക്കും.

വിദ്യാലയങ്ങളുടെ അടുത്തു് ചാപ്പലോ, പള്ളിയോ ഉണ്ടെങ്കിൽ സൗകര്യാനുസൃതം തനിച്ചും ഒരു നിശ്ചിതസമയത്തു് കൂട്ടമായും വിസീത്ത നടത്തുക.

സ്ക്കൂൾ വർഷാവസാനത്തിൽ മിഷൻധ്യാനം, പ്രദർശനങ്ങൾ ഇവ മുടങ്ങാതെ നടത്തുക. അവധിക്കാലത്തു് വിദ്യാർത്ഥികൾക്കായി പ്രത്യേകം "സമ്മർസ്ക്കൂളുകളും" ധ്യാനവും, പ്രദർശനങ്ങളും ഉണ്ടായിരിക്കട്ടെ!

വിവിധ ജീവിതാവസ്ഥകളെപ്പററി ഗ്രഹിക്കുവാൻ സഹായകമായ ഗ്രന്ഥങ്ങളും, വിവിധ പത്രമാസികകളും, ഉത്തമഗ്രന്ഥങ്ങൾക്കൊള്ളുന്ന ഗ്രന്ഥശാലയും ഓരോ വിദ്യാലയത്തിനും ഉണ്ടായിരിക്കണം.

പ്രതിവർഷം ഒരു പ്രാവശ്യമെങ്കിലും വിനോദയാത്രകൾക്കുള്ള അവസരം എല്ലാ ക്ലാസ്സുകൾക്കും ലഭിക്കട്ടെ. മിഷൻരംഗങ്ങൾ, സെമ്മിനാരി, ആശ്രമം, മഠം ഇവ സന്ദർശിക്കുവാനും അവയിലെ അംഗങ്ങളോട് പരിചയപ്പെടുന്നതിനും, കത്തിടപാടുകൾ പരിമിതമായിട്ടെങ്കിലും നടത്തുന്നതിനും

ആദ്ധ്യാത്മികതീക്ഷ്ണതയുള്ള വിദ്യാർത്ഥികൾക്കെങ്കിലും സൗകര്യം നൽകുക.

വിദേശങ്ങളിൽ സുലഭമായിട്ടുള്ള മേൽപ്പറഞ്ഞ കർമ്മപരിപാടികൾ കേരളത്തിലെ വിദ്യാർത്ഥികളും അദ്ധ്യാപകരും അനുകരിക്കേണ്ട സമയമാണിപ്പോൾ. പലടത്തും അവ സമാരംഭിച്ചിട്ടുണ്ട്. അവ മുടക്കാതെ തുടരുക.

അദ്ധ്യാപകരേ, നിങ്ങൾ തന്നെയാണ് കുട്ടികളുടെ സ്വഭാവരൂപവൽക്കരണത്തിൽ മാതാപിതാക്കൾ കഴിഞ്ഞാൽ വലിയ പങ്കു വഹിക്കുന്നത്. ഉത്തമനായ ഒരു അദ്ധ്യാപകൻ വിദ്യാലയം വിട്ടുപോകുന്ന യുവാവിന് യോഗ്യമായ കർമ്മരംഗം നിർദ്ദേശിച്ചുകൊടുക്കുന്നു– അവരുടെ സ്വഭാവം, ജീവിതം, വിവിധ കഴിവുകൾ എന്നിവയെ അടിസ്ഥാനമാക്കി. വിദ്യാലയാധികൃതർ തീക്ഷ്ണതാപൂർവ്വം വിദ്യാർത്ഥികളിൽ അനേകരെ ക്രിസ്തുശിഷ്യരാക്കിത്തീർക്കണമെന്നുള്ള ആഗ്രഹത്തോടെ വർത്തിക്കേണ്ടിയിരിക്കുന്നു. ഒരു ശിഷ്യന് ദൈവാഹ്വാനത്തിനനുസൃതമായ വഴി തെളിച്ചുകൊടുക്കുന്നതിനേക്കാൾ നിങ്ങൾക്ക് എന്തിലാണ് കൂടുതൽ കൃതാർത്ഥതയ്ക്കവകാശമുള്ളത്.

---

## അദ്ധ്യായം 9

# വൈദികരോട്

ഓരോ ഇടവകയുടേയും ആദ്ധ്യാത്മികാഭിവൃദ്ധി അംഗങ്ങളുടെയും വൈദികൻേറയും യോജിപ്പിനേയും പ്രവർത്തനത്തേയും ഏറെക്കുറെ ആശ്രയിച്ചാണിരിക്കുന്നത്. ഇടവക വികാരിയുടെ വിദഗ്ദ്ധമായ ആദ്ധ്യാത്മിക നേതൃത്വം വളരെയധികം സഹായിക്കുന്നുണ്ട്. കത്തോലിക്കാ സഭാസന്താനങ്ങളുടെ ആത്മീയവും ലൗകികവുമായ ഒരു ശക്തികേന്ദ്രമാണ് ഇടവക ദേവാലയവും വൈദികനും. വിശ്വാസികളുടെ ഭക്തിപ്രകടനങ്ങളുടെ ഒരു രംഗമാണ് അത്. അനുഗ്രഹദാതാവായ ഈശോയുടെ

മുമ്പിൽ തങ്ങളുടെ ആവശ്യങ്ങളുണർത്തിക്കാന്, ലഭിച്ചിട്ടുള്ള സഹായങ്ങൾക്ക നന്ദി പ്രകാശിപ്പിക്കുവാൻ വെമ്പുന്ന ഹൃദയത്തോടെ അവർ പള്ളിയിൽ പ്രവേശിക്കയും കൃതാർത്ഥതയോടെ പിന്തിരിയുകയും ചെയ്യുന്നു.

ഒരു നിശ്ചിത പരിപാടിയനുസരിച്ച് തിരുസ്സഭയുടെ നിയമപ്രകാരം ഓരോ ദേവാലയത്തിലും ക്രിസ്തുവിൻെറ പ്രതിനിധിയായ പുരോഹിതൻ നടത്തുന്ന ദിവ്യകർമ്മങ്ങൾ, പ്രസംഗം, കൂട്ടമായ പ്രാർത്ഥനകൾ, വിശ്വാസികളുടെ ഭക്താചാരങ്ങൾ, വിവിധ ഭക്തപരിപാടികൾ ഇവയെല്ലാം ഓരോരുത്തരുടേയും വിശ്വാസചൈതന്യത്തെ വർദ്ധിപ്പിച്ച് ജീവിതത്തെ വിശുദ്ധീകരിക്കുന്നു. ഇടവകജനങ്ങളുടെ ആദ്ധ്യാത്മികനിലവാരമുയർത്തുവാനും, വിവിധ കഴിവുകൾ വികസിപ്പിക്കുവാനും ഏതു പ്രായത്തിലുള്ളവർക്കും ചേർന്നു പ്രവർത്തിക്കുവാൻ തക്ക സംഘടനകളുണ്ട്— മാതൃസംഘം, അൽമായ മൂന്നാംസഭ, സൊഡാലിററി, ലീജിയൻ ഓഫ് മേരി, സത്യാരാധന, മിഷൻലീഗ്, അദ്ധ്യയനമണ്ഡലം ഇങ്ങനെ പലതും. ഇവയിൽ ഏതെങ്കിലും ഒന്ന് ശരിയായി പ്രവർത്തിക്കുന്ന ഇടവകയിലെ ജനങ്ങളുടെ ജീവിതസ്ഥിതി— ക്രിസ്തീയചൈതന്യം— അതു വിളിച്ചറിയിക്കുന്നുണ്ട്. "കത്തോലിക്കാ പ്രവർത്തനത്തിൻെറ വിലയേറിയ പ്രതിഫലം, യുവജനങ്ങളുടെ കത്തോലിക്കാ പ്രവർത്തനസംഘടനകളിൽനിന്ന് പൗരോഹിത്യത്തിലേക്കും സന്ന്യാസത്തിലേക്കും നിരവധി ദൈവവിളികൾ ഉണ്ടാകുന്നുവെന്നതാണ്. ഇതു് ഈ സംഘടനകൾ സുകൃതങ്ങളുടെ ഫലദായകമായ വിളഭൂമിയും നേർമ്മയുള്ള കുസുമങ്ങൾ അഭംഗം വളരുവാൻ ശരിയായി വിത്തിറക്കി സംരക്ഷിക്കപ്പെട്ടുപോരുന്ന ചെടിത്തോട്ടവുമാണെന്നു തെളിയിക്കുന്നു" എന്ന്, 11-ാം പീയൂസ് മാർപ്പാപ്പാ പ്രഖ്യാപിക്കുന്നു.

വിശ്വാസികളുടെ ജീവിതാവസ്ഥ തിരഞ്ഞെടുപ്പിൽ യഥാവസരം ആവശ്യമായ ഉപദേശം വൈദികൻ നൽകാറുണ്ട്— അത്യാവശ്യവും കടമയുമത്രെ. ഏതു വഴിക്കാണ് താൻ പോകേണ്ടതെന്ന് നിശ്ചയമില്ലാതെ ആത്മപിതാവിനെ സമീപിക്കുന്നവൻ അദ്ദേഹത്തിൻെറ വിദഗ്ദ്ധമായ നിർദ്ദേശാനുസരണം വർത്തിക്കുവാൻ ആഗ്രഹമുള്ളവനായി പിന്തിരിയുന്നു. വിവാഹം, പൗരോഹിത്യം, സന്ന്യാസം തുടങ്ങിയ വിവിധ ജീവിതാവസ്ഥകളെപ്പററി ആണ്ടുവട്ടത്തിൽ ഒരിക്കലെങ്കിലും ഇട

വകജനങ്ങളോട്ട് പ്രസംഗിക്കുന്ന വൈദികൻെറ പ്രസ്തുതകൃത്യം ജീവിതമുറ തിട്ടപ്പെടുത്താത്തവർക്ക് സഹായകമായ ഒന്നാണു്. "വൈദികൻെറ ചുമതലകളിൽ ഏററവും പൂജ്യവും മൃദുലവുമായതു് യുവഹൃദയങ്ങളുടെ ഭാവിയെ സംബന്ധിക്കുന്ന ഹിതം കണ്ടുപിടിക്കുക എന്നതാണു്" (കർദ്ദിനാൽ കബ്രിയേറെ)

'മതപഠനക്ലാസ്സുകൾ' വളരെയധികം സഹായിക്കും കുട്ടികളുടെ മതതീക്ഷ്ണതയേയും ജീവിതത്തേയും ഉയർത്തുവാൻ. ആർസിലെ വികാരിയച്ചനായിരുന്ന വി. ജോൺ വിയാന്നി പ്രസംഗവും, കുമ്പസ്സാരക്കൂട്ടം, മതപഠനക്ലാസ്സുകളുംവഴിയാണു് ഫ്റാൻസിനെ ആദ്ധ്യാത്മികമായിട്ടുയർത്തിയതു്. വി. ജോൺ വിയാന്നി, വി. കൊച്ചുത്രേസ്യാ, വി. ഡോൺബോസ്കോ, വി. ഡോമിനിക്ക സാവ്യോ, വി. അലോഷ്യസ്, വി. പത്താം പീയൂസ്, വി. മരിയഗൊരേത്തി തുടങ്ങിയവരുടെ ചരിത്രങ്ങൾ കുട്ടികൾക്ക് സുപരിചിതമാക്കിത്തീർക്കുക. വിവിധ ജീവിതാവസ്ഥകൾ, മിഷൻ പ്രവർത്തനം ഇവയെപ്പററി അറിവു നൽകുക. കൊച്ചുകൊച്ചു പുസ്തകങ്ങളും മാസികകളും കുട്ടികൾക്ക് നല്കണം. "പൗരോഹിത്യത്തിൻെറ ഉന്നത പദവിയും സൗന്ദര്യവും ആവശ്യകതയും ഫലങ്ങളും എടുത്തുകാണിച്ചുകൊണ്ടു് പൗരോഹിത്യത്തിനെതിരായി ഇന്നു നിലവിലിരിക്കുന്ന മുൻവിധികളെ പ്രസംഗം, വേദപാഠക്ലാസ്സുകൾ ഇവ വഴി മാത്രമല്ല സുഹൃൽസംഭാഷണങ്ങൾ വഴിയും നിവാരണം ചെയ്യുവാൻ ദൈവശുശ്രൂഷികൾ പരിശ്രമിക്കട്ടെ"യെന്നു് പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ വൈദികരെ ഉൽബോധിപ്പിക്കുന്നു.

"തൻെറ സംരക്ഷണത്തിൽ ഏല്പ്പിട്ടിരിക്കുന്ന കുട്ടികളിൽ വൈദികൻ തല്പരനായിരിക്കണം. കാരണം വാക്കുകളും മാതൃകകളും വഴിയായി അവരുടെമേൽ ചെലുത്തുന്ന സ്വാധീനതയാൽ, സഭയുടെ പുറംകോട്ടയായിത്തീരേണ്ട ഭാവിതലമുറയെ വൈദികൻ കരുപ്പിടിപ്പിക്കുകയാണു്. ഭാവിയുടെ വിധാതാക്കൾ ആ കുട്ടികളത്രേ; അവരിൽനിന്നുവേണം ക്രൈസ്തവ പ്രബോധനങ്ങൾ കൈകാര്യംചെയ്യുവാനുള്ള വൈദികന്മാരും കന്യാസ്ത്രീകളും ഉണ്ടാകുവാൻ. അതിനാൽ വൈദികൻെറ ഉൽക്കണ്ഠ തൻെറ അജഗണത്തിലെ ഈ ആട്ടിൻകുഞ്ഞുങ്ങളെക്കുറിച്ചും അദ്ദേഹത്തിൻെറ പരിശ്രമങ്ങൾ അവർക്കുവേണ്ടിയും ആയിരിക്കണം. ദിവ്യശുശ്രൂഷക്ക അല്പാപൂനാകുമ്പോൾ, നിത്യ

ജീവിതത്തിലേക്ക് വിളിക്കപ്പെട്ടമ്പോൾ തൻെറ സ്ഥാനത്തു നിന്ന് ദിവ്യബലി അപ്പിക്കവാനും മററു ദിവ്യശുശ്രൂഷകൾ നടത്തുവാനും വൈദികരുണ്ടാകേണ്ടതിന്ന് പരിശ്രമിക്കുക ഓരോ വൈദികൻേറയും കത്തവ്യമാണ്. ഒരിക്കൽ തൻെറ ദിവ്യശുശ്രൂഷ സ്വീകരിച്ചിട്ടുള്ള, ഒരു കാലത്ത് തൻെറ ആദ്ധ്യാത്മീക നിയന്ത്രണത്തിൽ ഉൾപ്പെട്ടിരുന്ന ബാലന്മാർ ദിവ്യവസ്ത്രങ്ങളണിഞ്ഞ് ദൈവത്തിൻെറ അൾത്താരയിലായിരിക്കുന്നതു കാണുക ഒരു വൈദികന്ന് എത്ര ആനന്ദദായകവും ആശ്വാസപ്രദവുമല്ല...'' എന്ന് ഒരു സുപ്രസിദ്ധ മിഷനറിയായ മോൺ. ജെ. എൽ. ജെ. കിർലിൻ പറയുന്നതു് സ്മരണീയമത്രെ.

''കാനൻനിയമം നിർദ്ദേശിക്കുന്നതുപോലെ വൈദികജീവിതത്തിലേക്ക് അത്ഥികളെ കണ്ടുപിടിക്കുക എല്ലാ വൈദികരുടേയും പ്രത്യേക കടമയാണ്. (1353-ാം കാനൻ:– ദൈവവിളിയുടെ ലക്ഷണങ്ങൾ ഉള്ള ബാലന്മാരെ വൈദികന്മാർ പ്രത്യേകിച്ച് വികാരിമാർ ലോകത്തിൻെറ പ്രലോഭനങ്ങളിൽ നിന്നകററിനിറുത്തി ഭക്തമുറകളിൽ അഭ്യസിപ്പിക്കുകയും ആദ്യപാഠങ്ങൾ പഠിപ്പിച്ച്, അവരുടെ ദൈവവിളിയുടെ ബീജത്തെ പുഷ്ടിപ്പെടുത്തുകയും ചെയ്യേണ്ടതാണ്.) തങ്ങൾ പ്രാപിച്ചിരിക്കുന്ന മഹാദാനത്തിന്ന് അവർതന്നെയും ദൈവത്തിന് വിനീതവും ഉദാരവുമായ കൃതജ്ഞത പ്രദശിപ്പിക്കേണ്ടവരാണല്ലോ. വേണ്ട പക്വതകളെല്ലാം ഇണങ്ങിച്ചേന്നിട്ടുണ്ടെന്ന് ബോദ്ധ്യപ്പെട്ടിട്ടുള്ള യുവാക്കന്മാരിൽനിന്നും തങ്ങൾക്ക് ഒരു പിൻഗാമിയെ ഉയത്തിക്കൊണ്ടുവരിക എന്നതിൽക്കവിഞ്ഞ് കൂടുതൽ പ്രിയംകരവും ആനന്ദപ്രദവുമായി മറെറാന്നും അവക്കുണ്ടാകാവുന്നതല്ലതാനും'' (12-ാം പീയൂസ് മാപ്പാപ്പാ)

''അഖിലലോകവീക്ഷണത്തോടുകൂടിയ ഇടവകവികാരിയിലാണ് ക്രിസ്തുമതം ലോകമെങ്ങും പ്രചരിപ്പിക്കുവാനുള്ള പ്രത്യാശയുടെ വിജയം നിക്ഷിപ്തമായിരിക്കുന്നതെന്നു തീർച്ചയാണ്'' (ഫാ. ജയിംസ് കെല്ലർ)

''ഓരോ വൈദികനും ലോകം മുഴുവൻേറയും പിതാവാണെന്നു പറയാം. അതിനാൽ തൻെറ അദ്ധ്വാനങ്ങളാൽ ആരുടെയെല്ലാം ആത്മരക്ഷയിൽ സഹകരിക്കുവാൻ തനിക്കു കഴിയുമോ അവരുടെയെല്ലാവരുടേയുംമേൽ വൈദികൻ ശ്രദ്ധാലുവായിരിക്കണം.'' (വി. ക്രിസസ്റ്റോം)

ഓരോ ഇടവകയിലും "ദൈവവിളി ഫണ്ട്" സമാരംഭിക്കട്ടെ! അതുവഴി ഒരു വൈദികവിദ്യാർത്ഥിയുടേയോ, ഉപദേശിയുടേയോ, മിഷനറി വൈദികന്റേയോ വിവിധാവശ്യങ്ങളിൽ സഹകരിക്കുക. വിവാഹാന്തസ്സിൽ പ്രവേശിപ്പിക്കുവാൻ സാമ്പത്തികകഴിവു കുറവിനാൽ സാധിക്കാത്ത യുവതികളേയും വിവാഹച്ചിലവിൽ സഹായിക്കുക. കഴിവുള്ള വൈദികർ സ്വന്തമായി ഒരു വൈദികവിദ്യാർത്ഥിയുടെയെങ്കിലും പഠനച്ചിലവു വഹിക്കട്ടെ! അമേരിക്കയിൽ ഒരു വൈദികൻ 34 വർഷത്തെ വൈദികജീവിതത്തിനിടയിൽ 51 പേരെയും, മറെറാരു വൈദികൻ 30 വർഷത്തിനിടയിൽ 64 പേരെയും വൈദികപഠനച്ചിലവു നൽകി ആ ഉന്നതപദവിയിലെത്തിക്കുവാൻ ശ്രമിച്ച കഥകൾ കേരളത്തിലെ വൈദികരും സ്മരിച്ചിരുന്നെങ്കിൽ!!

ഇങ്ങനെ നോക്കുമ്പോൾ ക്രിസ്തുവിന്റെ പ്രതിനിധിയായ വൈദികനു് വിവിധ മണ്ഡലങ്ങളിൽ അനേകമനേകം പ്രവർത്തനങ്ങളാണു് ചുമതലയിൽപ്പെടുന്നതു്. പള്ളി, പള്ളിക്കൂടം, മതപഠനക്ലാസ്സുകൾ, ഭക്തസംഘടനകൾ, ക്രിസ്തീയകുടുംബങ്ങൾ ഇവയെല്ലാംവഴി ഓരോ മതവിശ്വാസിയുടേയും– ജീവിതത്തെ നവീകരിക്കുവാനും, അവരുടെ ജീവിതാന്തസ്സിനെ ക്രമപ്പെടുത്തുവാൻ സഹകരിക്കുന്നതിനും, ആദ്ധ്യാത്മികവും ലൗകികവുമായി പല ഘട്ടങ്ങളിലായി അവരെ അഭിവൃദ്ധിപ്പെടുത്തുവാനും, ഓരോ ഇടവകയിൽനിന്നും ധാരാളം പൗരോഹിത്യ–സന്യാസ ദൈവവിളികൾ ഫലമണിയിക്കുവാനും ഓരോ വൈദികനും തങ്ങൾക്കു കിട്ടുന്ന വിലയേറിയ അവസരങ്ങൾ ഉപകാരപ്പെടുത്തട്ടെ! പ്രയോജനപ്പെടുത്തുന്നുണ്ട് പല വൈദികരും.

"കുട്ടികളെ സെമ്മിനാരി പ്രവേശനത്തിനു ഒരുക്കുന്ന വൈദികൻ പത്തു പ്രാവശ്യം വൈദികനാണു്" (ബിഷപ്പ് ബോഗാഡ്)

അപ്പോൾ ഓരോ വൈദികനും അനന്ദത്തോടെ വിശുദ്ധ പൗലോസിനെപ്പോലെ പറയുവാൻ കഴിയും "എന്റെ കുഞ്ഞുങ്ങളെ, നിങ്ങളിൽ ക്രിസ്തു രൂപംകൊള്ളുവാൻ ഞാൻ എത്രമാത്രം പ്രയത്നിക്കുന്നു" (ഗാലേ. IV/19) എന്നു്. സുദീർഘമായ ജീവിതത്തിലെ ആ യത്നങ്ങൾ ഫലസമ്പന്നമാകുമ്പോൾ വൈദികർ കൃതാർത്ഥരാകാം.



ഒരു കേരളീയ മിഷനറി ബെല്ലാറി രൂപതയിലെ മിഷൻ ഗ്രാമങ്ങൾ സന്ദർശിക്കുന്നതിനു പോകുന്നു. റവ. ഫാ. ആന്റണി കുററിയാനിയാണു മിഷനറി.



ഒരു വൈദികൻ സത്യമതത്തെപ്പററി ദക്ഷിണേന്ത്യയിലെ കുട്ടികളെ പഠിപ്പിക്കുന്നു.



1951—മുതൽ നാഗപ്പൂർ രൂപതയിൽ പ്രവത്തനം നടത്തുന്ന "The Society of the Catholic Apostolate" എന്ന മിഷ്യനറി സഭയിൽ 1955–'56-ൽ ചേർന്ന കേരളീയർ- ഇവർ ഇപ്പോൾ നാഗപ്പൂർ സെമിനാരിയിൽ വൈദികപഠനം നടത്തുകയാണ്. മദ്ധ്യത്തിൽ, ബ്ര: ജോസഫ് കുറിച്ചിത്താനം, അറാക്കുളം.

## അദ്ധ്യായം 10

# ദൈവവിളി

PRATHIBHA ... EVARA, COCHIN-13 ... TRAINING CENTRE

ബാല്യകാലംമുതൽ സഹപാഠികളും ജീവിതത്തിലും സ്വഭാവത്തിലും വളരെ യോജിപ്പുള്ളവരും ആയിരുന്ന ചിലർ ജീവിതാവസ്ഥ നിർണ്ണയിക്കുമ്പോൾ പ്രതീക്ഷകളെ ഉല്ലംഘിച്ചുകൊണ്ട് ഒരാൾ പൗരോഹിത്യവും, അപരൻ വിവാഹാന്തസ്സും തിരഞ്ഞെടുക്കുന്നതായിക്കാണാം. പൗരോഹിത്യമോ, സന്യാസമോ തിരഞ്ഞെടുക്കുമെന്ന് പ്രതീക്ഷിക്കാതിരുന്ന ചിലരും അതിലേക്ക് തിരിയാറുണ്ട്. കാരണമെന്തു്? അതിലേക്കായിരുന്ന ദൈവത്തിൻെറ ആഹ്വാനം. ആഗ്രഹിക്കുന്ന ചിലർക്ക് അതു ലഭിക്കാറില്ല. അതിലേക്ക അവരെ ക്ഷണിക്കപ്പെട്ടില്ല. അതിനാൽ 'ദൈവവിളി' യെപ്പററി അല്പം പ്രസ്താവിക്കുന്നു. ആർക്കാണ് ദൈവവിളിയുള്ളതു്? ആർക്കാണില്ലാത്തതു്.

### ദൈവവിളി എന്നാൽ എന്തു്?

ജീവിതാവസ്ഥ തിരഞ്ഞെടുക്കുന്നതിനുള്ള ദിവ്യപ്രചോദനം അഥവാ പ്രേരണ എന്നാണ് ദൈവവിളി എന്നതിൻെറ വ്യാപകമായ അർത്ഥം. വൈദികാന്തസ്സിലേക്കുള്ള ഒരു വ്യക്തിയുടെ ദൈവികപ്രേരണയെ, സന്യാസാന്തസ്സിലേക്കുള്ള ദിവ്യാഹ്വാനത്തെ പരിമിതമായ അർത്ഥത്തിൽ 'ദൈവവിളി'യെന്നു പറയുന്നു. വിവാഹജീവിതാവസ്ഥ തിരഞ്ഞെടുപ്പിനു സാധാരണ 'ദൈവവിളി' എന്ന സംജ്ഞ നൽകാറില്ല.

ദൈവവിളി എന്നൊന്നുണ്ടോ? ഉണ്ട്. പുതിയനിയമത്തിലെ പ്രധാനാചാര്യനായ ക്രിസ്തു, പിതാവായ ദൈവത്തിൻെറ പ്രത്യേകനിയോഗത്താലാണല്ലോ അഭിഷിക്തനായതു്. ക്രിസ്തുനാഥൻതന്നെയാണ് ക്രൈസ്തവസഭയിലെ പ്രഥമ പുരോഹിതന്മാരേ തിരഞ്ഞെടുത്തതു്. "നിങ്ങൾ എന്നെ തിരഞ്ഞെടുക്കുകയല്ല, പിന്നെയോ ഞാൻ നിങ്ങളെ തിരഞ്ഞെടുക്കുകയാണു ചെയ്തതു്" എന്ന് അപ്പസ്തോലന്മാരുടെ ദൈവവിളിയെ ദിവ്യഗുരു പരസ്യമായി പ്രഖ്യാപിച്ചു് വ്യക്തമാക്കുകയുണ്ടായി. പഴയ

നിയമത്തിലെ അഹ്റോൻ ദൈവത്താൽ പൗരോഹിത്യത്തിലേക്കു വിളിക്കപ്പെട്ടു. "അഹ്റോനെപ്പോലെ വിളിക്കപ്പെടുന്നവരല്ലാതെ മററാരും ഉന്നതമായ ഈ സ്ഥാനം സ്വീകരിക്കാതിരിക്കട്ടെ" എന്ന് വിശുദ്ധ അപ്പസ്തോലൻ ഉപദേശിക്കുന്നുണ്ട്.

"ദൈവവിളി– വാച്യാർത്ഥത്തിൽ നിന്നു ഗ്രഹിക്കാം അതൊരു ക്ഷണമാണെന്ന്– ദൈവത്തിൽനിന്നുള്ള ക്ഷണം. എങ്ങിനെയാണീ ക്ഷണം ലഭിക്കുക? ഒരു മിന്നൽ പിണരെന്നപോലെ അപ്രതീക്ഷിതമായി അതിവേഗത്തിലോ? ചിലർക്കങ്ങനെ ലഭിക്കാറുണ്ട്. മററു ചിലർക്കു് വളരെ സാവധാനത്തിലാണ് ലഭിക്കുക... വേറെ ചിലരുണ്ട് ദൈവവിളിയുടെ ശബ്ദം ചെറുപ്പം മുതലെ അവരിൽ മുഴങ്ങിക്കൊണ്ടിരിക്കുകയാണ്... യഥാർത്ഥമായ ദൈവവിളിക്കു ദൈവത്തിൽനിന്നുള്ള വിളി തികച്ചും അനുപേക്ഷണീയമാണ്. യുവാക്കളുടെ പക്ഷത്തുനിന്നുള്ള വിളി കേൾക്കൽ ഒരിക്കലും വിളിക്കു തുല്യമാകുന്നില്ല. അനേകർ വിളിക്കപ്പെടുന്നു; എന്നാൽ ചുരുക്കംപേർ വിളി കേൾക്കുന്നു. ദൈവവുമായി പ്രേമബന്ധത്തിലേപ്പെടുകയാണു ദൈവവിളി" എന്നിപ്രകാരമാണ് വിശ്വവിശ്രുതനായ അമേരിക്കൻ പണ്ഡിതൻ ബിഷപ്പ് ഫുൾട്ടൺ ജെ. ഷീൻ തിരുമേനി ദൈവവിളിയെ വ്യക്തമാക്കിയിരിക്കുന്നതു്.

## ദൈവവിളിയുടെ ലക്ഷണങ്ങൾ

ദൈവത്തിന്റെ ദാനമാണു ദൈവവിളിയെന്നു കണ്ടു. ദൈവം തന്റെ സേവനത്തിനായി വിളിക്കുന്നവർക്കു അവർക്കാവശ്യമായ പ്രസാദവരങ്ങളും ഗുണങ്ങളും നൽകുന്നു. "ആന്തരികമായി ഒരു പ്രചോദനവും എനിക്കിതേവരെ ലഭിച്ചിട്ടില്ലല്ലോ. അതിനാൽ ഞാൻ എങ്ങിനെ വൈദികൻ–സഹോദരൻ–കന്യാസ്ത്രീ, ആകാൻപോകും. ഞാനതിനു യോഗ്യനാണെന്ന് എങ്ങിനെയാണ് ഗ്രഹിക്കുന്നതു്. എന്റെ കുറവുകൾ എങ്ങിനെ ഏവയൊക്കെയാണെന്നറിഞ്ഞു് പരിഹരിക്കും..." എന്നു വിചാരിച്ചു കുണ്ഠിതപ്പെടുന്ന യുവതീയുവാക്കന്മാരും വിരളമല്ല. ദൈവവിളിക്കു ചില ലക്ഷണങ്ങളെല്ലാമുണ്ട് അവ അർത്ഥി (അർത്ഥിനി)കളിൽ ഉണ്ടായിരിക്കണമെന്നാണ് തിരുസ്സഭാ നിയമം. അതിനാൽ അവ ഏതെല്ലാമെന്ന് ഇനി നമുക്കു നോക്കാം.

ദൈവവിളിയുടെ പ്രധാന ലക്ഷണങ്ങളായി സഭ നിർദ്ദേശിച്ചിരിക്കുന്നതു് ശുദ്ധനിയോഗം, ആരോഗ്യം, ബുദ്ധിശക്തി എന്നിങ്ങനെ മൂന്നാണു്.

പുണ്യശ്ലോകനും സുപ്രസിദ്ധനുമായ ഫാദർ വില്യം ഡോയിൽ എസ്. ജെ. യുടെ "ദൈവാഹ്വാനം" എന്ന ഗ്രന്ഥത്തിൽ ദൈവവിളിയുടെ ലക്ഷണങ്ങളായി വിവരിക്കുന്നവ താഴെ ഉദ്ധരിക്കുന്നു. ഇവയെല്ലാം ഒരാളിൽ അവശ്യം വേണമെന്നില്ലെങ്കിലും ചിലതെല്ലാം ഇല്ലെങ്കിൽ അയാളിൽ ദൈവവിളിയില്ലെന്നു് തീർച്ചയായി അനുമാനിക്കാവുന്നതാണു്.

1. സന്യാസത്തിലേക്കു് ദൈവവിളി ലഭിക്കണമെന്നുള്ള അതിയായ ആഗ്രഹവും അതേ സമയം തന്നെ ദൈവം തന്നെ വിളിക്കുന്നെന്നുള്ള ബോധവുമുണ്ടായിരിക്കുക. സാധാരണയായി ഇതുണ്ടാകുന്നതു ആത്മാവു ശാന്തമായിരിക്കുന്ന അവസരങ്ങളിലാണു്. അതായതു് വി. കർബാന സ്വീകരണാനന്തരവും ധ്യാനാവസരങ്ങളിലും മററും.

2. പ്രാർത്ഥനയിലേക്കും മററു ഭക്തകൃത്യങ്ങളിലേക്കും ക്രമപ്രവൃദ്ധമായ ഒരു ആകർഷണം തോന്നുക. കൂടാതെ ഏകാന്തജീവിതത്തിനും ദൈവത്തോടു കൂടുതൽ ഐക്യപ്പെടുന്നതിനും ഉള്ള ആഗ്രഹവും അഭിവാഞ്ഛയും അനുഭവപ്പെടുക.

3. ലോകത്തോടുള്ള ഒരു വെറുപ്പും, അതിൻെറ അർത്ഥശൂന്യതയെക്കുറിച്ചും ആത്മാവിനെ തൃപ്തിപ്പെടുത്താനുള്ള അതിൻെറ അപ്രാപ്തിയെക്കുറിച്ചും പൂർണ്ണ ബോദ്ധ്യം ഉണ്ടായിരിക്കുക. ഇതു് ശക്തിയായി അനുഭവപ്പെടുന്നതു് സാധാരണയായി ലൗകികസന്തോഷങ്ങളിൽ നിമഗ്നമായിരിക്കുമ്പോഴാണു്.

4. പാപത്തോടുള്ള ഭയവും ലോകത്തിൻെറ പരീക്ഷകളിൽനിന്നും, അപകടങ്ങളിൽനിന്നും ഒഴിഞ്ഞുമാറുന്നതിനുള്ള അതിയായ ആഗ്രഹവും ഉണ്ടായിരിക്കുക.

5. ദൈവം വിളിച്ചേക്കുമോ എന്നുള്ള ഭയത്തോടുകൂടി അതു് ലഭിക്കാതിരിക്കാൻ പ്രാർത്ഥിക്കുമ്പോൾകൂടെയും ആ വിചാരത്തെ മനസ്സിൽനിന്നകററുവാൻ ശക്തിയില്ലാതെവരുന്നതു് ചിലപ്പോഴെല്ലാം ദൈവവിളിയുടെ ലക്ഷണമായി പരിഗണിക്കാം. "ഒരുവനു് സന്യാസത്തിലേക്കു് സ്വാഭാവികമായ വാഞ്ചിൽ ഉണ്ടാകണമെന്നില്ല. മറിച്ചു് ദൈവികമായ വിളി സ്വാഭാവികമായ അന്തരാചഞ്ചലതയോടു യോജിച്ചിരിക്കാം" എന്നു പണ്ഡി

തനായ ഫാദർ ലെംക്രൽ എസ്. ജെ. പറയുന്നുണ്ടെങ്കിലും ദൈവവിളി ശക്തിയുള്ളതാണെങ്കിൽ അത് ഒരു ആകർഷണത്തിനു വഴികൊടുക്കുകതന്നെ ചെയ്യും.

6. ആത്മാക്കളെക്കുറിച്ചുള്ള ശുഷ്കാന്തി ഉണ്ടായിരിക്കുക. അതെ, അനശ്വരമായ ആത്മാവിൻെറ വില മനസ്സിലാക്കി ആത്മരക്ഷയിൽ സഹകരിക്കുന്നതിനുള്ള ആഗ്രഹം ഉണ്ടായിരിക്കുക.

7. നമുക്കു ഇഷ്ടപ്പെട്ട ഒരാളിൻെറ മാനസാന്തരം സാധിക്കുന്നതിന് ജീവിതകാലം മുഴുവൻ വിനിയോഗിക്കുന്നതിനു് ആഗ്രഹിക്കുക.

8. നമ്മുടേയും മററുള്ളവരുടേയും പാപങ്ങൾക്കു പരിഹാരം ചെയ്യുന്നതിനാഗ്രഹിക്കുന്നതും, നമുക്ക് എതിർത്തു നില്പാൻ നാം അശക്തരായ പരീക്ഷകളിൽനിന്നു് ഓടി അകലണമെന്നുള്ള മനഃസ്ഥിതിയോടെ ഇരിക്കുന്നതും.

9. വിരക്തജീവിതത്തോടുള്ള ആകർഷണം.

10. സന്ന്യാസജീവിതത്തെക്കുറിച്ചും സമാധാനം, യോഗ്യത, സമ്മാനം ആദിയായുള്ള അതിൻെറ ആദ്ധ്യാത്മിക സഹായങ്ങളെക്കുറിച്ചുമുള്ള സന്തോഷം.

11. ഈശോയോടുള്ള സ്നേഹത്തെപ്രതി തന്നെത്തന്നെ ബലി അർപ്പിക്കുന്നതിനും സകലതും അവിടുത്തെ സ്നേഹത്തെ പ്രതി പരിത്യജിക്കുന്നതിനും സഹിക്കുന്നതിനുമുള്ള വാഞ്ഛ.

12. സ്ഥാനമാനാദികൾ ആഗ്രഹിക്കാതെ സഭയിൽ ഏതവസ്ഥയിലും ജീവിക്കുന്നതിനുള്ള ഒരു മനഃസ്ഥിതിയും ദൈവവിളിയുടെ ഒരു ലക്ഷണമായി പരിഗണിക്കാം.

## പ്രധാന ഗുണങ്ങളും നിർദ്ദേശങ്ങളും

മേൽപ്രസ്താവിച്ചതിൽനിന്നും 'ദൈവവിളി'യെപ്പററി നമുക്കു പൊതുവായ ചില വിവരങ്ങൾ ഗ്രഹിക്കുവാൻ കഴിയുമല്ലോ. ഇനി പ്രധാന ഗുണങ്ങളേയും അവയുടെ ലക്ഷണങ്ങളേയുംപററിക്കൂടി അല്പം ചിന്തിക്കാം.

1. **ശുദ്ധനിയോഗം.** സ്വന്ത ആത്മാവിനേയും മററുള്ളവരുടെ ആത്മാക്കളേയും ക്രിസ്തുവിനായി നേടിക്കൊടുക്കുന്ന

തിനായിരിക്കണം ഓരോ അർത്ഥി (അർത്ഥിനി)യുടേയും യഥാർത്ഥലക്ഷ്യം. പുരോഹിതനായി ബിരുദങ്ങൾ നേടിയും ഇടവക ഭരണം നടത്തിയും കുടുംബസ്വത്ത് വർദ്ധിപ്പിച്ച് കീർത്തിനേടാമെന്നും, സുഖജീവിതം നയിക്കാമെന്നും കരുതി വൈദികപഠനത്തിനായി 'സെമ്മിനാരി'ക്ക് യുവാക്കൾ പോകുന്നത് നല്ല നിയോഗമല്ല; വേറെ യാതൊരു ജീവിതാവസ്ഥയും സ്വീകരിക്കുവാൻ സാധിക്കാത്തതിനാൽ സെമ്മിനാരിക്ക്– മഠത്തിലേക്ക്– മിഷന് പൊയ്ക്കളയാമെന്നുറയ്ക്കുന്നതും സ്വാഗതാർഹമല്ല. "ഓരോരുത്തനും കർത്താവ് വിഭജിച്ചുകൊടുത്തിരിക്കുന്നതുപോലെയും, ഓരോരുത്തൻ ദൈവം അവനെ വിളിച്ചിരിക്കുന്നതുപോലെയും നടക്കട്ടെ" എന്നത്രെ വിശുദ്ധ പൗലോസ് ഉൽബോധിപ്പിച്ചിരിക്കുന്നത്.

2. **ആരോഗ്യം.** സാമാന്യ ജീവിതസൗകര്യങ്ങളാലും, സാമാന്യ ഭക്ഷണത്താലും നിലനിർത്താവുന്ന ആരോഗ്യം ഓരോ അർത്ഥി (അർത്ഥിനി)ക്കും ആവശ്യമാണ്. സ്വഭാവശുദ്ധി മാനസികാരോഗ്യത്തിൻെറ മാനദണ്ഡമായി കരുതുന്നു.

3. **യഥാർത്ഥഭക്തി.** ആവശ്യമായ മതജ്ഞാനം, മതവിശ്വാസം, പ്രാർത്ഥനയിലുള്ള സമാശ്രയം എന്നിവയാണ് യഥാർത്ഥഭക്തിയെന്നുപറയുന്നതുകൊണ്ടുദ്ദേശിക്കുന്നത്. മനസ്സ് വികാരങ്ങൾക്കധീനമാക്കാതെ വിശ്വാസത്തിനെതിരായിട്ടുള്ള ശക്തികളോടു പോരാടി ആദ്ധ്യാത്മിക കാര്യങ്ങളിൽ തല്പരനായിരിക്കുക.

4. **ബുദ്ധിശക്തിയും വിവേകവും.** തത്വശാസ്ത്രം, ദൈവശാസ്ത്രം, തിരുസ്സഭാചരിത്രം തുടങ്ങിയ ഗഹനങ്ങളായ വിവിധ വിഷയങ്ങൾ പഠിക്കുന്നതിന് വൈദികാർത്ഥിക്ക് നല്ല ബുദ്ധിശക്തിയും വിവേകവും ആവശ്യമാണ്. മുൻകാലങ്ങളിൽ മതിയായിരുന്ന അറിവ് ഇക്കാലത്തെ ഒരു പുരോഹിതനും, സന്യാസിക്കും, കന്യാസ്ത്രീക്കും, സഹോദരനും മതിയാകുന്നില്ലെന്നുള്ളതു വാസ്തവംതന്നെ. പല പുതിയ രംഗങ്ങളും ഇന്നു അവരുടെ പ്രവർത്തനത്തിനധീനമത്രെ. അതിനാൽ സാമാന്യജനങ്ങളുടേതിൽനിന്നും ഉപരിയായ വിദ്യാഭ്യാസവും പാണ്ഡിത്യവും ഓരോ അർത്ഥി (അർത്ഥിനി)ക്കും ഉണ്ടായിരിക്കട്ടെ!

5. **ചാരിത്ര്യശുദ്ധത.** മനുഷ്യൻ ബലഹീനതയ്ക്കു വിധേയനാണ്. കുറച്ചുകാലത്തേക്ക് പരീക്ഷിച്ചുനോക്കുക, ഹൃദയശുദ്ധത പാലിക്കുന്നതിനു്, ദുഷ്കർമ്മങ്ങളെ ജയിച്ചടക്കുന്നതിന്, സാധിക്കുമോയെന്ന്. വിഷയാസക്തരും, ലൗകികസുഖലോലുപരും മഹത്തായ ഈ ജീവിതാവസ്ഥ സ്വീകരിക്കാതിരിക്കട്ടെ! പരീക്ഷകളെ ജയിച്ച് ആ ഉന്നതമായ ജീവിതാന്തസ്സിനെ ഫലമണിയിക്കുവാൻ കഴിയുന്നവർ അതിനെ സ്വാഗതം ചെയ്യട്ടെ! തിന്മകളെ ജയിച്ചു് പാപികൾ പൗരോഹിത്യം സ്വീകരിച്ചിട്ടുണ്ടു്. വിശുദ്ധപദവും നേടിയിട്ടുണ്ടു്. വി. അഗസ്റ്റീനോസ് കോർട്ടോണായിലെ വിശുദ്ധ മാർഗ്ഗരററു് തുടങ്ങിയവരുടെ ജീവിതകഥ നമുക്ക് ഉറപ്പു നൽകുന്നുണ്ടല്ലോ.

നാം എത്രതന്നെ ശ്രമിച്ചാലും ശുദ്ധതയ്ക്കെതിരായ പ്രലോഭനങ്ങൾ ചിലപ്പോൾ നമ്മെ ആക്രമിക്കും. ആത്മനിയന്ത്രണത്താലും, ജാഗരൂകതയാലും, പ്രസാദവരത്താലും ഏതു സമയത്തും അവയെ കീഴടക്കുവാൻ സാധിക്കും. കണ്ണാടിച്ചില്ലുപോലെയാണ് ചാരിത്ര്യം, പെട്ടെന്ന് പൊട്ടിയുടഞ്ഞുപോകുവാൻ എളുപ്പമുണ്ടു്. അതിനു കാരണമാകുന്ന എല്ലാ സാഹചര്യങ്ങളിൽനിന്നും സ്ഥിരമായി ഓടിമറയുകയാണുത്തമം. പ്രലോഭനങ്ങൾ ഉണ്ടാകുമ്പോൾ ഉടനെ മറേറതെങ്കിലും കാര്യങ്ങളിലേക്ക് മനസ്സിനെ തിരിക്കുക. ലൈംഗികകാര്യങ്ങളിൽ അനുചിതവും അനർഹവുമായ ജിജ്ഞാസയെ നിയന്ത്രിക്കാതിരിക്കുന്നതിനാലാണ് പലരുടേയും നൈർമ്മല്യവും സുകൃതവുമെല്ലാം നിഷ്ഫലമായിത്തീരുന്നത്. പ്രായത്തിനും, ജീവിതാവസ്ഥയ്ക്കും തൊഴിലിനും യോജിച്ചവിധം അറിവുകൾ സമ്പാദിക്കുന്നത് പ്രതിബന്ധമാകുന്നില്ല. ദൈവത്തിൽ ആശ്രയിക്കുന്നവർക്ക് ശുദ്ധത പാലിക്കുക അസാദ്ധ്യമല്ല.

നഗ്നചിത്രങ്ങൾ, ഹീനപ്രസിദ്ധീകരണങ്ങൾ, ചില അശ്ലീലസംഗീതങ്ങളും ചലച്ചിത്രങ്ങളും, നൃത്തങ്ങൾ, കളികൾ, ചില സ്നേഹിതരുമായുള്ള സമ്പർക്കം തുടങ്ങിയ വിവിധ കാര്യങ്ങളും സാഹചര്യങ്ങളുമാണ് യുവതീയുവാക്കളുടെ ചാരിത്ര്യത്തെ മോഷ്ടിക്കുന്ന കള്ളന്മാർ. നിങ്ങളുടെ ആത്മപിതാവുവഴി ദൈവത്തിൽ സമാശ്രയിക്കുക. പ്രാർത്ഥന, ദൈവസാന്നിദ്ധ്യസ്മരണ, വിശുദ്ധ കൂദാശകളുടെ അടുക്കലടുക്കലുള്ള

സ്വീകരണം, ദിവ്യബലിയിൽ സംബന്ധിക്കൽ, നല്ല പ്രസിദ്ധീകരണങ്ങളുടെ വായന, നല്ലകൂട്ടുകാരോടുകൂടി നല്ല സാഹചര്യത്തിലുള്ള സഹവാസം, ചാരിത്ര്യമാഹാത്മ്യത്തെപ്പററിയുള്ള ജ്ഞാനം ഈ പ്രതിവിധികൾ നന്നായി വിനിയോഗിച്ചാൽ ചാരിത്ര്യസംരക്ഷണം എളുപ്പമാക്കിത്തീർക്കാവുന്നതാണ്. കൂടാതെ തൊഴിൽ, വിനോദങ്ങൾ, കളികൾ, ശുചിത്വം, വ്യായാമം ഇവയും അല്പമായിട്ടൊക്കെ വേണ്ടവിധത്തിൽ ഉപയോഗപ്പെടുത്തിയാൽ ഈ വിശുദ്ധ പുണ്യത്തെ കളങ്കപ്പെടുത്താതെ സൂക്ഷിക്കാവുന്നതത്രെ.

"നീ നിൻെറ യൗവ്വനത്തിൽ ശേഖരിക്കാത്തതു് എങ്ങിനെയാണ് വാർദ്ധക്യത്തിൽ കണ്ടെത്തുക" (പ്രസംഗ: 25/5).

"സ്വേച്ഛാനുസാരിയായ ഒരു യുവാവു് വാർദ്ധക്യം പ്രാപിച്ചാലും തൻെറ സഞ്ചാരപഥത്തിൽനിന്നു വിട്ടുമാറുകയില്ല." (സുഭാഷിതങ്ങൾ 22/6)

"വിപത്തിനെ സ്നേഹിക്കുന്നവൻ അതിൽത്തന്നെ നശിക്കുന്നു." (പ്രഭാ: 3/27)

"ജഡികമായി ജീവിക്കുന്നു എങ്കിൽ നിങ്ങൾ മരിച്ചുപോകും; ജഡത്തിൻെറ പ്രവൃത്തികളെ ആത്മാവിനാൽ മരിപ്പിക്കുന്നു എങ്കിൽ നിങ്ങൾ ജീവിക്കും." (റോമ്മാ. 8/13)

കന്യകാത്വത്തിൻെറ ഉന്നത മാഹാത്മ്യവും സ്വർഗ്ഗീയ പ്രതിസമ്മാനവും കൂട്ടാക്കാതെ നിർഭാഗ്യവശാൽ അതിനെ നഷ്ടപ്പെടുത്തിയ യുവതികളും, ബ്രഹ്മചര്യത്തെ താറുമാറാക്കിയ യുവാക്കളും പാപവഴികളെ വെടിഞ്ഞ് അനുതാപനിർഭരരായി സ്നേഹനാഥൻെറ പക്കൽ വിശുദ്ധ മറിയം മഗ്ദലേനായെപ്പോലെ സമീപിക്കട്ടെ! പരിശുദ്ധിയേയും കന്യാത്വത്തേയും കാത്തുസൂക്ഷിച്ച കന്യകാമറിയത്തിൻേറയും, വി. മരിയഗൊരേത്തിയുടേയും മാദ്ധ്യസ്ഥം തേടുക.

6. **ഉദാരഹൃദയം.** ഈശോയ്ക്കുവേണ്ടി ധീരസേവനം ചെയ്യുവാൻ വെമ്പൽകൊള്ളുന്ന ഒരു ഹൃദയം ഇല്ലാത്തവർ സഹവൈദികരുടെ (കന്യാസ്ത്രീകളുടെ) തീക്ഷ്ണതക്കും ശുദ്ധജീവിതത്തിനും ഉദാരഹൃദയത്തിനും ചിലപ്പോൾ വിലങ്ങുതടിയായിത്തീർന്നേക്കാം.

7. **നിശ്ചയദാർഢ്യം.** സ്ഥിരോത്സാഹത്താൽ നല്ല പരിശീലനംനേടി പരീക്ഷകളെ ജയിക്കാൻ ദുർബല മനസ്സിനെ ശക്തിപ്പെടുത്തുക.

8. **നല്ലസ്വഭാവം.** ഇടവകവൈദികനോ, സന്യാസിയോ, മിഷനറിവൈദികനോ, കന്യാസ്ത്രീയോ ആരായിരുന്നാലും ശരി, ആത്മാർത്ഥമായും അടുക്കലടുക്കലും പലപ്പോഴും ഇടപെടുവാൻ പററിയ വിധത്തിൽ രൂപീകൃതമായ സ്വഭാവം അവക്കാവശ്യമാകുന്നു.

---

## അദ്ധ്യായം 11

# വേലക്കാർ ചുരുക്കം

ആദിമ മനുഷ്യൻെറ അധഃപതനത്തിനുശേഷം ലോക പുനരുദ്ധാരണാർത്ഥം ദൈവം ഒരു രക്ഷകനെ അയച്ചു– "ക്രിസ്തു"–വിനെത്തന്നെ. "സമയം പൂർത്തിയായി; ദൈവരാജ്യം സമീപിച്ചിരിക്കുന്നു; നിങ്ങൾ പശ്ചാത്തപിച്ച് സുവിശേഷത്തിൽ വിശ്വസിക്കുവിൻ" (വി. മർക്കോസ് 1/15) എന്നരുളിച്ചെയ്തുകൊണ്ട് ഒരു നൂതനസന്ദേശം ലോകത്തിനു വെളിപ്പെടുത്തുവാൻ ആരംഭിച്ചു. അവിടുത്തെ സ്വർഗ്ഗാരോഹണത്തിനു മുമ്പ്, തൻെറ സുവിശേഷപ്രചരണത്തിനായി അപ്പസ്തോലന്മാരെ അവിടുന്നു തിരഞ്ഞെടുത്തു്, "ഇസ്രായേൽ ഗോത്രത്തിൽ നിന്നും നഷ്ടപ്പെട്ടുപോയ ആടുകളുടെ പക്കലേക്ക് നിങ്ങൾ പ്രധാനമായി പോകുവിൻ... സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നുവെന്നു പ്രസംഗിക്കുവിൻ... ലോകത്തിൻെറ നാനാഭാഗങ്ങളിലും എൻെറ സുവിശേഷം അറിയിക്കുവിൻ... നിങ്ങളെ സ്വീകരിക്കുന്നവൻ എന്നെ സ്വീകരിക്കുന്നു. . ." എന്നാദേശാനം നൽകി അവരെ അയച്ചു.

## പ്രഥമ മിഷനറിസംഘം

അവർ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ– പത്രോസ്- കേസറിയായിലും, അന്ത്യോക്യായിലും, റോമ്മിലും; അന്ത്രയോസ്– സിത്തിയായിലും, ഗ്രീസിലും, പോത്തുഗലിലും; വലിയ യാക്കോബ്- പാലസ്റ്റീൻ, സ്പെയിൻ മുതലായ രാജ്യങ്ങളിലും; യോഹന്നാൻ– യൂദയാ, സമറിയാ, പാത്തിയ, എഫേസൂസ് മുതലായ സ്ഥലങ്ങളിലും; ബത്തലോമിയ– അറേബ്യാ, പേർഷ്യാ, ലിക്കമോണിയ എന്നിവിടങ്ങളിലും സുവിശേഷം പ്രസംഗിച്ചു. ഫ്രീജിയ പീലിപ്പോസിന്റേയും, ജറൂസലം ചെറിയ യാക്കോബിന്റേയും, ലിബിയ യൂദാതദേവൂസിന്റേയും, മെസൊപ്പൊട്ടോമിയ ഈജിപ്ത് മുതലായ സ്ഥലങ്ങൾ സൈമന്റേയും പ്രവത്തനരംഗങ്ങളായിരുന്നു. തോമ്മാശ്ലീഹാ– പാത്തിയ, പേഷ്യാ മുതലായ സ്ഥലങ്ങൾ കടന്ന് വിദൂരസ്ഥമായ ഇന്ത്യയിൽ പ്രത്യേകിച്ച് കേരളത്തിൽ 'ഈശോ'യുടെ ദിവ്യസന്ദേശം എത്തിച്ചുതന്നു. A. D. 52–മുതൽ അനേകായിരങ്ങൾ അദൗത്യവാഹികളായി! വി. ഫ്രാൻസീസ് സേവ്യറിന്റേയും മററു പല മിഷനറിമാരുടേയും യത്നങ്ങൾ അഭിനന്ദനാർഹമാംവിധം യഥാകാലങ്ങളിൽ ഫലമണിഞ്ഞു.

'ക്രിസ്തുമതം' എത്തപ്പെടാത്ത സ്ഥലങ്ങൾ ഇന്ന് ഭൂമുഖത്തില്ലെന്നുതന്നെ പറയാം. ഈ സത്യമതത്തിനെതിരായി ശക്തരായ ശത്രുക്കളനേകം പോരാടിനോക്കി. "നരകവാതിലുകൾ അതിനെതിരായി പ്രബലപ്പെടുകയില്ല"ന്നുള്ള സഭാസ്ഥാപകന്റെ പ്രഖ്യാപനം അന്വത്ഥമാകുമാറ് എല്ലാക്കാലത്തും എവിടെയും വിജയം നേടി– ഇന്നും തെളിഞ്ഞുകൊണ്ടിരിക്കയാണ്– ആ "സത്യദീപം". ഈ ദിവ്യദീപം ലഭിക്കാതെ, അന്ധകാരത്തിൽ കഴിക്കുന്ന അനേകർ ലോകത്തിലുണ്ട്. ക്രിസ്തുവിന്റെ പ്രതിനിധികളും, അനുയായികളും, സഹപ്രവത്തകരും അന്ധകാരത്തിൽ തപ്പിനടക്കുന്നവക്ക് ക്രിസ്തുവിന്റെ ദിവ്യവെളിച്ചം നൽകി സുരക്ഷിതസങ്കേതങ്ങളിലേക്ക് അവരെ എത്തിക്കുകയാണ്.

## മിഷൻപ്രവൎത്തനം

അവിശ്വാസികളെ സത്യസിദ്ധാന്തങ്ങൾ പഠിപ്പിച്ച് വിശ്വാസത്തിലേയ്ക്കാനയിക്കുന്നതിനും, അവരെ വിശ്വാസത്തിൽ സ്ഥിരപ്പെടുത്തുന്നതിനുമുള്ള പ്രവൎത്തനങ്ങളെ "മിഷൻപ്രവൎത്തനം" അഥവാ "പ്രേഷിതവൃത്തി" എന്നു പറയുന്നു. മിഷനറിമാരുടെ പ്രവൎത്തനരംഗങ്ങൾക്ക് 'മിഷൻ' എന്നാണു പറയുന്നതു്. മിഷൻ പ്രവിശ്യകളുടെ അഭിവൃദ്ധിക്കനുസൃതമായി അവയെ 'പ്രിഫെക്ചറേറ്റുകളോ, വികാരിയാത്തുകളോ, രൂപതകളോ ആയി ഉയൎത്തുന്നു.

## മിഷൻഗ്രാമം

അനേകം കുടുംബങ്ങൾ തൊട്ടു തൊട്ട് താമസിക്കുന്ന ഒരു പ്രദേശമാണ് മിഷൻഗ്രാമം. ഓരോ ഗ്രാമത്തിലും പ്രധാനിയായി ഒരാൾ ഉണ്ടായിരിക്കും. 'ഗ്രാമത്തലവൻ' ആണ് അയാൾ. ഒരു വീട്ടിലുള്ളവരുടെ ബന്ധുക്കളും സ്നേഹിതരും മിക്കവാറും ഓരോ ഗ്രാമത്തിൽതന്നെയായിരിക്കും. ഗ്രാമത്തലവന്റേയും മറ്റുദ്യോഗസ്ഥന്മാരുടേയും പ്രത്യേക മേൽനോട്ടത്തിൽ അവർ വിവിധ ജോലികൾ നടത്തുന്നു. ഒരു മിഷൻ ഗ്രാമത്തിന്റെ ആദ്ധ്യാത്മികപിതാവാണ് 'മിഷനറി വൈദികൻ'. അദ്ദേഹം ഗ്രാമത്തിന്റെ ലൗകികവും ആദ്ധ്യാത്മികവുമായ അഭിവൃദ്ധിയിൽ സഹകരിക്കും. ഉപദേശികളും കന്യാസ്ത്രീകളും പ്രവൎത്തനത്തിൽ വൈദികനെ സഹായിക്കുന്നു.

മിഷൻഗ്രാമങ്ങളിൽ ആദ്ധ്യാത്മികകൎമ്മങ്ങൾക്കായി ഒരു 'ഷെഡ്' ഉണ്ടായിരിക്കും. മിക്ക ഗ്രാമങ്ങളിലും സ്ഥിരമായി വൈദികൻ കാണുകയില്ല. ഉപദേശിയും കന്യാസ്ത്രീകളും വൈദികന്റെ അഭാവത്തിൽ അധികാരത്തിൽപ്പെട്ട കൃത്യങ്ങൾ അനുദിനം സസന്തോഷം നടത്തുന്നു. എല്ലാ ദിവസവും ഗ്രാമീണരെ ക്ഷണിച്ചുവരുത്തി ഉപദേശവും പ്രാൎത്ഥനകളും നടത്തുന്നു. മാനസാന്തരപ്പെട്ടവരുടെ 'സത്യവിശ്വാസം' നഷ്ടമാകാതിരിപ്പാൻ കഴിയുന്നവിധം അവർ ശ്രമിക്കും. ഗ്രാമസന്ദൎശനത്തിനായി വരുന്ന 'മിഷനറിവൈദി'കന്റെ സമാഗമത്താൽ ഓരോ മിഷൻ ഗ്രാമവും വാസ്തവത്തിൽ ആനന്ദനിർഭരമാകുന്നു. ഗ്രാമീ

ണരെ വിളിച്ചുകൂട്ടുവാൻ ഉപദേശിയും, കന്യാസ്ത്രീകളും തത്രപ്പെടുന്നു. നിശ്ചിതദിവസത്തിനകം ആ ഗ്രാമത്തിൽ ആവശ്യമായിട്ടുള്ള പരിപാടികൾ നിർവ്വഹിച്ചശേഷം– ഉപദേശം, ബലി, കുമ്പസാരം, വഴക്കുകൾ തീർക്കൽ, വിവാഹം, മാമ്മോദീസാ ഇവയൊക്കെ– വൈദികൻ മറ്റൊരു ഗ്രാമത്തിലേക്കു പോകുന്നു. പത്തും, ഇരുപതും, മുപ്പതും മിഷൻഗ്രാമങ്ങളുടെ മേൽനോട്ടവും അവിടങ്ങളിലെ ജോലികളും ഒരു മിഷനറി വൈദികൻ നിർവ്വഹിക്കുന്നുവെന്നറിഞ്ഞാൽ വായനക്കാർ അത്ഭുതപ്പെട്ടേക്കാം. എന്നാൽ അതു പല മിഷൻരംഗങ്ങളിലേയും ഒരു യാഥാർത്ഥ്യം തന്നെയത്രെ.

## മിഷൻകേന്ദ്രം

മേല്പറഞ്ഞവിധത്തിലുള്ള അനേകം മിഷൻഗ്രാമങ്ങളുൾക്കൊള്ളുന്ന ഒരു പ്രദേശത്തിന് പലവിധത്തിലും സൗകര്യങ്ങളുള്ള ഒരു കേന്ദ്രസ്ഥലം കാണും– അതാണ് 'മിഷൻ കേന്ദ്രം'. ഓരോ മിഷൻ കേന്ദ്രത്തിലും അല്പം ഭേദമായ ചാപ്പലും രണ്ടോ, മൂന്നോ, നാലോ വൈദികരും, ഏതാനും കന്യാസ്ത്രീകളും, ഉപദേശികളും കാണും. വിദ്യാലയങ്ങൾ, അനാഥശാല, ആതുരശാല, ആശുപത്രി, മഠം ഇവ പലതും ചെറിയ തോതിലെങ്കിലും മിഷൻ കേന്ദ്രങ്ങളിൽ ഉണ്ട്. മിഷൻകേന്ദ്രങ്ങളിൽനിന്നും നിശ്ചിത പരിപാടികളോടുകൂടി 'മിഷനറിമാർ' പ്രവർത്തനത്തിനായി മുൻപറഞ്ഞവിധം 'മിഷൻഗ്രാമ'ങ്ങളിലേക്കു പോകുന്നു. ഇപ്രകാരമുള്ള യാത്രയിൽ പല ഗ്രാമങ്ങളും സന്ദർശിച്ച് ഒന്നോ രണ്ടോ മാസത്തിനുശേഷമത്രെ അവർ കേന്ദ്രത്തിൽ എത്തുന്നത്. അതിനിടയിൽ ആവശ്യമായ എല്ലാ സാധനങ്ങളും– കട്ടിൽ, ആഹാരസാധനങ്ങൾ, അൾത്താര, ദിവ്യപൂജാർപ്പണത്തിനാവശ്യമായ വിവിധ സാധനങ്ങൾ ഇങ്ങനെ പലതും, മിഷനറി കൊണ്ടുപോകുന്നു. കാളവണ്ടി, സൈക്കിൾ, റിക്ഷ ഇങ്ങനെ പല വാഹനങ്ങളാണ് യാത്രക്ക് ഉപയോഗിക്കുന്നത്. പാലമില്ലാത്ത ആറും, തോടും, വഴിയില്ലാത്ത കുറ്റിക്കാടുകളും, വനങ്ങളും തരണംചെയ്ത് തണുപ്പും ചൂടും വിശപ്പും വകവയ്ക്കാതെ ക്രിസ്തുനാഥനുവേണ്ടി ആത്മാക്കളെ നേടിക്കൊടുക്കുവാൻ മിഷൻരംഗങ്ങളിലലയുന്ന മിഷനറിമാരുടെ പ്രവർത്തനചരിതം ആരെയാണു ചിന്താനിമഗ്നരാക്കാത്തത്.

നൂറും നൂററമ്പതും മൈൽ പ്രവൎത്തനപരിധിയിൽപ്പെടുന്ന മിഷൻ പ്രദേശങ്ങളിലെ ജോലികൾ പല മിഷനറിമാരും നിൎവ്വഹിക്കുന്നു. പല മിഷൻ കേന്ദ്രങ്ങളുള്ള പ്രവൎത്തനരംഗമത്രെ മിഷൻരൂപത. പല രൂപതാതിരൂപതകളുള്ള കേരളത്തേക്കാൾ വിസ്തീൎണ്ണമേറിയ 'മിഷൻ രംഗങ്ങൾ'– ഇൻഡ്യയിൽ പലതുണ്ടു്. പരിമിതമായ രീതിയിൽപോലും എല്ലായിടത്തും പ്രവൎത്തനം നന്നായി നടത്തുവാൻ മിഷനറിക്കു സാധിക്കുന്നില്ലെന്നുള്ളതു് പരമാൎത്ഥമത്രെ.

## യഥാൎത്ഥ മിഷനറി

'അയയ്ക്കപ്പെട്ടവൻ' എന്നാണു് 'മിഷനറി' എന്ന പദത്തിന്റെ അൎത്ഥം. ലോകോദ്ധാരണത്തിനായി പരമപിതാവിനാൽ അയയ്ക്കപ്പെട്ട 'ഈശോ'യത്രെ പ്രഥമ മിഷനറി. അധികാരമുള്ളയാളാൽ അയയ്ക്കപ്പെട്ടവനാണു് 'യഥാൎത്ഥമിഷനറി'. 'ഹിന്ദുമിഷനറി' 'പ്രോട്ടസ്റ്റൻറു മിഷനറി' ഇവ കത്തോലിക്കാ സഭയിലെ 'മിഷനറി' എന്ന പദത്തിന്റെ അനുകരണം മാത്രമാണു്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള നാനാജാതികളോടും 'സത്യസഭ'യായ ക്രിസ്തുമതത്തെപ്പററി പ്രസംഗിക്കുന്നവരാണു്– ദിവ്യനാഥന്റെ പ്രബോധനങ്ങളെ വ്യത്യാസംകൂടാതെ നൂററാണ്ടുകളായി ലോകത്തിനു വെളിപ്പെടുത്തിക്കൊടുക്കുന്നവരാണു്– പഠിപ്പിക്കുന്നതിനും അങ്ങനെ ജനതയ്ക്കു സമാധാനവും നിത്യസമ്മാനവും നേടിക്കൊടുക്കുന്നതിനും സ്ഥലകാലഭേദമെന്യേ നിരന്തരം ശ്രമിക്കുന്നവരാണു്– മററു ക്രിസ്തുക്കളാണു് 'ക്രൈസ്തവമിഷനറി'മാർ!

ദൈവശുശ്രൂഷയിലേൎപ്പെട്ടിരിക്കുന്ന മിഷൻ രംഗങ്ങളിലെ മെത്രാന്മാർ, വൈദികർ, കന്യാസ്ത്രീകൾ, ഉപദേശികൾ, സഹോദരന്മാർ ഇവരെല്ലാം 'മിഷനറിമാർ' എന്ന പേരിലാണറിയപ്പെടുന്നതു്. മതസ്ഥാപനങ്ങൾ, വിദ്യാലയങ്ങൾ, ആശുപത്രികൾ, ആതുരാലയങ്ങൾ, ശാസ്ത്രമന്ദിരങ്ങൾ, കലാമന്ദിരങ്ങൾ, വിനോദമന്ദിരങ്ങൾ തുടങ്ങിയ വിവിധ തുറകളിലൂടെ സ്വദേശത്തും വിദേശത്തും മിഷനറിമാർ നിൎവ്വഹിച്ചുകൊണ്ടിരിക്കുന്ന സേവനങ്ങൾ മഹത്തരങ്ങളത്രെ. ലോകത്തിലാകെ മുപ്പത്തേഴായിരത്തോളം വൈദികരും 181000 സന്യാ

സവൈദികരും സഹോദരന്മാരും, 890000 കന്യാസ്ത്രീകളും, സഭാസേവനത്തിൽ ഏർപ്പെട്ടിരിക്കുന്നു.

## വിദേശമിഷനറിമാർ

വിശ്വവ്യാപകമായ കത്തോലിക്കാതിരുസ്സഭയുടെ വിവിധരംഗങ്ങളിലെ അനുഭവങ്ങൾ വിശദമാക്കുന്നു യഥാർത്ഥ മിഷനറിമാരുടേയും, അൽമായ പ്രേഷിതരുടേയും പ്രവർത്തന മാഹാത്മ്യം, അവരുടെ ആവശ്യം ഇവയെല്ലാം. യഥാർത്ഥത്തിൽ പല രംഗങ്ങളിലും ആവശ്യമുള്ള മിഷനറിമാരെ പ്രവർത്തനത്തിനായി ലഭിക്കുന്നില്ല. 1956 ആരംഭത്തിൽ ഇന്ത്യയിലുണ്ടായിരുന്ന 5501 വൈദികരിൽ 1755-ും, 735 സഹോദരന്മാരിൽ 183-ും, 14555 സന്യാസിനികളിൽ 2126-ും പേർ വിദേശികളായിരുന്നു. ഇൻഡ്യയുടെ സാംസ്കാരികവും ആദ്ധ്യാത്മികവുമായ പുരോഗതിക്കുവേണ്ടി 'വിദേശമിഷനറിമാർ' നിരന്തരം ചെയ്തിട്ടുള്ളതും ചെയ്തുകൊണ്ടിരിക്കുന്നതുമായ സേവനങ്ങൾ സുലഭമത്രെ. സ്വന്തം നാടും വീടുമുപേക്ഷിച്ച് ഇന്നാട്ടിലെ ദരിദ്രലക്ഷങ്ങളെ ഉദ്ധരിക്കുവാൻ ആയുസ്സും ആരോഗ്യവും സമർപ്പിച്ചുകൊണ്ട് അവർ ചെയ്യുന്ന നിസ്വാർത്ഥ സേവനങ്ങൾ എത്രയോ അഭിനന്ദനീയം! ഇപ്പോൾ മററുചില രാജ്യങ്ങളിലെപ്പോലെ ഇന്ത്യയിലും ഒരു ദുർഘടപ്രശ്നമായിത്തീർന്നിരിക്കുകയാണ് 'വിദേശമിഷനറി' പ്രവർത്തനം. അതിനു ചില നിയന്ത്രണങ്ങളെല്ലാം ഇന്ത്യാഗവൺമെൻറ് പൂർത്തിയാക്കി വരികയാണല്ലോ. വിദേശമിഷനറിമാരുടെ പ്രവേശനവും പ്രവർത്തനങ്ങളും വളരെ കുറയുവാനാണെളുപ്പം. ഇന്ത്യയിൽനിന്നും തിരിച്ചുപോകുന്നവരുടേയും കാലയവനികക്കുള്ളിൽ മറയുന്നവരുടേയും സ്ഥാനങ്ങൾ ഏറെറടുക്കുവാൻ വൈദികരും, കന്യാസ്ത്രീകളും, സഹോദരന്മാരും വളരെ ആവശ്യമായിരിക്കയാണ്.

## കേരളീയ യുവ യോദ്ധാക്കൾ

പ്രേഷിതപ്രബുദ്ധതയുള്ള ഈ മലനാട്ടിലേക്ക് വിദേശികളായ ആ മിഷനറിമാർ ശുഭാപ്തി വിശ്വാസത്തോടെ നോട്ടമിട്ടുതുടങ്ങിയിട്ട് വർഷങ്ങൾ പലതായി. കേരളീയരുടെ

സഹായങ്ങളും, സ്ഥാനവും, മാഹാത്മ്യവും ഇതിനകം അവർ അനുഭവിച്ചറിഞ്ഞു. ഇനിയും പല പുതിയ പ്രവർത്തനമണ്ഡലങ്ങളേറെറടുക്കുവാനും, നവമാരംഭിക്കുവാനും യുവമിഷനറിമാരെയാണാവശ്യം. കേരളത്തിൽനിന്നും ധാരാളംപേരേയും തുടർന്നുള്ള സഹായവും അവർ പ്രതീക്ഷിക്കുകയാണിനിയും. മിഷനറിമാരുടെ പല കത്തുകളും പ്രസംഗങ്ങളും പ്രസ്താവനകളും അതു വിശദമാക്കുന്നുണ്ട്. അതിനാൽ കേരളത്തിനു വിശ്രമിക്കാറായിട്ടില്ലെന്നു സ്പഷ്ടം! അവൾ വീണ്ടും പ്രവർത്തനനിരതയാകണം. ആൾവഴി നേരിട്ടും, പ്രാർത്ഥന, ധനസഹായം ഇവയാലും പ്രേഷിതപ്രവർത്തനത്തിൽ 'കേരളനാട്' ഇനിയും ഉണർന്നു വർത്തിക്കണം. പ്രേഷിത തീക്ഷ്ണതയും വിവിധ കഴിവുകളുമുള്ള അനേകം "കേരളീയയുവയോദ്ധാക്കൾ" മിഷൻ രംഗങ്ങളിലേക്ക്, ഇന്നാട്ടിലെ എല്ലാ ഇടവകകളിൽനിന്നും മുന്നേറട്ടെ!

## ഏതദ്ദേശീയ ദൈവവിളി

വിദേശമിഷനറിമാരുടെ പ്രവർത്തനം ചോദ്യംചെയ്യപ്പെട്ടുകൊണ്ടിരിക്കുന്ന ഇക്കാലത്തു് പ്രസ്തുത മിഷൻ രംഗങ്ങളിൽനിന്നുതന്നെ ദേശീയമിഷനറിമാരെ രൂപവൽക്കരിക്കുവാൻ കത്തോലിക്കാതിരുസ്സഭ ആഗ്രഹിക്കുന്നു. അതിനു ദൈവവിളികൾ ആ രംഗങ്ങളിൽ ധാരാളം മുളയെടുക്കണം. അതിനനുയോജ്യമായ അന്തരീക്ഷം മിഷൻരംഗങ്ങളിൽ സംസിദ്ധമാകണം. ദൈവവിളിയെ പരിരക്ഷിക്കുവാൻ ഇന്നാട്ടിൽ ചെയ്യേണ്ടതിനേക്കാൾ വളരെ കൂടുതലായിട്ടുള്ള ശ്രമം മിഷൻ രംഗങ്ങളിൽ ചെയ്യേണ്ടിവരുന്നുണ്ട്. മിഷൻ ഗ്രാമങ്ങളിലെ ഭാഷ, ജാതി, ജീവിതരീതി ഇവയെല്ലാം വിദേശത്തുനിന്നും ഭാരതത്തിലെത്തുന്ന മിഷനറിമാരെ തടസ്സപ്പെടുത്തുന്നുണ്ടെങ്കിൽ, ദേശീയ മിഷനറിമാർക്ക് അത്രതന്നെ മല്ലിടേണ്ടിവരികയില്ലല്ലോ. അതിനാൽ ദേശീയ ദൈവവിളികളുടെ വർദ്ധനവിനായി പ്രാർത്ഥിക്കുകയും സഹായിക്കുകയും ചെയ്യുവാൻ കേരളീയർ ശ്രദ്ധിക്കട്ടെ! കേരളത്തിൽനിന്നും ഭാരതമിഷൻരംഗങ്ങളിലെത്തുന്ന മിഷനറിമാർക്ക് പ്രസ്തുത പ്രവർത്തനമണ്ഡലങ്ങൾ ചുരുങ്ങിയ കാലംകൊണ്ട് ഏററം അനുയോജ്യമായി ഭവിക്കുമല്ലോ, ആക്കിത്തീർക്കാമല്ലോ.

## മിഷൻ പിന്നണിക്കാർ

കുടുംബജീവിതം നയിക്കുന്നവരും പ്രേഷിതരാണ്. മിഷൻരംഗങ്ങളുടെ വിജയത്തിനു് വിവിധമാർഗ്ഗങ്ങളിലൂടെ സ്വകഴിവുകൾ വിനിയോഗിച്ച് പിന്നണി സൃഷ്ടിക്കുന്ന വേലക്കാരാണ് ഓരോ ക്രിസ്ത്യാനിയും. അതേ! അൽമായ പ്രേഷിതരാണവർ!! ഇത്തരം "മിഷൻ പിന്നണിക്കാർ" മിഷൻരംഗങ്ങളിലേക്ക് പ്രവർത്തകരെ അയച്ചും, ധനസഹായം നൽകിയും, പ്രാർത്ഥനയാലും മിഷനറിമാരോട് വളരെ അടുത്തു വർത്തിക്കുന്നു. കൂടാതെ ചിലർ മുദ്രാലയം, വിദ്യാലയം, ആശുപത്രി, അതുരാലയം, സംഘടനാപ്രവർത്തനം, സാഹിത്യപ്രചരണം, ലേഖനവൃത്തി എന്നിങ്ങനെയുള്ള ചില മാർഗ്ഗങ്ങളിലൂടെ മിഷൻ വേലയിൽ സഹകരിക്കുന്നു. സ്ത്രീജനങ്ങളും ഈ പരിപാടികളിൽ സജീവമായി പങ്കെടുക്കേണ്ടിയിരിക്കുന്നു. പുരുഷന്മാർക്കു മാത്രം വിട്ടുകൊടുക്കരുത്. ഇടവകയിലുള്ള ഓരോ സംഘടനകളിൽചേർന്ന് സ്വകഴിവുകളിലല്ലം ആദ്ധ്യാത്മികകാര്യങ്ങൾക്കായും സ്ത്രീകൾ വിനിയോഗിക്കട്ടെ! അങ്ങനെ പുരുഷനും സ്ത്രീക്കും സാധാരണ മാർഗ്ഗങ്ങളിലൂടെ ക്രിസ്തുവിൻെറ സന്ദേശവാഹകരാകുവാൻ സാധിക്കുന്നതാണ്.

നിങ്ങളുടെ കുടുംബം ക്രിസ്തീയാന്തരീക്ഷത്തിലാക്കുക. മക്കളെ നന്നായി വളർത്തുക ഒരാളെങ്കിലും മിഷനറിയായിത്തീരുവാൻ പ്രാർത്ഥിക്കുക. ദൈവവിളിയുള്ളവരെ നിരുത്സാഹപ്പെടുത്താതിരിക്കുക.

മിഷൻസംഘടനക്കോ, മിഷനറിക്കോ, വൈദികവിദ്യാർത്ഥിക്കോ, ഉപദേശിക്കോ സ്ഥിരമായി ഒരു തുക പ്രതിമാസം നൽകുക. ധനസ്ഥിതിയുള്ളവർ സ്വത്തിൽ ഒരുഭാഗം വിനിയോഗിക്കുക.

പഴയ വസ്ത്രങ്ങൾ, സ്റ്റാമ്പുകൾ, പ്രസിദ്ധീകരണങ്ങൾ ഇവ സൂക്ഷിച്ച് യഥാവസരം മിഷനായി വിനിയോഗിക്കുക.

സിനിമ, തിരുനാൾ, വിരുന്നുസൽക്കാരങ്ങൾ, യാത്ര, ആഘോഷങ്ങൾ ഇവയ്ക്കനാവശ്യമായിട്ടുള്ള ചിലവു കുറച്ച് അതുക മിഷനായി വിനിയോഗിക്കുക.

ഇടവകയിലെ സംഘടനവഴി സാഹിത്യപ്രചരണത്താലും, ധനസഹായത്താലും, ദൈവവിളിക്കു പശ്ചാത്തലം നൽ

കിയും, മിഷൻ പ്രദർശനങ്ങൾ, മിഷൻ സമ്മേളനങ്ങൾ, ഭാഗ്യക്കുറി ഇവയിൽ സഹകരിച്ചും പ്രേഷിതവേലയിൽ പങ്കുകാരാകാവുന്നതാണ്.

പ്രാർത്ഥന, സ്വജീവിതമാതൃക ഇവയാൽ ഒരാളെയെങ്കിലും മാനസാന്തരപ്പെടുത്തുവാൻ സാധിച്ചാൽ അതു് ഏററം വലിയ പ്രേഷിതവൃത്തിതന്നെ. കഴിവും സാഹചര്യവും അനുസരിച്ച് ഈ പ്രേഷിതവൃത്തിയിൽ സഹകാരിയാകുക. ഇതു് അൽമായ പ്രേഷിതത്വത്തിൻെറ കാലംകൂടിയത്രെ. തിരുസ്സഭയുടെ അഭിവൃദ്ധി ഓരോ അംഗത്തിൻേറയും സഹകരണത്തേക്കൂടി ആശ്രയിച്ചാണിരിക്കുന്നതു്. മിഷൻ വേലയിൽ ഓരോ അൽമേനിയുടേയും ഭാഗഭാഗിത്വം ഇന്നത്തെ മിഷനറിമാരും വൈദികമേലദ്ധ്യക്ഷന്മാരും മാർപ്പാപ്പായും യഥാകാലങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട്. അതിനാൽ ഓരോ 'മിഷൻ പിന്നണി' അംഗവും ഒരു സജീവ പ്രവർത്തകനാകട്ടെ!

## വേലക്കാർ ചുരുക്കം

കേരളത്തിലും കേരളത്തിനുപുറത്തും അനേകം പ്രവർത്തനരംഗങ്ങളാണിന്നു തുറന്നിരിക്കുന്നതു്. ഇനിയും പലതും സമാരംഭിക്കുവാനുമുണ്ട്. നാശത്തിൻെറ മാർഗ്ഗത്തിലൂടെ ചരിക്കുന്ന അനേക ജനങ്ങൾ ദിവ്യപ്രകാശത്തെ സ്വാഗതം ചെയ്യുവാൻ വെമ്പൽകൊള്ളുകയാണിന്ന്. ക്രിസ്തുവിൻെറ നാമത്തിനല്ലാതെ വേറൊരു നാമത്തിനും അക്കൂട്ടരെ രക്ഷിക്കുവാൻ സാദ്ധ്യമല്ല; അക്രൈസ്തവർ ആ പ്രകാശത്തെ അറിയുന്നില്ല. സ്വർഗ്ഗീയപിതാവിൻെറ അന്തികത്തിലേക്കുള്ള ഏകമാർഗ്ഗമത്രെ കത്തോലിക്കാത്തിരുസ്സഭ. ക്രിസ്തുവിനെ അറിയാതെ വിലപനീയമായ മാർഗ്ഗത്തിലൂടെ മുന്നേറുന്നവരെ സത്യമാർഗ്ഗത്തിലേക്ക് തിരിക്കണം. അതിന് ക്രിസ്തുവിൻെറ ദിവ്യസന്ദേശം അവർക്ക് പകർന്നുകൊടുക്കണം. കേരളത്തിലും, കേരളത്തിനുപുറത്ത്—ഇൻഡ്യയുടെ വിവിധ ഭാഗങ്ങളിലും, ബർമ്മാ, പാക്കിസ്ഥാൻ, സിലോൺ എന്നീ സമീപരാജ്യങ്ങളിലും ഉള്ള ജനങ്ങളിൽ 'സത്യവെളിച്ചം' ലഭിക്കാത്തവർ വിരളമല്ല. അവർക്ക് ആ ദിവ്യദീപം നൽകി ക്രിസ്തുവിൻെറ രക്ഷാകരഫലത്തിൽ അവരെ ഓഹരിക്കാരാക്കുവാൻ മിഷനറിമാരും, അൽമായ പ്രേഷിതരും




വിവിധ സന്യാസ
വേദികമേലദ്ധ്യക്ഷന്മാർ
തവരക്കൂടിയപ്പോൾ.



ഇൻഡ്യയിലുള്ള "ഫ്രാൻ
സിസ്റ്റർ സഭ"യിൽ 1956-ൽ
ചേന്ന കേരളീയയുവതികൾ. മ
ദ്ധ്യത്തിൽ മദർ ജനറാൽ.



പൂനമല്ലയിലെ
സലേഷ്യൻ ഓ
റട്ടറികളിലേയ്ക്ക്
ആളുകൾ ഓടി
ക്കൂടുകയാണ്,
മിഷനറിമാർ സ
ന്ദർശിക്കുമ്പോൾ.!

വദ്ധിക്കണം. ആത്മാക്കളെ ക്രിസ്തുവിന് നേടികൊടുക്കുവാൻ നിരന്തരം തീക്ഷ്ണതയോടെ പ്രവർത്തനനിരതരായിരിക്കുന്ന മിഷനറിമാരുടെ ഹസ്തങ്ങൾക്ക് ശക്തി നൽകുവാൻ, വിവിധ കഴിവുകളുള്ള ധാരാളം യുവതീടനുകൾ ധീരതയോടെ മിഷൻ രംഗങ്ങളിലേക്ക് പ്രതിവർഷം മുന്നേറട്ടെ! "കൊയ്ത്തു വളരെ, വേലക്കാർ ചുരുക്കം" (വി. ലൂക്കാ 10/2) എന്ന് ഒരു വലിയ ജനക്കൂട്ടത്തോട് സങ്കടത്തോടെ വിളിച്ചു പറഞ്ഞ സ്നേഹനാഥനായ ഈശോയെ നമുക്ക് അങ്ങനെ സമാശ്വസിപ്പിക്കാം.

---

## അദ്ധ്യായം 12

# വിവിധ സന്യാസസഭകൾ

തിരുസ്സഭാമണ്ഡലങ്ങളിൽ തീക്ഷ്ണതയുള്ള വേലക്കാരുടെ ആവശ്യമെന്താണെന്നും, ഇന്നത്തെ സ്ഥിതി എന്താണെന്നും, അതിനായി യോഗ്യതയുള്ളവരെ എങ്ങിനെ രൂപീകരിക്കാമെന്നും മററും ഇതിനകം ചുരുക്കമായി കണ്ടുകഴിഞ്ഞല്ലോ. ഇനി ഇന്നാട്ടിലും കേരളത്തിനു പുറത്തും ഉള്ള രൂപതാതിരൂപതകളിൽ വേലക്കാരാകുവാൻ ആഗ്രഹിക്കുന്ന അർത്ഥീ അർത്ഥിനികളെ സ്വീകരിച്ചു് അവക്കു വേണ്ട പരിശീലനങ്ങൾ ഏതാനും നാൾ കൊണ്ടു് നൽകി അവരെ ഉത്തമ വേലക്കാരായി പ്രവർത്തനത്തിനായി അയയ്ക്കുന്നതിനു് സേവനം നടത്തുന്ന രംഗങ്ങളെ (സന്യാസിനീസന്യാസസഭകളെ) പ്പററി ചുരുക്കമായി പ്രസ്താവിക്കാം.

# I പുരുഷന്മാർക്കുള്ള സന്യാസസഭകൾ

## 1. കേരളത്തിൽ

### A സഹോദരന്മാർക്കുമാത്രം

**1. Brothers of the Third Order of St. Theresa of Avila.**

വരാപ്പുഴ അതിരൂപതയിൽ തൃക്കാക്കര ആവിലായിലെ വി. ത്രേസ്യായുടെ മൂന്നാംസഭാ സഹോദരന്മാർ പ്രവർത്തനം നടത്തുന്നു. അംഗങ്ങൾ 3 മാത്രം.

Rev. Superior, Brothers of St. Theresa of Avila,
Thrikakara, Kalamasery P. O. (Via) Alwaye.
Kerala State.

**2. Brothers of St. Francis Assisi.**

ആലപ്പുഴരൂപതയിൽ ഇല്ലിച്ചിറ എന്ന സ്ഥലത്തു് പ്രവർത്തനം നടത്തുന്നു. അംഗങ്ങൾ 3.

Rev. Superior, Missionary Brothers of
St. Francis Assisi Ashram, Illichira,
(Via) Alleppey, Kerala State.

**3. Brothers of St. Francis Assisi.**

തിരുവനന്തപുരം അതിരൂപതയിൽ കാഞ്ഞിരംപാറ, അമ്പിളിക്കോണം, മുണ്ടേല, ബഥനിഹിൽ എന്നിവിടങ്ങളിൽ നാലു് ആശ്രമങ്ങൾ. അംഗങ്ങൾ 14.

Rev. Superior, St. Anthony's Church,
Kanjrampara, Vettiyoorkavu P. O.
Kerala State.

### 4. Brothers of St. Francis Assisi.

കോട്ടാർ രൂപതയിൽ കുഴിത്തുറ, കോൾവെൽ എന്നിവിടങ്ങളിൽ രണ്ട് ആശ്രമങ്ങൾ, അംഗങ്ങൾ 8.

Rev. Superior, Missionary Brother's Ashram,
Kuzhithurai P. O. (Via) Nagercoil.

B. താഴെപ്പറയുന്ന സഭകളിൽ വൈദികാർത്ഥികളേയും സഹോദരാർത്ഥികളേയും സ്വീകരിക്കുന്നതാണ്.

### 5. The Little Flower Congregation.

എറണാകുളം അതിരൂപതയിൽ സമുദായോദ്ധാരണം പ്രധാനലക്ഷ്യമാക്കി പ്രവർത്തനം നടത്തുന്നു. മൂക്കന്നൂർ, മത്തുങ്കൽ എന്നിവിടങ്ങളിൽ രണ്ടാശ്രമങ്ങളുണ്ട്. അംഗങ്ങൾ 29.

Very Rev. Superior General,
The L. F. Congregation, Mookanoor P. O.
(Via) Angamaly, Kerala State.

### 6. Vincentian Congregation.

ഫ്രഞ്ചുവിപ്ലവം മൂർദ്ധന്യത്തിലെത്തിയകാലം. കാലത്തിന്റെ കുത്തിയൊഴുക്കിൽപെട്ട് സാന്മാർഗ്ഗിക സാമ്പത്തികമൂല്യങ്ങൾ കളഞ്ഞുകുളിച്ച് വിവശരായ ജനതതിയെ കൈകൊട്ടുത്തുയർത്തുന്നതിന്, അദ്ധ്വാനിക്കുന്നവരും ക്ലേശം സഹിക്കുന്നവരുമായ മർത്ത്യഗണത്തിന് ആശ്വാസം പകർന്നുകൊടുക്കുന്നതിന്, അവരുടെ ഇടയിലേക്കു ഇറങ്ങിച്ചെന്ന ഒരു വന്ദ്യദേഹമാണ് വി. വിൻസെൻറു ഡീ പോൾ. പാവങ്ങളുടെ പിതാവ്, പരസ്നേഹസംരംഭങ്ങളുടെ സമാരംഭകൻ, ജീവകാരുണ്യപ്രവർത്തനങ്ങളുടെ സ്വർഗ്ഗീയമദ്ധ്യസ്ഥൻ, വനിതകളെ സേവനരംഗത്തിറക്കിയ മഹാത്മാവ്, വൈദികലോകത്തിന്റെ പരിഷ്കർത്താവ്, "ഉപവിയുടെ സഹോദരിസംഘ"ത്തിന്റെ സ്ഥാപകൻ എന്നീ നിലകളിൽ ലോകം മുഴുവന്റേയും ഭക്തിബഹുമാനാദരങ്ങൾ സമാർജ്ജിച്ച്, പതിനേഴാം നൂററാണ്ടിലെ സഭാമണ്ഡലത്തെ പരസ്നേഹത്തിന്റേയും ജീവകാരുണ്യപ്രവർത്തന

ത്തിൻേറയും ഭാസുരപ്രഭയാൽ പ്രശോഭിപ്പിച്ച ഒരു ദിവ്യജ്യോതിസ്സാണ് ഈ വിശുദ്ധൻ.

വി. വിൻസൻറ് ഡി പോൾ സ്ഥാപിച്ചതും ഇന്ന് അഗോളവ്യാപിയായി ബഹുമുഖങ്ങളായ അപ്പസ്തോലിക പ്രവൎത്തനങ്ങൾ പ്രശംസനീയമായി ചെയ്തുവരുന്നതുമായ ഒന്നാണ് വിൻസെൻഷ്യൻസഭ (Congregation of the mission or Lazarists). പ്രസ്തുത കോൺഗ്രിഗേഷൻെറ നിയമസംഹിതയും ആചാരാനുഷ്ഠാനങ്ങളും അനുസരിച്ച് കേരളത്തിൻേറതായി വളൎന്നുവരുന്ന ഒരു മിഷൻ സംഘടനയാണ് "വിൻസെൻഷ്യൻ കോൺഗ്രിഗേഷൻ". കാലംചെയ്ത സുഭഗസ്മരണാൎഹനായ മഹാവന്ദ്യ ദിവ്യശ്രീ കണ്ടത്തിൽ മാർ അഗ്ഗസ്റ്റീനോസ് തിരുമനസ്സുകൊണ്ടാണ് ഈ സഭാതരുവിനെ കേരളത്തിൽ നട്ടുപിടിപ്പിച്ചത്. വൈദികരും സഹോദരന്മാരും സഭാംഗങ്ങളിലുണ്ട്. അംഗങ്ങളുടെ പുണ്യപൂൎണ്ണതക്കൊപ്പം, ഗ്രാമീണരുടേയും അനാഗതരുടേയും ഇടയിൽ സുവിശേഷവേല നടത്തുക, ജീവിതസ്ഥിതിക്കനുയോജ്യമായ ജ്ഞാനവും പുണ്യവും സമ്പാദിക്കുന്നതിനു വൈദികരെ സഹായിക്കുക, വിദ്യാഭ്യാസപരവും പരസ്നേഹപരവുമായ സ്ഥാപനങ്ങൾ നടത്തുക എന്നിവ കോൺഗ്രിഗേഷൻെറ പ്രവൎത്തനപരിധിയിൽപെടുന്നു.

"ദരിദ്രരെ സുവിശേഷം അറിയിക്കുവാൻ അവൻ എന്നെ അഭിഷേകം ചെയ്തു". (ലൂക്കാ 4–18) ഇതാണ 'വിൻസെൻഷ്യൻ കോൺഗ്രിഗേഷ'ൻെറ മുദ്രാവാക്യം. ഇന്ന് കോൺഗ്രിഗേഷനിൽ 11 വൈദികരും 7 സഹോദരന്മാരും 23 ശെമ്മാശന്മാരും 26 പെററിസെമ്മിനാരിക്കാരുമുണ്ട്. തോട്ടകവും അങ്കമാലിയും പ്രധാനകേന്ദ്രങ്ങളാക്കി എറണാകുളം അതിരൂപതയിലും പുതിയ കോതമംഗലം രൂപതയിലും സഭാംഗങ്ങൾ പ്രവൎത്തിച്ചുവരുന്നു. സംഖ്യാപരിമിതി, സാമ്പത്തികവരൾച്ച മുതലായവ ഹേതുവാൽ കൗമാരാവസ്ഥയിൽപ്പോലും എത്താത്ത ഈ സഭക്ക് അതിൻെറ പ്രവൎത്തനങ്ങളിൽ പലതും തുടങ്ങിവെക്കുവാൻപോലും ഇതുവരെ സാധിച്ചിട്ടില്ലെന്ന് പറയേണ്ടിയിരിക്കുന്നു.

ഏതദ്ദേശീയ വൈദികരുടെ സംഖ്യ വൎദ്ധിപ്പിക്കുക, ഭാരതത്തെ സംബന്ധിച്ച് ഒരടിയന്തിരാവശ്യമായ ഈ അവസ

രത്തിൽ മിഷൻപ്രവർത്തനങ്ങൾക്കും ജീവകാരുണ്യപ്രവർത്തനങ്ങൾക്കും ഉദ്യുക്തമായ ഈ സഭയ്ക്കു് വളരെയധികം സാദ്ധ്യതകളുണ്ടു്. വിശ്വാസസംരക്ഷണത്തിനും വിശ്വാസപ്രചരണത്തിനും കേരളത്തിനകത്തും പുറത്തും ധാരാളം മിഷനറിമാർ ഒരു സംഘടനയുടെ കീഴിൽ ഉണ്ടായാൽ അസാദ്ധ്യമായ പല സംഗതികളും സുസാദ്ധ്യമാകുകയില്ലേ? വി. വിൻസെൻറിൻെറ സേവനസന്നദ്ധതയും സഹാനുഭൂതിയും സമാർജ്ജിച്ചു് സമസൃഷ്ടികളെ സേവിക്കുവാൻ, ആത്മാക്കൾക്കുവേണ്ടി വിയർത്തൊലിക്കുവാൻ നമ്മുടെ യുവത്തിടമ്പുകൾ കേരളത്തിൻെറ മിഷൻ സംഘമായ 'വിൻസെൻഷ്യൻ 'കോൺഗ്രിഗേഷനി'ൽ അണിനിരക്കുകയില്ലയോ? ഈ മിഷൻസഭ വിജയശ്രീലാളിതമായി മുന്നേറട്ടെ.

Very Rev. Fr. Superior General,
"Vincentian Congregation" Angamaly P. O.
Kerala State.

## 7. M. C. of the Blessed Sacrament.

ചങ്ങനാശ്ശേരി അതിരൂപതയിൽ 1933-ൽ ആരംഭിച്ചു. കാടഞ്ചിറയും, അതിരമ്പുഴയും, പാലാരൂപതയിൽ കരിമ്പാനിയിലും ആശ്രമങ്ങളുണ്ടു്. അംഗങ്ങൾ 34.

Very Rev. Superior General,
Kadanchira Ashram, Pallom P. O.
(Via) Kottayam, Kerala State.

## 8. Discalced Carmelites first Order. (O.C.D.)

'കർമ്മലഗിരി'യിൽ മുളച്ചുവളർന്ന 'കർമ്മലീത്താസഭ' പടർന്നു പന്തലിക്കയാണു്. 1657—ൽ കർമ്മലീത്തർ കേരളത്തിലും എത്തി. അവരുടെ പ്രവർത്തനത്താൽ കേരളസഭ പുരോഗതിയെ പ്രാപിച്ചു. 1902-ൽ ബെൽജിയം കർമ്മലിത്തർ, തിരുവനന്തപുരത്തു് 'പാങ്ങോട്ടു്' എന്ന സ്ഥലത്തു് ഇൻഡ്യാക്കാരായ വൈദികവിദ്യാർത്ഥികൾക്കായി ഒരു 'സന്യാസഭവനം' സ്ഥാപിച്ചു. 1928 മുതൽ ഇൻഡ്യാക്കാരേയും അംഗങ്ങളായി സ്വീക

രിച്ചുതുടങ്ങി. കർമ്മലീത്താ ഒന്നാംസഭയ്ക്കു് ലോകത്തിലാകെ 27 പ്രോവിൻസുകളും 315 ആശ്രമങ്ങളും, 4000-ൽപ്പരം അംഗങ്ങളുമുണ്ടു്.

1947-ൽ മലബാറിലുള്ള എല്ലാ കർമ്മലീത്താ ഒന്നാംസഭാശ്രമങ്ങളും ചേർത്തു് 'മലബാർ കർമ്മലീത്താപ്രോവിൻസു്' ആയി ഉയർത്തി. ഇപ്പോൾ ഈ പ്രോവിൻസിൽ തിരുവനന്തപുരം, തക്കല, വരാപ്പുഴ, എറണാകുളം എന്നിവിടങ്ങളിൽ ആശ്രമങ്ങളുമുണ്ടു്. ആകെ അംഗങ്ങൾ 81.

Very Rev. Fr. Provincial, Carmel Hill Monastery,
Trivandrum 1. Kerala State.

## 9. Discalced Carmelites, (O. C. D. M.)

കേരളത്തിലെ ലത്തീൻ അതിരൂപതയായ വരാപ്പുഴ, 'മഞ്ഞുമ്മേൽ' എന്ന സ്ഥലത്തു് 1874-ൽ ആരംഭിച്ചു. 1953-ൽ ഒന്നാംസഭയുടെ ഒരു മിഷനറി പ്രോവിൻസായി ഉയർത്തപ്പെട്ടു. ആലുവാ, കൊടുങ്ങല്ലൂർ, എറണാകുളം, ചോത്തന്നൂർ, പെരുമ്പടപ്പു്, കോലയാട്ടു്, മണലിക്കര എന്നീ ഏഴു ആശ്രമങ്ങളുണ്ടു്. വിദ്യാലയങ്ങൾ, ആശുപത്രികൾ, ആതുരാലയങ്ങൾ ഇവ നടത്തുന്നു. മഞ്ഞുമ്മേൽ മുദ്രാലയപ്രവർത്തനം ഈ സഭവകയായിട്ടാണു്. അംഗങ്ങൾ 82.

Very Rev. Fr. Provincial,
Carmelite Monastery, Manjummel P. O.
Udyogamandal, Kerala State.

## 10. Discalced Carmelites, Third Order.

കേരളസഭയുടെ അഭിവൃദ്ധി ലക്ഷ്യമാക്കി 1831-ൽ മാന്നാനത്തു സമാരംഭിച്ച ഈ സഭയുടെ പ്രവർത്തനം കേരളത്തിലെ മിക്ക രൂപതകളിലും, മലബാറിലും, വടക്കേ ഇന്ത്യയിലും ആയിരിക്കയാണു്. 1953-ൽ പ്രവർത്തനസൗകര്യാർത്ഥം മൂന്നു പ്രോവിൻസുകളായി തിരിച്ചു. 1955-ൽ സഭയുടെ ജൂബിലി ആഘോഷിക്കയുണ്ടായി. മൂന്നു പ്രോവിൻസിലുമായി 1956-ൽ ആകെ 25 ആശ്രമങ്ങളും, 16 ഉപസ്ഥാപനങ്ങളും, 317 വൈദികരും, 108 വൈദികവിദ്യാർത്ഥികളും, 70 നവസന്യാസി

കളും, 88 സഹോദരന്മാരും, 242 യോഗാർത്ഥികളും, 40 മിഷനറിമാരും ഈ സഭയിൽ ഉണ്ടായിരുന്നു. ഇടവകകൾ, മിഷൻകേന്ദ്രങ്ങൾ എന്നിങ്ങനെ 54; കോളേജുകൾ 3; വിദ്യാലയങ്ങൾ 22; എൻജിനീയറിംഗ് ഇൻസ്റ്റിട്ട്യൂട്ട്, ഹോസ്റ്റലുകൾ, ബോർഡിങ്ങുകൾ 16; മുദ്രാലയങ്ങൾ 5; പത്രമാസികകൾ 4; ഇവ വഴി വലിയ സേവനം ഈ സഭാംഗങ്ങൾ നടത്തുന്നുണ്ട്. പ്രതിവർഷം ധാരാളം യുവാക്കൾ ഈ സഭയിലേക്കു ചേരുന്നുണ്ട്.

Very Rev. Fr. Prior General T. O. C. D.
St. Joseph's Prior General's House,
Monastery Road, Ernakulam 1,
Kerala State.

## 11. St. Joseph's Province of T. O. C. D.

ഈ പ്രോവിൻസിന്റെ കേന്ദ്രം കോട്ടയത്താണ്, 11 ആശ്രമങ്ങൾ– മാന്നാനം, പുളിങ്കുന്ന്, മുത്തോലി, ചെത്തിപ്പുഴ, കുഴ്ലനാട്ട്, ചമ്പക്കുളം, പൂഞ്ഞാർ, മുട്ടാർ, മണിമല, പാലാ, അയിരൂർ, പുതുപ്പള്ളി, കോട്ടയം, തിരുവനന്തപുരം, കോഴിക്കോട്ട്, ആലപ്പുഴ, വാകക്കാട്ട്, അമനകര, കാഞ്ഞിരപ്പള്ളി, കൈനകരി എന്നീ ഉപസ്ഥാപനങ്ങളും. ചങ്ങനാശ്ശേരി, തിരുവനന്തപുരം, വിജയപുരം, ആലപ്പുഴ, തലശ്ശേരി എന്നീ രൂപതാതിരൂപതകളിലെ 23 മിഷൻ രംഗങ്ങളും ഈ പ്രോവിൻസിൽപ്പെടുന്നു.

Very Rev. Fr. Provincial T. O. C. D.
St. Joseph's Provincial House, P. B. No. 66
Kottayam, Kerala State.

## 12. Sacred Heart Province of T. O. C. D.

ഈ പ്രോവിൻസിന്റെ കേന്ദ്രം ആലുവായാണ്. വാഴക്കുളം, പള്ളിപ്പുറം, തേവര, കൂനമ്മാവ്, ആലുവാ, കമുകറി, കാളിയാർ, നീലീശ്വരം, കൊരണ്ടക്കാട്ട്, മുഹമ്മ, കൂത്താട്ടു

കളം എന്നി ആശ്രമങ്ങളും, വട്ടയാർ, വണ്ടിപ്പെരിയാർ, പൂത്ര ക്കാ എന്നീ മിഷൻസ്ഥലങ്ങളും ഈ പ്രോവിൻസിൽപ്പെടുന്നു.

Very Rev. Fr. Provincial T. O. C. D.
The Sacred Heart Provincial House,
Alwaye P. O. Kerala State.

## 13. Devamatha Province of T. O. C. D.

ഈ പ്രോവിൻസിന്റെ കേന്ദ്രം തൃശ്ശൂരാണ്. എൽത്തുരുത്ത്, അമ്പഴക്കാട്ട്, പാവർട്ടി, കടലുണ്ടി, തലോർ, കുന്നംകുളം, വരന്തരപ്പള്ളി, കൊടുങ്ങല്ലൂർ, പുല്ലൂർ എന്നീ ആശ്രമങ്ങളും, തലശ്ശേരിരൂപതയിലെ എടകര, പന്തല്ലൂർ, അങ്ങാടിപുരം എന്നീ മിഷൻ പള്ളികളും ഈ പ്രോവിൻസിൽപ്പെടുന്നു. പൂനായിൽ ഒരാശ്രമം ഉണ്ട്. അവിടെ സെമ്മിനാരിയും നടത്തുന്നു.

Very Rev. Fr. Provincial,
Devamatha Provincial House, Trichur P. O.
Kerala State.

## 14. Oblates of the Sacred Heart (O. S. H.)

'തിരുഹൃദയദാസസമൂഹം' എന്ന ഈ സഭ 1921-ൽ കോട്ടയം രൂപതയിൽ സ്ഥാപിതമായി. രൂപതയുടെ പല പള്ളികളുടേയും മിഷൻ സ്ഥലങ്ങളുടേയും ഭരണം നടത്തുന്നു. ഇപ്പോൾ വൈദികരും, സഹോദരന്മാരുമായി അംഗങ്ങൾ 30.

Very Rev. Superior, O. S. H.,
Sacred Heart Mount, Kottayam P. O.
Kerala State.

## 15. Malabar Missionary Union.

കേരളത്തെ പ്രേഷിതപ്രബുദ്ധമാക്കുവാനും, ഭാരതമാനസാന്തരം സുസാദ്ധ്യമാക്കുവാനും ഏതാനും ഇടവകവൈദികരും വൈദികവിദ്യാർത്ഥികളുംകൂടി 1948-ൽ തൃശ്ശൂർ രൂപതയിൽ 'തോപ്പിൽ' സമാരംഭിച്ച ഒരു മിഷൻസംരംഭം വളന്നതാ

ണിത്. 1950-ൽ മരിയാപുരത്ത് യൂണിയൻഭവനം സ്ഥാപിതമായി. കപ്പൂച്ചിൻ വൈദികരുടെ ശിക്ഷണത്തിൽ ഒരു 'ഫ്രാൻസിസ്കൻ മൂന്നാംസഭാസന്യാസസഹോദരസംഘം' യൂണിയന്റെ വിഭാഗമായി തോപ്പിൽ നടത്തിവരുന്നു. ഏതാനും സഹോദരന്മാർ നെല്ലൂർ രൂപതയിൽ മിഷൻ പ്രവർത്തനത്തിൽ വൈദികരെ സഹായിക്കുന്നു. 'കമ്മ്യൂണിസ്റ്റു വിരുദ്ധമുന്നണി' പ്രസ്ഥാനം യൂണിയൻ അംഗങ്ങളാൽ സമാരംഭിച്ചതാണ്. മരിയാപുരത്ത് പ്രസ്സ്, തൃശ്ശൂർ പട്ടണത്തിലുള്ള 'തൊഴിലാളി ദിനപ്പത്രം' ഇരിങ്ങാലക്കുടയുള്ള 'ദൈവപരിപാലനാ ഭവനം' തുടങ്ങിയവ യൂണിയന്റെ മേൽനോട്ടത്തിലാണ്. വൈദികരും വൈദികവിദ്യാർത്ഥികളുമായി 40-ം സഹോദരസംഘത്തിൽ 36-ം അംഗങ്ങളുണ്ട്.

Very Rev. Fr. Superior, Mission Home,
Mariyapuram, Ollur P. O., Kerala State.

## 16. Franciscans Friars Minor (O.F.M.)

കൊച്ചിരൂപതയിൽ പള്ളുരുത്തിയിൽ ഫ്രാൻസിസ്കൻ സഭാംഗങ്ങൾ പ്രവർത്തനം നടത്തുന്നുണ്ട്. സാമൂഹ്യസേവനം, മിഷൻപ്രവർത്തനം, ധ്യാനപ്രസംഗം ഇവ പ്രധാന ജോലികളാണ്. കുട്ടികൾക്കായി പ്രത്യേകം ഒരു സംഘടന നടത്തുന്നുണ്ട്.

Very Rev. Superior, St. Francis Friary,
Palluruthy P. O., Cochin 5., Kerala State.

## 17. Franciscans Friars Minor, Capuchins. (O. F. M. Cap.)

വി. ഫ്രാൻസിസ് അസ്സീസിയാണ് ഈ സഭയുടെ സ്ഥാപകൻ. ഫ്രാൻസിസ്കൻ സഭയ്ക്ക് ഒന്നും, രണ്ടും, മൂന്നും വിഭാഗങ്ങളുണ്ട്. വി. ക്ലാരയുടെ നേതൃത്വത്തിൽ സ്ത്രീകൾക്കായും ഒരു വിഭാഗം ഉണ്ടായി. ഒന്നാം സഭയ്ക്ക് വീണ്ടും മൂന്നു ശാഖകളുണ്ടായി. അതിൽ ഒന്നാണ് കപ്പൂച്ചിൻ സഭ. 1528-ൽ തിരുസ്സഭ അംഗീകരിച്ചു. 'കപ്പൂച്ച്' എന്ന വസ്ത്രത്തിന്റെ നാമത്താലാണ് സഭാംഗങ്ങൾക്ക് ഈ പേരുണ്ടായത്. 65 പ്രോ

വിൻസുകളും, 45 മിഷൻ രംഗങ്ങളും, 1112 ആശ്രമങ്ങളും 14644 സന്യാസികളും 1107 കപ്പൂച്ചിൻ മിഷനറിമാരും ലോകമെങ്ങും ആയിട്ടുണ്ട്.

കപ്പൂച്ചിൻ സഭാംഗങ്ങളുടെ ധ്യാനപ്രസംഗങ്ങളും മററും കേരളീയക്കജ്ഞാതമല്ലല്ലോ. തൃശ്ശൂർ, ഭരണങ്ങാനം, കൊല്ലം എന്നിവിടങ്ങളിൽ കേരളത്തിൽ ആശ്രമങ്ങളുണ്ട്. വൈദികാത്ഥികൾക്ക് മൂന്നുവഷത്തെ ലത്തീൻപഠനം കോയമ്പത്തൂരും, അതിൻെറശേഷം ഒരുവഷത്തെ നോവിസ്യാത്ത് മംഗലാപുരത്തും, തുടന്നുള്ള മൂന്നുവർഷത്തെ തത്വശാസ്ത്രപഠനം കൊല്ലത്തും, അവസാനത്തെ നാലുവഷത്തെ ദൈവശാസ്ത്രപഠനം കോട്ടഗിരിയിലുമാണ്.

മീററ്, അജ്മീർ, അഗ്ര, ഗോരാക്പൂർ, ജാൻസി, ജല്ലന്തർ, ലാഹോർ, ലക്നൗ മുതലായ രൂപതകളിൽ കേരളത്തിനു പുറത്ത് കപ്പൂച്ചിൻ സന്യാസികൾ പ്രശസ്തമായ മിഷൻവേല ചെയ്യുന്നുണ്ട്. ഇന്ത്യാക്കാക്കായുള്ള കപ്പൂച്ചിൻ പ്രോവിൻസിൽ കേരളത്തിലുള്ള ആശ്രമങ്ങൾക്കുടാതെ മംഗലാപുരത്ത് രണ്ടും ഗോവാ, ബോംബെ, ശ്രീരംഗം, കോട്ടഗിരി, കുംഭകോണം, കോയമ്പത്തൂർ എന്നീ എട്ടു ആശ്രമങ്ങൾക്കൂടിയുണ്ട്. ഈ പ്രോവിൻസിൽ 98 വൈദികരും, 49 വൈദികവിദ്യാത്ഥികളും, 60 സഹോദരന്മാരും, 11 ആശ്രമങ്ങളും ഉണ്ട്. ഈ സഭയുടെ പ്രൊവിൻഷ്യലിൻെറ ആസ്ഥാനം കോയമ്പത്തൂരാണ്. കേരളത്തിലോ, ഇന്ത്യയിലെ മററു രൂപതകളിലോ ഈ സഭാംഗമായി പ്രവത്തനം നടത്തി വി. അസ്സീസിയുടെ ചൈതന്യം ലോകത്തിനു നൽകി മിഷൻസേവനനിരതരാകുവാൻ ആഗ്രഹിക്കുന്നവർ കപ്പൂച്ചിൻസഭയിലേക്കു മുന്നോട്ടെ!

a) Very Rev. Fr. Provincial, (O. F. M. Cap.)
Shanti Ashram, Gandhipuram,
Coimbatore North.

b) Very Rev. Fr. Superior, O. F. M. Cap.,
Assisi Friary, Bharananganam P. O.
Kerala State.

## 18. Order of the Imitation of Christ.

1919-ൽ ഭാഗ്യസ്മരണാർഹനായ മാർ ഇവാനിയോസ് മെത്രാപ്പോലീത്താ തിരുമേനി ഈ സഭ സ്ഥാപിച്ചു. പുനരൈക്യപ്രസ്ഥാനരംഗങ്ങളിൽ സേവനം, സ്വയവിശുദ്ധീകരണം ഇവ പ്രധാനലക്ഷ്യം. 19 വൈദികരും, 9 വൈദികവിദ്യാർത്ഥികളും 5 തുണസഹോദരന്മാരും, 14 യോഗാർത്ഥികളും തിരുവനന്തപുരം അതിരൂപത, തിരുവല്ലാ എന്നീ രൂപതകളിലുള്ള ആശ്രമങ്ങളിലുണ്ട്.

### Bethany Asram. (തിരുവനന്തപുരം)

നാലാഞ്ചിറ, ചെങ്ങന്നൂർ, കററാനം എന്നീ മൂന്നാശ്രമങ്ങൾ. അംഗങ്ങൾ 28.

Very Rev. Superior General,
Bethany Asram, Nalamchira, Trivandrum 4.
Kerala State.

## 19. Holy Redeemer's Bethany Asram (തിരുവല്ലാ)

തിരുവല്ലാ, വെണ്ണിക്കുളം എന്നീ രണ്ടാശ്രമങ്ങൾ. അംഗങ്ങൾ—വൈദികർ 5, സഹോദരൻ 1, യോഗാർത്ഥികൾ 12.

Very Rev. Fr. Superior O. I. C.
Holy Redeemer's Bethany Asram,
Thiruvalla P. O. Kerala State.

## 2. കേരളത്തിനു പുറമെയുള്ള സന്യാസസഭകൾ

### A സഹോദരന്മാർക്കുമാത്രം

## 20. Irish Christian Brothers.

150-ൽപ്പരം വർഷങ്ങൾക്കു മുമ്പ് ഐർലണ്ടിൽ സ്ഥാപിതമായി. വിദ്യാലയപ്രവർത്തനം പ്രധാനജോലി. ഇംഗ്ലണ്ട്, അമേരിക്ക, ആസ്ത്രേലിയാ, ആഫ്രിക്കാ, ഇററലി, ഐർലണ്ട്,

ഇന്ത്യാ എന്നീ രാജ്യങ്ങളിൽ സേവനം നടത്തുന്നുണ്ട്. ലോകത്തിലാകെ 2300–ൽപ്പരവും, ഇന്ത്യയിൽ 104 അംഗങ്ങളുമുണ്ട്. കൊല്ലത്തു് സെൻറ് അലോഷ്യസ് ഹൈസ്കൂൾ ഈ സഹോദര സംഘങ്ങളുടെ മേൽനോട്ടത്തിലാണ്. കൽക്കട്ടാ, ആസ്സാം, ബംഗാൾ, പാററ്നാ, സിംലാ, ഡെൽഹി, ബോംബെ, കൊല്ലം ഇവ ഇൻഡ്യയിലെ പ്രവൎത്തനരംഗങ്ങളാണ്. കൽക്കട്ടാ, ഷില്ലോംഗ്, നൈനി (U. P.) എന്നിവിടങ്ങളിൽ കോളേജ് നടത്തുന്നുണ്ട്.

Very Rev. Provincial, 69 Bow Bazar Street,
Calcutta 12.

## 21. Missionary Brothers of St. Francis of Assisi.

ജൎമ്മൻകാരായ മിഷനറിമാർ 1895–ൽ ബോംബെയിൽ 'മൗണ്ട് പൊയിൻസർ' എന്ന സ്ഥലത്തു് സ്ഥാപിച്ചു. ഇററലി, ജൎമ്മനി, സ്വിററ്സർലണ്ട് എന്നിവിടങ്ങളിൽ വിദേശങ്ങളിലും ആഗ്രാ, അലഹബാദ്, ബാങ്ക്ളൂർ, തിരുവനന്തപുരം, ആലപ്പുഴ, കോട്ടാർ തുടങ്ങി ഇന്ത്യയിൽ പന്ത്രണ്ടോളം രൂപതകളിൽ മിഷനറിസേവനം നടത്തുന്നു. അംഗങ്ങൾ 111. കേരളീയർ നാല്പതോളമുണ്ട്.

Very Rev. Br. Superior General,
Mount Poinsur,
Borivli P. O., Bombay.

## 22. Brothers of St. Gabriel (O. S. G.)

ഫ്രാൻസിൽ 18–ാം നൂററാണ്ടിൽ സമാരംഭിച്ചു. അദ്ധ്യാപനം പ്രധാന പ്രവൎത്തനം. അമേരിക്ക, ബൽജിയം, സ്പെയിൻ, ഇററലി, ഇംഗ്ലണ്ട്, ഇന്ത്യ, സയാം, ആഫ്റിക്കാ എന്നിവിടങ്ങളിലെല്ലാം പ്രവൎത്തനമുണ്ട്. 1953–മുതൽ ഇന്ത്യയിൽ പ്രവൎത്തനം തുടങ്ങി. ഏക്കാട്, കുന്നൂർ, ഉട്ടക്കമണ്ട്, സെക്കന്തറാബാദ്, ഹൈദ്രബാദ്, മീററു്, വാറങ്കൽ, മദ്രാ

സ്, റാഞ്ചി എന്നിവിടങ്ങളിൽ പ്രവത്തനമുണ്ട്. ഇന്ത്യയിൽ അംഗങ്ങൾ 130. ഭൂരിപക്ഷവും മലയാളികളാണ്.

a) Very Rev. Br. Provincial,
Novitiate of the Sacred Heart, Eachinadu,
Yercaud, Salem Dt.

b) Rev. Br. Stanislaus,
St. Gabriel's High School,
Kazipet, Deccan.

## 23. Brothers of St. Michael.

കോയമ്പത്തൂർ രൂപതയിൽ സ്ഥാപിതമായി. മിഷൻ പ്രവത്തനം, അദ്ധ്യാപനം, സാമൂഹ്യ സേവനം ഇവ പ്രധാന പ്രവത്തനങ്ങൾ. കരുമത്താംപടി, ധാറാപുരം, സേലം എന്നീ ആശ്രമങ്ങളുണ്ട്. അംഗങ്ങൾ 22.

Rev. Br. Superior General,
Brothers of St. Michæl,
C/o Bishop's House, Coimbatore.

## 24. Olivet Brothers (O. C.)

മംഗലാപുരം രൂപതയിൽ 1934-ൽ ആരംഭിച്ചു. കാൻകനാഡി, ഉടിപ്പി, കൊടിയബയിൻ, ബൽത്താൻഗാഡി എന്നീ അഞ്ചു ആശ്രമങ്ങളുണ്ട് സൗത്തുകാനറായിൽത്തന്നെ. അംഗങ്ങൾ 13.

Very Rev. Bro. Superior General,
Olivet House Jepoo,
Mangalore 2., S. Kanara.

## 25. Brothers of St. Patrick.

ഇന്ത്യാ, പാക്കിസ്ഥാൻ, അയർലണ്ട്, ആസ്ത്രേലിയാ, അമേരിക്ക എന്നീ രാജ്യങ്ങളിൽ സ്കൂളുകളും കോളേജുകളും നടത്തുന്നുണ്ട്. അയർലണ്ടിലാണ് ആരംഭിച്ചതു്. ഇന്ത്യയിൽ

പ്രവർത്തനം തുടങ്ങിയിട്ട് ഏതാനും വർഷങ്ങളേയായിട്ടുള്ളു. ഇന്ത്യയിൽ മദ്രാസ്, കന്നൂർ, മീററ്റ് എന്നിവിടങ്ങളിൽ പ്രവർത്തനമുണ്ട്. അംഗങ്ങൾ ഇന്ത്യയിൽ 31.

a) Very Rev. Br. Provincial,
St. George's College, Barlowganj P. O.
Mussoorie, U. P.

b) Rev. Br. Superior,
St. Patrick's Juniorate, Villa Santa Cruz,
Wellington Town P. O., Nilgiris.

B. താഴെപ്പറയുന്ന സഭകളിൽ സഹോദരാർത്ഥികളേയും വൈദികാർത്ഥികളേയും സ്വീകരിക്കുന്നതാണ്.

**26. Benedictines (O. S. B.)** (സേലം)

ഏതാനും കേരളീയവൈദികരാൽ സേലത്ത് സമാരംഭിച്ചു. ചങ്ങനാശ്ശേരി, പാലാരൂപതക്കാരായ പത്തോളം അംഗങ്ങളുണ്ട്. ലോകത്തിന്റെ നാനാഭാഗങ്ങളിലായി പന്തീരായിരത്തോളം അംഗങ്ങളും.

Very Rev. Fr. Prior O. S. B.
Siluvaigiri Ashram, Sendarapetty P. O.
Salem Dt.

**27. Canons Regular.** (Premonstratensians)

ഹോളണ്ടിൽ സമാരംഭിച്ച ഈ സഭയുടെ അംഗങ്ങൾ ഇന്ത്യയിൽ ജബൽപ്പൂർ രൂപതയിൽ പ്രവർത്തനം തുടങ്ങി. വൈദികർ 30. തുണസഹോദരന്മാർ 5.

Very Rev. Fr. Superior O. P.,
23 Napier Town, Jabalpur.

**28. Society of the Divine Word (S. V. D.)**

1875-ൽ ഹോളണ്ടിൽ സ്ഥാപിതമായി. അമേരിക്ക, ഐർലണ്ട്, ഓസ്ത്രിയാ, ജപ്പാൻ, ഇന്ത്യാ, ഈസ്റ്റിൻഡീസ്,

സ്പെയിൻ തുടങ്ങിയ എല്ലാ രാജ്യങ്ങളിലും പ്രവൎത്തനമുണ്ട്. അനേകം വൈദികരും വൈദികമേലദ്ധ്യക്ഷന്മാരും ഈ സഭയിൽ അംഗങ്ങളായുണ്ട്. 1932-ൽ ഇന്ത്യയിൽ പ്രവൎത്തനം— ഇൻഡോർ, സാംബൽപ്പൂർ രൂപതകളിൽ ഇൻഡ്യാക്കാരായി 70-ഓളം അംഗങ്ങളുണ്ട്. ഭൂരിപക്ഷവും 'കേരളീയർതന്നെ. ഇൻഡോറിൽ 40. സാംബൽപ്പൂരിൽ 26 മാത്രം. കുറവിനെ പരിഹരിക്കുക.

a) ഇൻഡോർ.

Very Rev. Fr. Superior S. V. D.
Catholic Ashram, Palda,
Indore-G. P. O., M. B.

b) സാംബൽപ്പൂർ.

Very Rev. Fr. Superior S. V. D.
Catholic Ashram, Kalunga P. O.
E. Ry., Orissa.

29 Foreign Mission of Paris.

പാരീസ്‌മിഷൻ സഭാംഗങ്ങൾ ബാംങ്ക്ളൂർ, പോണ്ടിച്ചേരി, കൂടല്ലൂർ, മൈസൂർ, ഉട്ടക്കമണ്ട്, സേലം എന്നീ രൂപതാതിരൂപതകളിൽ സേവനം നടത്തുന്നു. അംഗങ്ങൾ 108.

Very Rev. Fr. Superior,
St. Theodore's Sanatorium,
Wellington Barracks P. O., Nilgiri Hills.

30. Franciscans, Friars Minor (O. F. M.)

ചിറ്റൂർ, ബാങ്ക്ളൂർ, ബല്ലാറി, ബോംബെ, മദ്രാസ് എന്നിവിടങ്ങളിൽ പ്രവൎത്തനം നടത്തുന്നു. അംഗങ്ങൾ 50.

കേരളത്തിൽ, കൊച്ചിയിൽ പള്ളുരുത്തിയിൽ പ്രവർത്തനമുണ്ട്.

a) Very Rev. Fr. Superior,
St. Anthony's Friary, S. G. Palaya P. O.
Bangalore 2.

b) Very Rev. Fr. Superior,
St. Sebastians Friary, Madaveram,
(Via) Perambur, Madras 11.

## 31. Franciscans, Friars Minor, Capuchins.

ആജ്മീർ, ആഗ്ര, ഗോരാക്പൂർ, ജാൻസി, ജലന്തർ, ലക്നൗ, ലാഹോർ, മീററ്റ് തുടങ്ങിയ രൂപതകളിൽ സേവനം നടത്തുന്നു. കേരളത്തിൽ തൃശൂർ, ഭരണങ്ങാനം, കൊല്ലം എന്നീ ആശ്രമങ്ങളുണ്ട്. കൂടാതെ മംഗലാപുരം, ബോംബെ, ശ്രീരംഗം, കോട്ടഗിരി, കുംഭകോണം, കോയമ്പത്തൂർ എന്നീ ആശ്രമങ്ങളും ഇന്ത്യയിൽ. അംഗങ്ങൾ വൈദികർ 98. വൈദികവിദ്യാർത്ഥികൾ 49. തുണസഹോദരന്മാർ 60.

Very Rev. Fr. Commissary Provincial O.F.M.Cap.
Shanti Ashram, Gandhipuram,
Coimbatore, S. India.

## 32. Missionaries of St. Francis of Sales.

ഫ്രാൻസിൽനിന്നും വന്ന മിഷനറിമാർ വിശാഖപട്ടണം രൂപതയിൽ ഒരു ശാഖ സ്ഥാപിച്ചു. ഇപ്പോൾ വിശാഖപട്ടണം, നാഗപ്പൂർ, അമരാവതി എന്നീ രൂപതകളിൽ പ്രധാനമായി മിഷൻ സേവനം നടത്തുന്നു. കേരളത്തിൽ കോട്ടയത്ത് പ്രവർത്തനമുണ്ട്. കേരളത്തിൽനിന്നും 1927-മുതൽ അംഗങ്ങളെ ഈ സഭയിൽ സ്വീകരിച്ചുതുടങ്ങി. പാലാ മിഷൻഹോമിൽ ധാരാളം അംഗങ്ങളെ സ്വീകരിച്ചു പ്രാരംഭപരിശീലനം നൽകുന്നുണ്ട്.



റെയിഗർ-അംബികപ്പൂർ, റാഞ്ചി വൈദിക മേലദ്ധ്യക്ഷന്മാരും വൈദികരും. മദ്ധ്യത്തിൽ റാഞ്ചി രൂപതാദ്ധ്യക്ഷൻെറ മാതാവ്.



ബല്ലാരിരൂപതയിലെ മിഷൻഗ്രാമപര്യടനത്തിനായി മിഷനറിമാർ പോകുന്ന ഒരു രംഗം. കൂടെയുള്ളത് മിഷനറി വൈദികനെ പ്രവത്തനങ്ങളിൽ സഹായിക്കുന്ന ഉപദേശികളാണ്.



ആജ്മീർ രൂപത
ിൽ 1906-മുതൽ പ്ര
ത്തനം നടത്തുന്ന ‘‘പ്ര
ദാസികൾ’’ എന്ന സ
യിലെ ഏതാനും കേര
ീയ കന്യാസ്ത്രീകളും
വർ അനാഥശാല
ിൽ വളർത്തുന്ന കുട്ടി
ളും.

a) **വിശാഖപട്ടണം രൂപതയിൽ** 64 അംഗങ്ങൾ പ്രവർത്തനം നടത്തുന്നുണ്ട്.

Very Rev. Fr. Superior, M. S. F. S.,
St. Ann's Cathedral, Visakhapatnam 1.

b) **നാഗപ്പൂർരൂപതയിൽ** അംഗങ്ങൾ 82.

Very Rev. Fr. Superior, M. S. F. S.,
St. John's High School, Nagpur 1. M. P.

c) **അമരാവതിരൂപതയിൽ** ഈ സഭാംഗങ്ങൾ പ്രവർത്തനം ആരംഭിച്ചിരിക്കയാണ്. ഈ രൂപതയിൽ പ്രവർത്തനത്തിനായി 11 വൈദികരും, 3 സഹോദരന്മാരും മാത്രമെ ഈ സഭാംഗങ്ങളായുള്ളു. കുറവിനെ പരിഹരിക്കുക.

Very Rev. Fr. Superior, M. S. F. S.,
C/o Bishop's House,
Amaravati Camp. P. O. (Berar)

## 33. Third Order Regular of St. Francis.

1938 മുതൽ ബീഹാർ, ഒറീസ്സാ, കൽക്കട്ടാ, ഡിനാജ്പൂർ, റാഞ്ചി എന്നിവിടങ്ങളിൽ മിഷൻ പ്രവർത്തനം നടത്തുന്നു. അംഗങ്ങൾ, വൈദികർ 14. വൈദികവിദ്യാർത്ഥികൾ 12. സഹോദരന്മാർ 7. അർത്ഥികൾ 9. കേരളീയർ അംഗങ്ങളുണ്ട്.

Very Rev. Fr. Provincial, T. O. R.
St. Francis Church, Gokhla,
Mirzachowki P. O., Bhagalpur Dt.

## 34. Congregation of Holy Cross (C. S. C.)

അമേരിക്കയിൽനിന്നും വന്ന അംഗങ്ങൾ 'ഹാഫ്ലോംഗ്' (അസ്സാം) പ്രീഫെക്ച്ചറിൽ പ്രവർത്തനം നടത്തുന്നു.

